അന്യേ ഇതിവദന്തി—മറ്റുചിലർ ഇങ്ങിനെ ഏകാഗ്രളത്തിന്നു അപവാദം ചൊല്ലുന്നോർ. ബലിനൌ ശുഭവർഗ്ഗഗതൌ ശുഭഗ്രഹൈഃ ദൃഷ്ടൌ രവിശശിനൌ ഏകാഗ്രള ദോഷഹരൌ—ബലത്തോടുകൂടി ശുഭഗ്രഹങ്ങളുടെ വർഗ്ഗത്തിന്മേൽ നിന്ന ശുഭഗ്രഹത്തിനോടെ ദൃഷ്ടിയോടുംകൂടി ഇരിക്കുന്ന രവിരാശികൾ ഏകാർഗ്ഗളദോഷത്തെക്കളവർ. സ്വവർഗ്ഗൌവാ—എന്നിയെ ബലവത്തുക്കളായി തന്നുടെ തന്നുടെ വർഗ്ഗത്തിന്മേൽ നില്പുമുള്ള ചെയ്ത ശുഭഗ്രഹത്തിനുടെ ദൃഷ്ടിയോടുകൂടി ഇരിക്കുന്ന ചന്ദ്രാക്ക്മാർ ഏകാർഗ്ഗള ദോഷത്തെ ഹരിപ്പർ. എന്നിങ്ങിനെ കേഷാംചിൽ പക്ഷം.

23 സ്വസ്വാമിജീവശശിജൈ സ്സഹിതം വിലഗ്നം
ദൃഷ്ടംതുവാഹരതി ശൂന്യവിഷാദി ദോഷാൻ

സ്വസ്വാമിജീവശശിജൈഃ സഹിതം ലഗ്നം ശൂന്യവിഷാദിദോഷാൻ ഹരതി—ലഗ്നാധിപതിയോടുതാൻ ബൃഹസ്പതിയോടുതാൻ ബുധനോടുകൂടി താൻ ഇരിക്കുന്ന മുഹൂർത്തലഗ്നം ശൂന്യമാസത്തിനുടേയും ശൂന്യനക്ഷത്രത്തിനുടേയും ശൂന്യതിഥിയുടേയും ശൂന്യരാശികളുടേയും ദോഷത്തെ ഹരിക്കും. ദൃഷ്ടം തുവാ—ലഗ്നാധിപതിയുടെ താൻ ബൃഹസ്പതിയുടെ താൻ ബുധനുടെ താൻ ദൃഷ്ടിയോടുകൂടി ഇരിക്കുന്ന മുഹൂർത്തലഗ്നം നുടെ ചൊല്ലിയ ശൂന്യവിഷാദിയോഗങ്ങളെ ഹരിക്കും. "കേന്ദ്രത്രികോണഗൃഹഗഃ ബലവാൻ ശുഭേചന്ദ്രമാസർക്ഷരാശി തിഥിശൂന്യ ഭയാപ

ഫാരി—മുഹൂർത്തലഗ്നത്തിനു കേന്ദ്രത്തിൽ താൻ ത്രികോണത്തിൽ താൻ ബലവാനായിരിപ്പോര ശുഭഗ്രഹമുണ്ടാകിൽ ശൂന്യമാസത്തിനും ശൂന്യനക്ഷത്രത്തിനും ശൂന്യരാശിക്കും ദോഷമില്ല.

29 ഭാസപന്മന്ദാചായ്യുദ്യൈർമൈർഗ്രഹംയ
ദ്ദശംഭ്രേയസ്തൽ പ്രയാതിസപ്തഭാവം
മാസാദബ്ദാദപത്സരാദ്ധാത്തദർശാ
രാഹുസ്പാതാസ്തഹവാദ്യൈശ്ചദുഷ്ടം

ഭാസപന്മന്ദാചായ്യുദ്യൈർമൈഃ യദ്ഗ്രഹംദശം തൽമാസാൽ അബ്ദാൽ വത്സരാദ്ധാൽ സപ്തഭാവം പ്രയാതി—ആദിത്യനും ശനിയും ഭൂമിയും കുജനും നിന്നിട്ട യാതൊരു രാശി ദശമായിരിക്കുന്നതു് അതു ക്രമത്താലെ മാസം തികയുമ്പോഴും വത്സരം തികയുമ്പോഴും ആറുമാസം തികയുമ്പോഴും മൂന്നുമാസം തിയുമ്പോഴും സപ്തഭാവത്തെ പിന്നേയും പ്രാപിക്കുന്നു.

ആദിത്യൻ പിന്നിലിട്ട രാശിക്കു് മാസം തികയുമ്പോൾ ബലമുണ്ടാം, ശനിപിന്നിലിട്ട രാശിക്കു സംവത്സരം കഴിയുമ്പോൾ ബലമുണ്ടാം ബൃഹസ്പതി പിന്നിട്ട രാശിക്കു് ആറുമാസം കഴിയുമ്പോൾ ബലമുണ്ടാം കുജൻ പിന്നിലിട്ട രാശിക്കു് മൂന്നുമാസം കഴിയുമ്പോൾ ബലമുണ്ടാം. രാഹുസ്പാതാസ്തഹവാദ്യൈശ്ച ദുഷ്ടംയൽ ഗ്രഹംതൽമാസാൽ അബ്ദാൽ വത്സരാദ്ധാൽ തദർദ്ധാൽഭ്രേയഃ സപ്തഭാവം പ്രയാതി—യാതൊരു രാശി രാഹു പിന്നിട്ടത അതു മുപ്പതു ദിവസം കഴിയുമ്പോൾ ബലമുണ്ടാം. യാതൊരു രാശിയിങ്കൽ ഉൽക്കാപാതം തുടങ്ങിയുള്ള ദുർന്നിമിത്തങ്ങളുണ്ടാകുന്നു. അതിനു സംവത്സരം കഴിയുമ്പോൾ ബലമുണ്ടാം. യാതൊരു രാശിയിൽ ഗ്രഹങ്ങളുടെ അസ്തമുണ്ടാകുന്നു. അതിനു ആറുമാസം കഴിയുമ്പോൾ ബലമുണ്ടാം. യാതൊരു രാശിയിൽ ഗ്രഹങ്ങളുടെ യുദ്ധം തുടങ്ങിയുള്ള ഉൽപാതങ്ങളുണ്ടാകുന്നു അതിനു മൂന്നു മാസം കഴിയുമ്പോൾ ബലമുണ്ടാം.

30 ദശംയദ്ഭക്ഷം ഖചരേണഭ്രേയ
ശുക്രാംശയോഗാ ദുപബൃംഹിതേതൽ
തപാവസാനേ വനമുഷ്ണഭാസാ
തപ്തംയഥാദ്യംബു നിപാതയോഗാൽ

യൽ ഭീ ക്ഷംഖചരേണ ദശംതൽ ഭ്രേയഃ ശുക്രാംശയോഗാൽ ഉപബൃംഹതേ—യാതൊരു രാശിഗ്രഹങ്ങൾ പിന്നിട്ട ദശമായതു, അതപിന്നെ

യും ശുക്രാംശയോഗംകൊണ്ട് വർദ്ധിക്കുന്നു. തപാവസാനേ ഉഷ്ണ ഭാസാ തപ്തം വനം ആദ്യം ബുനിപാതയോഗാൽ യഥാ—ഗ്രീഷ്മകാലാവസാന ത്തിങ്കൽ അത്യന്തം ക്രൂരനായിരിക്കുന്ന ആദിത്യന്റെ രശ്മികളാൽ ചുടപ്പെ ട്ട ശുഷ്കമായിരിക്കുന്ന വതംവഷ്ടാദിയിങ്കലെ പരിഷിക്തജലംകൊണ്ട് യാതൊരു പ്രകാരം ഉച്ഛ്വസിപ്പു. അവ്വണ്ണം ഭഗ്ശരാശിക്കും ശുക്രാംശയോ ഗംകൊണ്ട് ബലമുണ്ടാം. ഭഗ്ശരാശിയിൽ ഇടവക്കാലും തുലാക്കാലും കൊള്ളാമെന്നർത്ഥം. ശുക്രപ്രവേശംകൊണ്ടുമിങ്ങിനേ.

31 ഋക്ഷസ്യഭഗ്ശസ്യച ദാഹകസ്യ
ഗ്രഹസ്യമദ്ധ്യേവിചരൻ ഹിമാംശുഃ
വ്യപോഹ്യപീഡാം മഭിരക്ഷതീദം
ബലീവഹീനം ബലിനോപരുദ്ധാം

ഭഗ്ശസ്യ ഋക്ഷസ്യ ദാഹകസ്യ ഗ്രഹസ്യച, മദ്ധ്യേ വിചരൻ ഹി മാംശുഃ പീഡാംവ്യപോഹ്യ ഇദം അഭിരക്ഷതി—ഭഗ്ശരാശിയുടേയും ദഹിപ്പിച്ച ഗ്രഹത്തിനുടേയും നടുവേ നില്ക്കുന്ന ചന്ദ്രൻ പീഡയെക്കള ഞ്ഞു ഭഗ്ശരാശിയെ രക്ഷിക്കുന്നോൽ, ഭഗ്ശരാശി ചന്ദ്രൻ ചെന്നാൽ ശുഭമാം എന്നർത്ഥം, ബലിനാ ഉപരുദ്ധാം ഹീനം ബലീ ഇവ—ശക്ത നായിരിക്കുന്നവൻ ഉപദ്രവിച്ച ഹീനനായിരിക്കുന്നവനെ മറൊരു ശക്തിമാൻ രക്ഷിക്കുമ്പോലെ.

32 യഃ കുരുതേയംദോഷം ഗ്രഹസ്വതുംഗേസ്ഥിതസ്സ്വവർഗ്ഗേവാ
സൌമ്യഗ്രഹേണദൃഷ്ടസ്സ ഏവതം ദോഷമപഹരതി

യഃ ഗ്രഹഃ യംദോഷംകുരുതേ, സ്വതുംഗേസ്വവർഗ്ഗേവാസൌമ്യഗ്ര ഹേണദൃഷ്ടഃ സ്ഥിതഃ സഏവതം ദോഷമപഹരതി—യാതൊരു ഗ്രഹം യാ തൊരു ദോഷത്തെ ഉണ്ടാക്കുന്നു, തന്നുടെ ഉച്ചത്തിൽ താൻ തന്നുടെ വർഗ്ഗ ത്തിൽ താൻ നിന്ന ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടും കൂടി ഇരിക്കുന്നവൻ താനെ അദ്ദോഷത്തെ ഇല്ലാതെ കളയും.

33 ദ്വയോരസ്തമേകസ്യ വാകാവുദ്ഗമൌ—
ദ്ദിവാദൃശ്യനീയത്വ മന്യോന്യദൃഷ്ടിം
സ സംസൃപ്തമംഗസ്യതിജ്ഞോധിമാസ—
ന്നാമാസോക്ത കർമ്മേഷുഷഡ്വർജ്ജയന്തി

ദ്വയോഃ കാവ്യഗുരുവ്വോഃ ഏകസ്യവാഅസ്തം—ബൃഹസ്പതിയുടെ അസ്തവും ശുക്രന്റെ അസ്തവും, ദിവാദർശനീയതാപം— ഗുരുശുക്രന്മാരിരുവരേയും ക്രൂടി പകൽ ഉദിച്ചുകാണുന്നാളും, അന്യോന്യദൃഷ്ടിഃഗുരു ശുക്രന്മാരുടെ പരസ്പര ദൃഷ്ടിയും ഉള്ളനാളും, സസംസർപ്പഃ—സംസർപ്പമാസത്തിലും, അംഹസ്പതിശ്ച—അംഹസ്പതിമാസത്തിലും, അധിമാസം-അധിമാസത്തിലും, മാസോക്ത കാര്യേഷു ഷൾനവർജ്ജയന്തി-ഇവ ആദോഷങ്ങളുമുള്ളനാളിൽ മാസങ്ങളിൽ വിധിച്ചകമ്മങ്ങൾ കൊള്ളാം.

34 പൂർവ്വംഷൾഘടികാഃ പ്രഭാതമുദയാൽ ഭാനോഃ പ്രദോഷസ്തഥാ
പശ്ചാദസ്തമയാൽ ഘടീദ്വയ മിഹത്യാജ്യാ സഹൈവാഥവാ
യൽകർമ്മാവിഹിതം നിശാസുതദുതേക്ഷൈരാസമാവർത്തനാൽ
കർത്തവ്യന്നിഖിലം പ്രഭാതസമയേ ശംസന്തിഗാർഗ്ഗ്യാദയഃ

ഭാനോഃ ഉദയാൽ പൂർവ്വംഷൾഘടികാഃ പ്രഭാതം—സൂര്യോദയത്തിന്നു നട്ടുവെ ആറു നാഴികക്കും പ്രഭാതമെന്നു പേർ. അസ്തമയാൽ പശ്ചാൽതഥാപ്രദോഷഃ—അസ്തമയത്തിന്നുമേൽ അറുന്നാഴികയും പ്രദോഷവും ആറുനാഴിക ഉണ്ട്, ഇഹഘടീദ്വയം ത്യാജ്യം—പ്രദോഷത്തിന്നു ആദിയിൽ രണ്ടുനാഴിക വർജ്ജിക്കേണം, അഥവാസഃ ഏവ—എന്നിയെ പ്രദോഷം ഒക്ക വർജ്ജിക്കേണം, എന്നു ചിലരുടെ പക്ഷം, യൽകർമ്മനിശാസു അവിഹിതം ക്ഷൈരാൽ സമാവർത്തനാൽ കൃതം തൽനിഖിലം പ്രഭാതസമയേകർത്തവ്യം, ഇതിഗാർഗ്ഗ്യാദയഃ ശംസന്തി—യാതൊരു കാര്യം രാത്രിയിൽ കൊള്ളാതെ എന്നു ചൊല്ലിയതു് ക്ഷൈരവും സമാവർത്തനവും ഒഴിവുള്ളതു്. അതെല്ലാം പ്രഭാത സമയത്തിങ്കൽ കൊള്ളാമെന്നിങ്ങിനെ ചൊല്ലുന്നോർ ഗാർഗ്ഗ്യൻ ആദിയായുള്ള മഹർഷികൾ.

35 ബലിനൌ ചന്ദ്രലഗ്നേശൌ ലഗ്നംമൂർദ്ധോദയംയദി
അസപ്തമസ്ഥ പാപാനാം ലഗ്നേഷ്ടിർന്നദോഷദാ

ചന്ദ്രലഗ്നേശൌ ബലിനൌ മൂർദ്ധോദയം ലഗ്നംയദി അസപ്തമസ്ഥ പാപാനാം ലഗ്നേഷ്ടിഃ ദോഷദാന—ലഗ്നാധിപതിക്കും ചന്ദ്രനും ബലമുണ്ടായി മൂർദ്ധോദയ രാശി ലഗ്നമായിരിക്കിൽ 'ഏഴാമിടത്തൊഴിയ നില്ലുന്ന' പാപഗ്രഹങ്ങളുടെ ഇഷ്ടിക്കു് ദോഷമില്ല.

36 ഉപരാഗാദുപരിഗതേ വർഷാർദ്ധോത്തര ഗതേഗുരൌബലിനി
ഉദയോപഗതോഗ്രഹയോസ്ത്രിദശ്യുദ്ധകർമ്മണിഗ്രാഹ്യഃ

ഉപരാഗാൽ ഉപരിവഷ്ടാർക്കോ ഗതേതനുഗതേ ബലിനിശുഭേതമോ ഗ്രഹയോഃ ഉദയഃ അപിശുഭകർമ്മണിശുഭദഃ ഗ്രാഹ്യഃ—ഗ്രഹണം കഴിഞ്ഞ ആറുമാസം കഴിഞ്ഞാൽ ബലമായിരിപ്പോരു ശുഭഗ്രഹമുള്ളപ്പോൾ രാഹുകേതുക്കളുടെ ഉദയംപോലും ശുഭകർമ്മത്തിങ്കൽ ശുഭമെന്നറിഞ്ഞു കൊൾക.

37 ലഗ്നസ്യപാപദ്വയമദ്ധ്യഗത്വം
ദോഷംശുഭഃ കേന്ദ്രഗതോബലാഢ്യഃ
കേന്ദ്രത്രികോണോപചയേഷുമൂർത്തേ
സ്ഥിതശ്ശുഭോവാബലവാന്നിഹന്തി

ലഗ്നസ്യ പാപദ്വയമദ്ധ്യഗത്വം ദോഷം കേന്ദ്രഗതഃ ബലാഢ്യഃ ശുഭഃ നിഹന്തി, ലഗ്നത്തിനുടെ ഉഭയ പാപത്വമാകുന്ന ദോഷത്തെ ബല വാനായി കേന്ദ്രത്തിൽ നില്ക്കുന്ന ശുഭഗ്രഹനീക്കും. ബലവാനായിരിക്കുന്ന ശുഭകേന്ദ്രത്തിലുണ്ടാകുമ്പോൾ ഉഭയപാപത്തിന്നു ദോഷമില്ല എന്നർത്ഥം. മൂർത്തേഃ കേന്ദ്രത്രികോണോപചയേഷു സ്ഥിതഃ ശുഭഃ വാബലവാൻ നിഹന്തി—ലഗ്നത്തിനുടെ കേന്ദ്രത്തിൽ താൻ ത്രികോണത്തിൽ താൻ ഉപചയത്തിൽ താൻ ഒരു ശുഭഗ്രഹമുണ്ടാകുമ്പോൾ ഉഭയ പാപത്തിന്നു ദോഷമില്ല എന്നൊരുപക്ഷം.

38 ക്രൂരാശ്ശുഭംവാവപുഷോഗ്രഹായേ
സ്ഥിതാനനിഷ്ടാനിയതാപ്രവിഷ്ടാഃ
തദാസപക്ഷംഗേബലീ നസ്സപദോ
യദിസ്ഥിതാസ്തേശുഭദാഭവന്തി

യേഗ്രഹാഃ ക്രൂരാഃ ശുഭാഃ വാവപുഷഃ അനിഷ്ടാനസ്ഥാനാനിയതാപ്രവിഷ്ടാഃ തദാസപക്ഷംഗ സപദോബലീനഃ സ്ഥിതാഃ യദിതേശുഭദാഃ ഭവന്തി—യാവ ചിലഗ്രഹങ്ങൾ ക്രൂരഗ്രഹങ്ങൾ താൻവപുസ്സിന്നു അനിഷ്ടങ്ങളായിരിക്കുന്ന സ്ഥാനങ്ങളെ പ്രാപിച്ചിരിക്കുന്നതു ലഗ്നത്തിനുടെ അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്നവർ തന്നുടെ തന്നുടെ ഉച്ചത്തിൽത്താൻ ക്ഷേത്രത്തിൽത്താൻ നില്ക്കുമ്പോൾ ദോഷമില്ല.

39 കുജൌശുക്രൌവാ ബലിനിസ്ഥിതേതനൌ
ശുഭേനദൃഷ്ടശ്ശുഭകൃച്ചഗശ്ശശീ
വിവർദ്ധമാനശ്ശുഭകൃച്ചനാശുഭം
കരോതിതിഷ്ണ്യപരിഹീഷ്ടഷഷ്ഠയോഃ

ബലിനികവെഴ ഗുരൌവാതനൈഴ സ്ഥിതഃ ശുഭേനേദൃഷ്ടഃ ശുഭവർഗ്ഗഗ വിവർദ്ധമാനഃ ശുഭകുൽച ശശീരിഫ് ഫഷഷ്ടയോഃ തിഷ്ടൽ അപിന അ ശുഭംകരോതി, ബലവാനായിരിക്കുന്ന ശുക്രന്താൻ, വ്യാഴന്താൻ ലഗ്ന ത്തിൽ നില്ക്കുമ്പോൾ ശുക്ലപക്ഷത്തിലെ ചന്ദ്രൻ ശുഭഗ്രഹത്തിനുടെ ദൃഷ്ടി യോടും ക്രൂടി ശുഭവർഗ്ഗത്തിനുടെ വർഗ്ഗത്തിന്മേൽ നിന്ന ചന്ദ്രക്രിയ നന്നായിരിക്കുമ്പോൾ പന്ത്രണ്ടാമിടത്തു നില്ക്കിലും, ആറാമിടത്തു നില്ക്കി ലും ദോഷമില്ല.

40 ഒസൌമ്യദ്വാദശഭാഗഗശ്ശുഭേപദേഷ്ടോഥവാസൽഗ്രഹൈ
രംഗാംശാംശകകേന്ദ്രഗസ്സുരഗുരോഃ കേന്ദ്രേച്ച പക്ഷേസ്ഥിതഃ
സൽകർമ്മേവചതുർവ്വിധോപിബലവാനിന്ദുഃ ക്ഷിണോത്യാത്മനോ
ദോഷംപാപനവാംശകാശ്രയഭയം സ്വാംശാശ്രയോത്ഥംതഥാ

ശുഭേപദേസൌമ്യദ്വാദശഭാഗഗഃ സൽകർമ്മാ—ശുഭക്ഷേത്രത്തിൽ ശുഭഗ്രഹങ്ങളുടെ ദ്വാദശാംശകത്തിന്മേൽ ചന്ദ്രക്രിയ നന്നായിനില്ക്കുന്ന ചന്ദ്രനും, അഥവാസൽ ഗ്രഹൈഃ ദൃഷ്ടഃ സൽകർമ്മാ—എന്നിയേ ശുഭഗ്ര ഹങ്ങളുടെ ദൃഷ്ടിയോടുംക്രൂടി ഇരിക്കുന്ന ചന്ദ്രനു ചന്ദ്രക്രിയ നന്നായിരി ക്കുമ്പോഴും, അംഗാംഗാംശകകേന്ദ്രഗഃ സൽകർമ്മാ—ലഗ്നത്തിനുടെ താൻ ലഗ്നാംശത്തിനുടെ താൻ കേന്ദ്രത്തിൽ ചന്ദ്രക്രിയ നന്നായിരിങ്ങുന്ന ച ന്ദ്രനും, സുരഗുരോഃ കേന്ദ്രേ അച്ഛപക്ഷേസ്ഥിതഃ സൽകർമ്മാ—ശുക്ലപക്ഷ ത്തിൽ ചന്ദ്രക്രിയ നന്നായി വ്യാഴത്തിനുടെ കേന്ദ്രത്തിൽ നില്ക്കുന്ന ചന്ദ്രനും ചതുർവ്വിധഃ അപിബലവാൻ ഇന്ദുഃ ആത്മനഃ പാപനവാംശാശ്രയഭയം തഥാസ്വാംശാശ്രയോത്ഥംദോഷം ക്ഷിണോതി—ഇങ്ങിനെ നാലുപ്രകാ രമുള്ള ചന്ദ്രനും താൻ പാപഗ്രഹങ്ങളുടെ നവാംശകത്തിന്മേൽ നിന്നിട്ടു ള്ള ദോഷത്തേയും, തന്റെ നവാംശത്തിന്മേൽ നീന്നിട്ടുള്ള ദോഷത്തേയും ഹരിക്കും.

41 അസൌമ്യവർഗ്ഗാശ്രയ ജാൻസുകർമ്മാ
ദൃഷ്ടോബലിഷ്ടേന ശുഭേനചന്ദ്രഃ
ദുഷ്കർമ്മവേലാദി സമുത്ഭവാംശ്ച
ഭിനത്തിദോഷാഞ്ഛുഭവർഗ്ഗസംസ്ഥഃ

ബലിഷ്ടേനശുഭേനേദൃഷ്ടഃ സുകർമ്മാചന്ദ്രഃ അസൌമ്യവർഗ്ഗാശ്രയ ജാൻ ദോഷാൻ ഭിനത്തി—ബലവാനായിരിക്കുന്ന ശുഭഗ്രഹത്തിനുടെ ദൃഷ്ടിയോ ടുംക്രൂടി ഇരിക്കുന്ന ചന്ദ്രനു് ചന്ദ്രക്രിയ നന്നായിരിക്കുമ്പോൾ പാപഗ്രഹ

ങ്ങളുടെ ഷഡ്വർഗ്ഗത്തിൽ നില്ക്കുന്നതാകിലും ദോഷമില്ല. ശുഭവർഗ്ഗ സംസ്ഥഃ ഉഷ്കമ്മവേലാദി സമുത്ഭവാൻ ദോഷാൻച ഭിനത്തി—ചന്ദ്രൻ ശുഭഗ്രഹത്തിനുടെ വർഗ്ഗത്തിൽ നില്ക്കുമ്പോൾ ചന്ദ്രക്രിയ ആകായ്കിലും ചന്ദ്രവേല ആകായ്കിലും ചന്ദ്രാവസ്ഥ ആകായ്കിലും ദോഷമില്ല.

42 യദാസ്വവഗ്രേതനു കേന്ദ്രസംസ്ഥോ
ഗുരുശ്ശശീവാഥ ശുഭാംശകസ്ഥഃ
ശുഭേനദൃഷ്ടസ്സുകൃതീതദാനീം
നപാപയോഗേക്ഷണ ദോഷ ഇന്ദോഃ

യദാസ്വവഗ്രേതനു കേന്ദ്രസംസ്ഥഃ ഗുരുഃ—യാതൊരിക്കൽ ഗുരുലഗ്നത്തിനുടെ കേന്ദ്രത്തിൽ നില്ക്കുന്നു. അഥവാ ശശീയദാശുഭാംശകസ്ഥഃ ശുഭേനദൃഷ്ടഃ സുകൃതീ—എന്നിയേ യാതൊരിക്കൽ ചന്ദ്രൻ ശുഭഗ്രഹത്തിനുടെ അംശകത്തിൽനിന്നു ശുഭഗ്രഹത്തിനുടെ ദൃഷ്ടിയോടും കൂടി ചന്ദ്രക്രിയ നന്നായിരിക്കുന്നു. തദാനീം ഇന്ദോഃ പാപയോഗേക്ഷണ ദോഷഃന—അപ്പോൾ ചന്ദ്രനു പാപയോഗമുണ്ടാകിലും പാപദൃഷ്ടി ഉണ്ടാകിലും ദോഷമില്ല.

43 ഗുരുസ്സുദീപ്ത സ്തനുകേന്ദ്രസംസ്ഥിതോ
ബലാധികോലഗ്ന ഗതോവിശേഷതഃ
ഭിനത്തിദോഷാനഖിലാംസ്തഥാവിധഃ
സ്വവർഗ്ഗസംസ്ഥോഭൃഗുജോബുധോപിവാ

ഗുരുഃ സുദീപ്തഃ തനുകേന്ദ്രസംസ്ഥിതഃ ബലാധികഃ അഖിലാൻ ദോഷാൻ ഭിനത്തി—ലഗ്നത്തിനുടെ കേന്ദ്രത്തിൽ പാടുക്കൂടാതെ ബലവാനായിരിക്കുന്ന ഗുരു ഒട്ടൊഴിയാതെ ഉള്ള ദോഷത്തെക്കളയുന്നോൻ, വിശേഷതഃ ലഗ്നതഃ—വിശേഷിച്ചും പാടുക്കൂടാതെ ബലവാനായിരിക്കുന്ന ഗുരു ലഗ്നത്തിൽ നില്ക്കിൽ ഒട്ടൊഴിയാതെ ഉള്ള ദോഷത്തെപ്പോക്കും, തഥാവിധഃ സ്വവർഗ്ഗസംസ്ഥഃ ഭൃഗുജഃ ബുധഃ അപിച അഖിലാൻ ദോഷാൻ ഭിനത്തി—പാടുക്കൂടാതെ ബലവാനായിരിക്കുന്ന തന്നുടെ തന്നുടെ വർഗ്ഗത്തിൽ നിന്നു ലഗ്ന കേന്ദ്രത്തിൽ താൻ ലഗ്നത്തിൽ താൻ നില്ക്കുന്ന ബുധനും ശുക്രനും ഒട്ടൊഴിയാതെ ഉള്ള ദോഷത്തെ ഹരിക്കുന്നോർ.

44 മൂർത്തേസ്ത്രീകോണാഗമകണ്ടകേഷു
രവീന്ദുജീവർക്ഷ നവാംശ സംസ്ഥഃ
സുകർമ്മകൃന്നിത്യമശേഷദോഷാൻ
മുഷ്ണാതിവല്ഭിഷ്ണു രനുഷ്ണരശ്മിഃ

മൂർത്തേഃ ത്രികോണാംശകണ്ടകേഷു രവീന്ദുജീവർക്ഷ നവാംശ സംസ്ഥഃ സുകർമ്മകൃൽ അനുഷ്ണരശ്മിഃ നിത്യം അശേഷദോഷാൻ മൃഷ്ടാതിലഗ്നത്തിനുടെ ത്രികോണത്തിൽ താൻ പതിനൊന്നാമടത്തു താൻ കേന്ദ്രത്തിൽ താൻ, നില്ക്കുന്ന ചന്ദ്രൻ അക്കനുടെ ക്ഷേത്രത്തിൽ താൻ, അക്കനുടെ നവാംശകത്തിൽ താൻ, തന്നുടെ ക്ഷേത്രത്തിൽ താൻ, തന്നുടെ നവാംശകത്തിൽ താൻ, ജീവനുടെ ക്ഷേത്രത്തിൽ താൻ, ജീവനുടെ നവാംശകത്തിൽ താൻ നില്ക്കുമ്പോൾ അശേഷ ദോഷങ്ങളും നഷ്ടങ്ങളാം.

ഇനി മൂന്നു പദ്യങ്ങളെക്കൊണ്ടു അശേഷ ദോഷാപവാദങ്ങളെ ചൊല്ലുന്നു.

45 ലഗ്നാംശാദ്വിഷമാംശകേയദി ശുഭാസ്സൽ കണ്ടകാംശേപിവാ
ജീവജ്ഞയുഗ്രുഭാർഗ്ഗവൈ ബുധസിതൈ വാന്യോന്യ
കേന്ദ്രസ്ഥിതൈ
ലഗ്നേശസ്യശുഭസ്യ വാതിബഹവോയുക്താഷ്ടവർഗ്ഗാക്ഷകാ
സേഷേഷൈകൈക സമാശ്രിതാം ശകഗൃഹാല്ലാഭാംശകസ്ഥാശ്ശുഭാഃ

ലഗ്നാംശാൽ വിഷമാംശകേശുഭാഃ യദി—ലഗ്നത്തിനുടെ വിഷമാംശത്തിൽ ശുഭഗ്രഹങ്ങൾ എല്ലാവരും നില്ക്കിലും, തൽകണ്ടകാംശേ അപിവാ—മുഹൂർത്തലഗ്നത്തിനുടെ അംശത്തിനുടെ കേന്ദ്രാംശത്തിൽ ശുഭഗ്രഹങ്ങൾ എല്ലാം നില്ക്കിലും അന്യോന്യ കേന്ദ്രസ്ഥിതൈ ജീവജ്ഞൈ—ജീവനുടെകേന്ദ്രത്തിൽ ബുധൻനില്ക്കിലും, ഗുരു ഭാർഗ്ഗവൈ വാ അന്യോന്യ കേന്ദ്രസ്ഥിതൈ—ജീവനുടെ കേന്ദ്രത്തിൽ ശുക്രൻനില്ക്കിലും ബുധസിതൈവാ—ബുധനുടെ കേന്ദ്രത്തിൽ ശുക്രൻനില്ക്കിലും, ലഗ്നേശസ്യ ശുഭസ്യ വാ, യുക്താഷ്ടവർഗ്ഗാക്ഷകാഃ അതിബഹവഃ—മുഹൂർത്തകാലത്തിലെ ഗ്രഹങ്ങളെക്കൊണ്ടു് അഷ്ടവർഗ്ഗത്തിൽ പരലിട്ടാൽ മുഹൂർത്തലഗ്നത്തിൽ ലഗ്നാധിപതിയുടെ പരൽ താൻശുഭഗ്രഹത്തിനുടെ പരൽ താൻ ക്രൂടി പ്പലവക പരലുണ്ടാകിലും—സേഷു ഏകൈകസമാശ്രിതാം ശകഗൃഹാൽ ലാഭാംശകസ്ഥാഃ ശുഭാഃ ശുഭഗ്രഹങ്ങൾ തങ്ങളിൽ അന്യോന്യം ഒരുത്തനൊരുത്തൻ നിന്ന നവാംശകത്തിനുടെ പതിനൊന്നാം നവാംശകത്തിന്മേൽ നില്ക്കിലും.

46 ലഗ്നാംശർക്ഷാത്ത്രികോണാംശകസദനഗതാസ്സൽഗ്രഹാഃകേന്ദ്രഗാവാ
ജീവാംശ ക്ഷേത്രകേന്ദ്രസ്ഥിതബുധശശിനശ്ചന്ദ്രകേന്ദ്രേസുരേഡ്യഃ
ചന്ദ്രപ്രാപ്താംശരാശേസ്സുതനവമഗതാഃ കേന്ദ്രസംസ്ഥാശ്ചസൌമ്യാ
സ്സൌമ്യേന്ദ്വാത്മേശലഗ്നോപചയഗൃഹഗതാവീര്യവന്തശ്ശുഭാശ്ച

ലഗ്നാംശർക്ഷാൽ ത്രികോണാംശക സദനഗതാഃ സൽഗ്രഹാഃ— മുഹൂർത്തലഗ്നത്തിനടെ ത്രികോണാംശകത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കിലും, കേന്ദ്രഗാഃവാ—മുഹൂർത്തലഗ്നാംശകത്തിനടെ കേന്ദ്രത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കിലും, ജീവാംശ ക്ഷേത്രകേന്ദ്രേ, സീതബുധശശിനഃ—വ്യാഴത്തിന്ന അംശരാശിയുടെ കേന്ദ്രത്തിൽ ശുക്രബുധ ചന്ദ്രന്മാരുണ്ടാകിലും ചന്ദ്രകേന്ദ്രേ സൂരേഡ്യഃ— ചന്ദ്രനടെ കേന്ദ്രത്തിൽ ജീവൻ നില്ക്കിലും. ചന്ദ്രന്നിന്ന അംശരാശിയുടെ ത്രികോണത്തിൽത്താൻ കേന്ദ്രത്തിൽത്താൻ ശുഭഗ്രഹങ്ങൾ നില്ക്കിലും, സൌമ്യേന്ദ്വാത്മേശലഗ്നോപചയ ഗൃഹഗാഃ വീര്യവന്തഃ ശുഭാഃച - ശുഭഗ്രഹങ്ങൾ ബലവത്തുക്കളായി ശുഭാംശകത്തിൽത്താൻ, ശുഭക്ഷേത്രത്തിൽത്താൻ, ചന്ദ്രക്ഷേത്രത്തിൽത്താൻ, ലഗ്നാധിപതിയോടുക്രൂടി താൻ, ലഗ്നത്തിൽ താൻ ഉപചയത്തിൽത്താൻ നില്ക്കിലും

47 രാജേന്ദ്രസ്സഹമന്ത്രികോ ഗജവരം സിംഹാസനം ചാശ്രിത-
ശ്ശീതാംശുർബ്ബലവാൻ ശുഭാംശകഗതോലഗ്നേഷ്ട
ഗേഹേസ്ഥിതഃ
ഹോരാവത്സരമാസവാസരപതിർല്ലഗ്നേബലീസൽഗ്രഹോ
ലഗ്നാദ്വൈരിസഹോദരാഗമഗതാഃ പാപാശ്ചവീര്യോൽകടാഃ

രാജേന്ദ്രഃ സഹമന്ത്രികഃ ഗജവരം സിംഹാസനം വാ ആശ്രിതഃ ശീതാംശുഃ ബലവാൻ ശുഭാംശ കഗതഃ ലഗ്നേഷ്ടഗേഹേസ്ഥിതഃ—രാജാവായിത്താൻ അമാത്യനോടു ക്രൂടിത്താൻ ആനമേൽ കരേറിത്താൻ സിംഹാസനത്തിന്മേൽ ഇരിക്കുതാൻ ഇവറാലൊരു ചന്ദ്രക്രീയയോടും ക്രൂടി ചന്ദ്രൻ ബലവാനായി ശുഭാംശത്തിൽ നിന്ന ലഗ്നത്തിന്ന അനുകൂലമാകുംവണ്ണം നില്ക്കിലും, ഹോരാവത്സര മാസവത്സരപതിഃ—ലഗ്നേബലിസൽഗ്രഹഃ—ലഗ്നത്തെ ഉടയവൻ താൻ, സംവത്സരത്തെ ഉടയവൻ താൻ, മാസത്തെ ഉടയവൻ താൻ, വരാധിപൻ താൻ, ശുഭനായി ബലവാനായി ലഗ്നത്തിലുണ്ടാകിലും, ലഗ്നാൽ വൈരിസഹോദരാഗമഗതാഃ പാപാഃച വീര്യോൽകടാഃ—പാപഗ്രഹങ്ങൾ ലഗ്നത്തിന്ന മൂന്നാമടത്തും ആറാമടത്തും പതിനൊന്നാമടത്തുമായി വീര്യോൽ കടന്മാരായി നില്ക്കിലും ശുഭം.

48 പ്രാധാന്യേനവ്യാഹൃതാഃ കേചിദേതേ
യോഗാസ്സർവ്വേഷ്വേനന്തിദോഷാനശേഷാൻ
അത്രാനുക്താസ്സന്തിചാന്യേസഹസ്രം
നൈവോക്താസ്തേഗ്രന്ഥബാഹുല്യഭീത്യാ

ഏതേ കേചിൽ യോഗാഃ പ്രാധാന്യേ നവ്യാഹൃതാഃ—ഇങ്ങിനെ മൂന്നു പദ്യങ്ങളെക്കൊണ്ടും പ്രാധാന്യേന ചില യോഗങ്ങളെ ചൊല്ലി. ഏതേ സർവ്വേ അശേഷാൻ ദോഷാൻഘ്നന്തി—ഈ യോഗങ്ങളെല്ലാം അശേഷ ദോഷങ്ങളേയും ഹരിക്കും, അത്ര അനുകൂതാഃച അന്യേസഫ സ്രംസന്തി—ഇവിടെ ചൊല്ലാതെയും മറനേക ദോഷങ്ങളുണ്ട്. തെഗ്ര ന്ഥബാഹുല്യ ഭീത്യാനൈവ ഉക്തഃ—അവഗ്രന്ഥബാഹുല്യ ഭീതികൊണ്ടു ഇവിടെ ഉക്തങ്ങളായില്ല. പെരികേഗ്രന്ഥമുണ്ടാം എന്നുള്ള ഭയംകൊണ്ടു് അവയെച്ചൊല്ലുന്നില്ല.

49 അത്രോക്തായേ വീര്യവന്തോപിദോഷാ
ദേശാചാരാദ്ഗർഭ്ഭിലാസ്തേ ഭവന്തി
യേന്യേ ദേശാചാര സിദ്ധാശ്ചദോഷാ
സ്തേഷാന്തസ്മിന്നാപവാദോസ്തിദേശേ

യേദോഷാഃ അത്ര ഉക്താഃ തേവീര്യവന്തഃ അപിദേശാചാരാൽ ഗർഭ്ഭിലാഃഭവന്തി—ഇവിടെയാവചിലദോഷങ്ങൾ ചൊല്ലപ്പെട്ടവ, അവ പെരിക ബലമുള്ളവ, എന്നിരിപ്പൂതാകിലും ചില ദിക്കിൽ ചില ദേശാചാരംകൊണ്ടും ഗർഭ്ഭിലങ്ങളായിപ്പോകുന്നു. ഇദ്ദിക്കിൽ ഇദ്ദോഷം വർജ്ജിപ്പീല, എന്നിങ്ങിനെ ഉണ്ടു് ഓരോദിക്കിലാചാരം, അവിടെ അദ്ദോഷം വർജ്ജിക്കേണ്ട എന്നത്രേ, അന്യേയേദോഷാഃ ദേശാചാരസിദ്ധാഃ തേഷാം തസ്മിൻ ദേശേ അപവാദഃ ന അസ്തി—യാവ ചിലദോഷങ്ങൾ മറു ദേശാചാര സിദ്ധങ്ങളായിരിക്കുന്നവ അവറിന്നു അദ്ദേശത്തിങ്കൽ അപവാദമില്ല. ഇദ്ദേശത്തിങ്കൽ ഇങ്ങിനെ ഒരു ദോഷമുണ്ടു് വർജ്ജിച്ചുപോരുന്നു എന്നിങ്ങിനെ ഉണ്ടു്, ചില ദിക്കിൽ ഇവിടെ ചൊല്ലിയ ചിലദോഷങ്ങളുണ്ടു്. മറവിടെ അദ്ദോഷങ്ങളെ വർജ്ജിക്കേണം എന്നത്രേ.

50 അനാപദ്യുത്തമഃ കാലോമദ്ധ്യമാപദി മദ്ധ്യമഃ
സത്യാമത്യാപദിഗ്രാഹ്യോ ദുഷ്ടോപിസാപവാദതഃ

അനാപദി ഉത്തമഃ കാലഃ ഗ്രാഹ്യഃ—അനാപത്തിങ്കൽ ഉത്തമമായിരിക്കുന്ന മുഹൂർത്തംകൊള്ളേണം; മുഹൂർത്തങ്ങൾ സുലഭമായിരിക്കുന്നതാൽ ഉത്തമമായിരിക്കുന്ന മുഹൂർത്തം കൊള്ളേണം, മദ്ധ്യമാപദി മദ്ധ്യമഃ ഗ്രാഹ്യഃ—മദ്ധ്യമാപത്തിങ്കൽ മദ്ധ്യമം കൊള്ളണം, കുറഞ്ഞോ ചില മുഹൂർത്തങ്ങളെഉള്ളു എന്നിരിക്കിൽ മദ്ധ്യമമായുള്ള മുഹൂർത്തം കൊൾക, അത്യാപ

ദിസത്യാം സപാപവാദതഃ ദുഷ്ടഃ അപിഗ്രാഹ്യഃ—അത്യാപത്തുണ്ടായിരിക്കുമ്പോൾ സപാപവാദം കൊണ്ട് ദോഷമായുള്ള മുഹൂർത്തവും ഗ്രാഹ്യം ഒരു മുഹൂർത്തം ദുഷ്ടമായിട്ടുണ്ട്, മേലൊന്നും കൊള്ളാവതുമില്ല എങ്കിൽ ദോഷങ്ങളെ അപവാദങ്ങളെക്കൊണ്ട് നീക്കിക്കൊള്ളുക.

51 ഇത്ഥംശ്ലോകൈരേക പഞ്ചാശതാസ്മിൻ
ഹൃദ്യോവിദ്യാമാധവേന പ്രണീതഃ
അദ്ധ്യായോയം സർവ്വദോഷാപവാദഃ
പൂർണ്ണോവിദ്യാമാധവീയേതൃതീയഃ

ചതുർത്ഥാദ്ധ്യായം

1 നിശ്ശേഷദോഷരഹിതസ്യ സുദുർല്ലഭത്വാൽ
കാലേഗ്രഹൈരഘബഹുലേവി ബുലാല്പദോഷേ
കർമ്മാരഭേത ശുഭമിത്യൃഷിഭിർയ്യദുക്തം
തൽ കാംക്ഷിഭിസ്തു സുമുഹൂർത്തഗണാൻ പ്രവക്ഷ്യേ

നിശ്ശേഷദോഷരഹിതസ്യ കാലസ്യ സുദുർല്ലഭത്വാൽ, ഗ്രഹൈരഘബഹുലേ വിബുല്യാല്പദോഷേ കാലേ ശുഭംകർമ്മ ആരഭേത ഇതിഋഷിഭിഃ ഉക്തംയൽ തൽ അത്രകാംക്ഷിൽ സുമുഹൂർത്തഗണാൻ പ്രവക്ഷ്യേ—ഒരു ദോഷത്തോടുകൂടാതെ മുഹൂർത്തം എത്രെയും പണിപ്പെട്ടേ ലഭിക്കപ്പെട്ടൂ. എന്നാൽ ദോഷങ്ങൾ കുറഞ്ഞവറിന്നു ബലമില്ലാതെയുമിരിപ്പൂ. ഗുണങ്ങൾ പെരികെ ഉണ്ടായിരിപ്പൂ. അങ്ങിനെ ഉണ്ടാകുന്ന കാലത്തിങ്കൽ ശുഭകർമ്മങ്ങളെ ചെയ്ക, എന്നിങ്ങനെ മഹർഷികൾ ചൊല്ലി. എന്നതുയാതൊന്നു അതു് ഹേതുവായിട്ട ഞാൻ ഇവിടെ ചില നല്ല മുഹൂർത്തങ്ങളെച്ചൊല്ലുന്നു.

2 അല്പദുർബ്ബലദോഷതാപം കാലസ്യപ്രഥമോഗുണഃ
അഭാവസ്സർവ്വദോഷാണാം ദ്വിതീയ സ്സുമഹാൻഗുണഃ

കാലസ്യ അല്പദുർബ്ബലദോഷതാപം പ്രഥമഃഗുണഃ—ദോഷങ്ങൾ കുറഞ്ഞിരിക്കയും ഉള്ള ദോഷങ്ങൾക്കു് ബലമില്ലാതിരിക്കയും നടത്തെഗുണം

സർവ്വദോഷാണാം അഭാവഃദ്വിതീയ: സുമഹാൻ ഗുണഃ—ദോഷങ്ങളൊന്നും ഇല്ലാതെ ഇരിക്കുക, രണ്ടാമത്തെ പ്രധാനമായിരിക്കുന്ന ഗുണം.

3 വിശിഷ്ട, വിപ്രഭോഷിതം, ഗ്രഹഗ്രഹസ്യചോദയഃ
തനോശ്ച സൌമ്യവർത്തനാ, ത്രയോമഹ്ഗുണാഃ സ്മൃതഃ

ഏതേ തത്രഃ മഹാഗുണാഃ സ്മൃതാഃ—ഇവ മൂന്നും മഹാഗുണങ്ങളെന്നു അറിയപ്പെട്ടിരിക്കുന്നു, വിശിഷ്ട വിപ്രഭോഷിതം—നല്ല ഒരു ബ്രാഹ്മണൻ 'സുമുഹൂർത്ത മസ്തു' എന്നു ചൊല്ലുക. ഒരു മഹാഗുണം, ഗ്രഹഗ്രഹസ്യ ഉദയഃ ച—ഗ്രഹഗ്രഹത്തിനുടെ ഉദയം ഒരു മഹാഗുണം. തനോഃ സൌമ്യവർത്തനാ—ലഗ്നത്തിനുഗ്രഹങ്ങളുടെ വർത്തുവരിക ഒരു മഹാഗുണം. വിശിഷ്ടനേറയും, വിപ്രനേറയും എന്നും പദം പിരിക്കാം.

4 അബാധ്യമാനോവിഹിതഃ ക്രിയാസു
പഞ്ചാംഗയോഗോഗുണനായകാഖ്യഃ
ഷഡംഗയോഗോഗുണരാജഉക്തഃ
സപ്താംഗയോഗോഗുണരാജരാജഃ

വിഹിതക്രിയാസു അബാധ്യമാനഃ പഞ്ചാംഗയോഗഃ ഗുണനായകാഖ്യഃ—വിഹിതക്രീയകളിൽ അബാധ്യമാനമായിരിങ്ങുന്ന പഞ്ചാംഗയോഗത്തിനു ഗുണനായകൻ എന്നു പേർ. പഞ്ചാംഗം, അതായതു കർമ്മത്തിങ്കൽ അഞ്ചും വിധിക്കു തക്കവണ്ണം വരിക പ്രധാന ഗുണം. ഷഡംഗയോഗഃ ഗുണരാജ ഉക്തഃ—ഷഡംഗം വിധിക്കു തക്കവണ്ണം വരുമ്പോൾ ഗുണരാജൻ എന്നു പേർ. സപ്താംഗയോഗഃ ഗുണരാജരാജഃ—സപ്താംഗം വിധിക്കു തക്കവണ്ണം വരുമ്പോൾ ഗുണരാജരാജൻ എന്നുപേർ.

5 പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടം
സുഖപ്രദം ഉർല്ലഭ മല്പപുണ്യൈ
സപ്താംഗസമ്പത്തിസമേതമേത
മുഹൂർത്തരാജ്യം സുകൃതോലഭന്തേ

ഏതൽ മുഹൂർത്തരാജ്യം സുകൃതഃ ലഭന്തേ—ഇങ്ങിനെയിരിക്കുന്ന മുഹൂർത്തരാജ്യത്തെ പുണ്യവന്തുകൾ ലഭിക്കുന്നു. പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടം സംപ്താംഗ സംപത്തി സമേതം ഏതൽ സുഖപ്രദം, ഏതൽ മുഹൂർത്തരാജ്യം അല്പപുണ്യൈഃ ഭർല്ലഭം—പ്രസന്ന ദൈവജ്ഞ വിധിപ്രദിഷ്ടമായി സുഖപ്രദമായി സപ്താംഗസമ്പത്തി സമേതമായിരിക്കുന്ന ഈ മുഹൂർത്തരാജ്യം അല്പപുണ്യന്മാരാൽ ഉർല്ലഭം, നക്ഷത്രവും, വാരവും, തിഥി

യും, കരണവും, യോഗവും, രാശിയും, ഗ്രഹസ്ഥിതിയും അതാതു കമ്മത്തിങ്കൽ വിധിച്ചവണ്ണം വന്ന പ്രസന്നനായിരിക്കുന്ന ദൈവജ്ഞൻ 'സുമുഹൂർത്തമസ്തു' എന്നു ചൊല്ലി വിധിച്ച മുഹൂർത്തം സുഖപ്രദം. പുണ്യം കുറഞ്ഞവർക്കു കിട്ടാ അങ്ങിനെത്തെ മുഹൂർത്തം; ഇങ്ങിനെ ഇരിക്കുന്ന മുഹൂർത്തം രാജ്യത്തോടൊക്കും. അതു ബഹു പുണ്യന്മാർക്കേ കിട്ടൂ.

6 സൌമ്യാഃ കേന്ദ്രത്രികോണേഷുപാപാഃ ക്ഷതസഹോദരയോഃ
ഏകാദശേസ്ഥിതാസ്സർവ്വേ ശുഭോശുഭകർമ്മസു

കേന്ദ്രത്രികോണങ്ങളിൽ നില്ക്കുന്ന ശുഭഗ്രഹങ്ങളും, ആറാമിടത്തു നില്ക്കുന്ന പാപികളും, മൂന്നാമിടത്തു നില്ക്കുന്ന പാപികളും, പതിനൊന്നാമിടത്തു നില്ക്കുന്നവരെല്ലാരും ശുഭകർമ്മങ്ങളിൽ ശുഭത്തെക്കൊടുപ്പോർ.

7 ശശാങ്ക നക്ഷത്രജലാഭിവൃദ്ധി
ഘടോപ്യരിക്തസ്തിഥയശ്ചപൂർണ്ണാഃ
സ്യാൽ പഞ്ചപൂർണ്ണാഖ്യ ഏഷയോഗോ
ഗുണാധിരാജശുഭകർമ്മണീഷ്ടഃ

ഏഷയോഗഃ പഞ്ചപൂർണ്ണാഖ്യഃ—ഈ യോഗത്തിന്നു പഞ്ചപൂർണ്ണയോഗമെന്നു പേർ, ശുഭകർമ്മണി ഇഷ്ടഃ—ഇതശുഭ കർമ്മത്തിങ്കൽ നല്ലൊന്നു് ശശാങ്ക നക്ഷത്ര ജലാഭിവൃദ്ധിഃ—ശശാങ്ക വൃദ്ധിയും നക്ഷത്ര വൃദ്ധിയും ജലവൃദ്ധിയും എന്ന പൂർവ്വപക്ഷവും നാളേറവും, വേലി ഏറ്റവും, അരിക്തഃ ഘടഃ അപി, അരിക്തമായിരിക്കുന്ന ഘടവും, എന്ന 'കുംഭം പൂർത്തി'—പൂർണ്ണാഃ തിഥയഃ ച—പൂർണ്ണകളാകുന്ന തിഥികളും, ഇതിന്നു പഞ്ചപൂർണ്ണയോഗമെന്നു പേർ. ശുഭക്രിയക്കു് മുഖ്യം.

കുംഭപൂർത്തിയെ ചൊല്ലുന്നു.

8 ഭിക്താരാണാം മദ്ധ്യമാഃസ്തംഭ സംജ്ഞാ
സ്ത്രിസ്രസ്ത്രിസ്രഃ പാർശ്വസംസ്ഥാഘടാഖ്യാഃ
തിഷ്ഠത്യക്കോയത്ര രിക്തസ്സകുംഭ
സ്സംപൂർണ്ണോന്യ സ്തംഭസംജ്ഞശ്ചതദ്വൽ

ഭിക്ത താരാണാം സ്തംഭ സംജ്ഞാഃ മദ്ധ്യമാഃ—കാർത്തിക ആദിയായി ഓരോരോ ഭിക്കിൽ ഏഴേഴു നക്ഷത്രം നാലു ഭിക്കീല്ലും നടുവിലേതു സ്തംഭം, പാർശ്വ സംസ്ഥാഃ തിസ്രഃ തിസ്രഃ, ഘടാഖ്യാഃ—സ്തംഭങ്ങളുടെ രണ്ടുപുറവും മുമ്മൂന്നു ഘടങ്ങൾ. അക്കു് യത്രതിഷ്ഠതി, സകുംഭഃരി

ക്തഃ—യാതൊന്നിന്മേൽ നില്ക്കുന്ന അബ്ഭാഗത്തെ കുംഭങ്ങൾ രിക്ത കുംഭങ്ങൾ, അന്യഃ സമ്പൂർണ്ണഃ—മറേത് സമ്പൂർണ്ണം ആദിത്യനില്ലാത്ത ഭാഗത്തേത് എല്ലാം പൂർണ്ണകുംഭങ്ങൾ, സ്തംഭസംജ്ഞാഃ ചതുർവ്വൽ—സ്തംഭത്തിന്മേൽ അക്കൻ നില്ക്കിൽ സ്തംഭം രിക്തസ്തംഭം, കുംഭങ്ങളെല്ലാം പൂർണ്ണങ്ങൾ.

9 അഹ്നഃ പഞ്ചദശോഭാഗോമുഹൂർത്തസ്താരകാമയഃ
ദിവാപഞ്ചദശോക്താന്യോനിശായാഞ്ച തഥാസ്മൃതാഃ

അഹ്നഃ പഞ്ചദശഃ ഭാഗഃ താരകാമയഃ മുഹൂർത്തഃ—അഹസ്സിനേപതിനഞ്ച് അംശിച്ചാൽ താരക മുഹൂർത്തങ്ങളുണ്ടാം. ഇങ്ങിനെ പകൽ പതിനഞ്ച് മുഹൂർത്തം, തേദിവാ പഞ്ചദശ ഉക്താഃ തഥാനിശായാഞ്ച—അവണ്ണമേ രാത്രിയിലും പതിനഞ്ച് മുഹൂർത്തം.

10 ആർദ്രോരഗമിത്രമഘാവസുജല വിശ്വാഭിജിദ്വിദ്വിരിഞ്ചേന്ദ്രാഃ
ഐന്ദ്രാഗ്നമൂലവരുണാഖ്യമഭേതാരാ ദിവാമുഹൂർത്താസ്യുഃ

ഏതേദിവാ മുഹൂർത്താഃ സ്യുഃ—ഇവ പകലത്തെ മുഹൂർത്തങ്ങൾ. ആർദ്രാമുഹൂർത്തം, ഉരഗ മുഹൂർത്തം, മിത്രമുഹൂർത്തം, മഘാമുഹൂർത്തം, വസുമുഹൂർത്തം, ജലമുഹൂർത്തം, വിശ്വമുഹൂർത്തം, അഭിജിന്മുഹൂർത്തം, വിരിഞ്ച മുഹൂർത്തം, ഇന്ദ്രമുഹൂർത്തം, മൂലമുഹൂർത്തം, വരുണമുഹൂർത്തം, അര്യ്മമുഹൂർത്തം, ഭഗമുഹൂർത്തം ഇങ്ങിനെ പതിനഞ്ചു ദിവാമുഹൂർത്തങ്ങൾ

11 ക്രമശോനിശാ മുഹൂർത്താരുദ്രോഭോദ്രാഭയോഷ്ടതാരാശ്ച
അദിതിഗുരുവിഷ്ണ്വഹസ്തത്വാഷ്ട്രസമീരാശ്വകീർത്തിതാമുനിഭിഃ

നിശാമുഹൂർത്താഃ ക്രമശഃ ഏവം മുനിഭിഃ കീർത്തിതാഃ—നിശമുഹൂർത്തങ്ങൾ മിക്കവാറും മുനികളാൽ ഈവണ്ണം കീർത്തിതങ്ങളായി, രുദ്ര മുഹൂർത്തം, ഭദ്ര മുഹൂർത്തം, ബുധ്നി മുഹൂർത്തം, പൂഷമുഹൂർത്ത, യമ മുഹൂർത്തം, അഗ്നിമുഹൂർത്തം, രോഹിണിമുഹൂർത്തം, സൌമ്യ മുഹൂർത്തം അദിതിമുഹൂർത്തം, ഗുരുമുഹൂർത്തം, വിഷ്ണുമുഹൂർത്തം, ഫസ്തമുഹൂർത്താ ത്വാഷ്ടമുഹൂർത്തം, സമീര മുഹൂർത്തം—ഇവ പതിനഞ്ചും രാത്രിമുഹൂർത്തങ്ങൾ.

12 സർവ്വേസ്മൃതാ മുഹൂർത്താസ്ത്രികർമ്മസുതത്തദ്ഭക്ഷസദൃശഗുണാഃ
തത്സദൃശദേവതാശ്ചബ്രഹ്മാഭിജിതസ്മൃതം ദൈവം

സർവ്വേമുഹൂർത്താഃ ശുഭകർമ്മസുതത്തദ്ഭക്ഷസദൃശഗ്രഹാഃ സ്മൃതാഃ—എല്ലാ മുഹൂർത്തങ്ങളും ശുഭകർമ്മങ്ങളിൽ അതാതു നക്ഷത്രങ്ങൾക്ക് തക്കവണ്ണം ഫലത്തെ കൊടുക്കും. അതു ശുഭനക്ഷത്രങ്ങളുടെ മുഹൂർത്തങ്ങൾ ശുഭങ്ങൾ. അശുഭ നക്ഷത്രങ്ങളുടെ മുഹൂർത്തങ്ങൾ അശുഭങ്ങൾ, പേക്കൂതക്കവണ്ണം അതു്. തത്സദൃശദേവതാഃച—എല്ലാ മുഹൂർത്തങ്ങൾക്കും തന്നുടെ തന്നുടെ നക്ഷത്രങ്ങൾക്കുള്ള ദേവത ദേവതയാകുന്നതു്. ആർദ്രാനക്ഷത്രത്തിനു പരമേശ്വരൻ ദേവത, ഉരഗമുഹൂർത്തത്തിനു സർപ്പങ്ങൾ ദേവത, എന്നീവണ്ണം ദേവതകൾ. അഭിജിത്തു ബ്രഹ്മാദൈവം സ്മൃതം—അഭിജിന്മുഹൂർത്തത്തിനു ബ്രഹ്മാവു് ദേവതാ.

13 ദിനരാത്രിജാമുഹൂർത്തായേ കഥിതാസ്ത്യാജ്യതാരകാത്മാനഃ
ഏകാദശാശുഭാസ്തേ ശുഭകർമ്മസുപൂജിതാശ്ചാന്യേ.

ദിനരാത്രിജാഃ യേമുഹൂർത്താഃ ത്യാജ്യതാരകാത്മാനഃ കഥിതാഃ—തേ ഏകാദശ അശുഭാഃ—ദിവാമുഹൂർത്തങ്ങളിലും രാത്രി മുഹൂർത്തങ്ങളിലും യാവചിലവ ത്യാജ്യനക്ഷത്രങ്ങളെക്കൊണ്ടു ചൊല്ലി അവ പതിനൊന്നും അശുഭങ്ങൾ. അന്യേശുഭകർമ്മസുപൂജിതാഃച—മറെറല്ലാം ശുഭകർമ്മങ്ങളിൽ പൂജിതങ്ങൾ.

14 ഉൽപാതവിഷ്ടിവ്യതിപാതദോഷാ
ന്നിഹന്തിദോഷാ നഭിജന്മുഹൂർത്തഃ
കരോതിയാമ്യാമപഹായകാഷ്ഠാ
ന്ദിഗന്തരാണിപ്രജതോർത്ഥസിദ്ധിം.

ഉൽപാതവിഷ്ടി വ്യതിപാത ദോഷാൻ അഭിജിന്മുഹൂർത്തഃ നിഹന്തി—അഭിജിന്മുഹൂർത്തം ഉൽപാതത്തിനുടേയും വിഷ്ടിയുടേയും വ്യതിപാതത്തിനുടേയും ദോഷത്തെ ഹനിക്കും. യാമ്യാം കാഷ്ഠാം അപഹായ ദിഗന്തരാണി പ്രജതഃ അർത്ഥസിദ്ധിം കരോതി—തെക്കേദിക്കൊഴിച്ചു മറുള്ള ദിക്കുകളിൽ അഭിജിന്മുഹൂർത്തത്തെക്കൊണ്ടു പുറപ്പെട്ടാൽ അർത്ഥസിദ്ധി ഉണ്ടാം.

15 ഭാനോരഗ്നിമദൈവതോഹിമരുചേബ്രഹ്മസ്തഥാനൈർഋതോ
ഭ്രൂപുത്രസ്യചപിത്र്യവഹ്ന്യധിപതീ ചന്ദ്രാത്മജസ്യാഭിജിൽ
പിത്र്യബ്രാഹ്മസമാഹ്വയാവുശന സോബ്രഹ്മാംബുദേവൈശ്വരോ
സ്സാർപ്പശ്ചാഹിശനേരമീഭനിയമാസ്ത്യാജ്യാമുഹൂർത്താബുധൈഃ.

അമീമുഹൂർത്താഃ ബുധൈഃ നിയമാൽത്യാജ്യാഃ—ഇമ്മുഹൂർത്തങ്ങൾ ബുധന്മാരാൽ നിയമേന ത്യാജ്യങ്ങൾ. ഭാനോഃ അഭിമദൈവതഃ—ആദിത്യവാരത്തുന്നാൾ അഭിമുഹൂർത്തം, വർജ്ജിക്കേണം. ഫിമരുചേഃ ബ്രാഹ്മതഥാനൈരൃതഃ—ചന്ദ്രവാരത്തുന്നാൾ ബ്രാഹ്മമുഹൂർത്തവും, നൈരൃതമുഹൂർത്തവും. ഭ്രൈപുത്രസ്യച പിത്ര്യവഹ്ന്യധിപതീ—കുജവാരത്തുന്നാൾ മഘാമുഹൂർത്തവും, വഹ്നിമുഹൂർത്തവും, വർജ്ജിക്കേണം. ചന്ദ്രാത്മജസ്യ അഭിജിൽ—ബുധവാരത്തുന്നാൾ അഭിജിന്മുഹൂർത്തം. ഉശനസഃ പിത്ര്യ ബ്രാഹ്മസമാഹ്വയൌ—ശുക്രവാരത്തുന്നാൾ മഘാമുഹൂർത്തവും, ബ്രാഹ്മമുഹൂർത്തവും. ഗുരോഃ ബ്രഹ്മാംബുദൈവൌ—ഗുരുവാരത്തുന്നാൾ ബ്രാഹ്മമുഹൂർത്തവും, ജലമുഹൂർത്തവും. ശനേഃ അഹ്നിസാപ്പ്യംച—ശനിവാരത്തുന്നാൾ സാപ്പ്യമുഹൂർത്തം വർജ്ജിക്കേണം.

ഇനി രണ്ടു പദ്യങ്ങളേക്കൊണ്ട് പൌരാണികന്മാരുടെ പക്ഷത്തിലെ മുഹൂർത്തങ്ങളുടെ സംജ്ഞകളെ ചൊല്ലുന്നു.

16 സംജ്ഞാഃ പുരാണകഥിതാ രൌദ്രശ്വേതസ്തഥാമൈത്രഃ
ആരഭടസ്സാവിത്രോവൈരാജശ്ചാഥ ഗാന്ധർവ്വഃ
അഭിജിച്ചരൌഹിണബലൌ വിജയാഖ്യാ നൈരൃതശ്ശാക്രഃ
വാരുണഭഗദൈവത്യാവിതിവിജ്ഞേയാദിവാമുഹൂർത്താനാം.

പുരാണകഥിതാഃ സംജ്ഞാഃ—പുരാണങ്ങളിൽ ചൊല്ലിയനാമങ്ങൾ. രൌദ്രഃ രൌദ്രമുഹൂർത്തം; ശ്വേതഃ ശ്വേതമുഹൂർത്തം; തഥാമൈത്രഃ—അവണ്ണമേ മൈത്രമുഹൂർത്തം; ആരഭടഃ—ആരഭടമുഹൂർത്തം; സാവിത്രഃ—സാവിത്രമുഹൂർത്തം; വൈരാജഃച—വൈരാജ മുഹൂർത്തം; അഥഗാന്ധർവ്വഃ—പിന്നെ ഗാന്ധർവ്വ മുഹൂർത്തം; അഭിജിൽച—അഭിജിന്മുഹൂർത്തം; രൌഹിണബലൌ—രൌഹിണമുഹൂർത്തം, ബലമുഹൂർത്തവും, വിജയാഖ്യാഃ—വിജയമുഹൂർത്തം, നൈരൃതഃ—നൈരൃതമുഹൂർത്തം, ശാക്രഃ—ഐന്ദ്രമുഹൂർത്തം; വാരുണഭഗദൈവത്യൌ-വാരുണമുഹൂർത്തം, ഭഗമുഹൂർത്തവും. ഇങ്ങിനെ പുരാണങ്ങളിൽ ചൊല്ലിയ മുഹൂർത്തനാമങ്ങൾ.

17 അഭിജി ദ്വൈരാജശ്ചശ്വേതസ്സാവിത്ര മൈത്രബല വിജയാഃ
ശുഭകാര്യസിദ്ധി ജനകാസ്സപ്തപ്രോക്താഃ പുരാണജ്ഞൈഃ

അഭിജിൽ-അഭിജിന്മുഹൂർത്തവും, വൈരാജഃ-വൈരാജമുഹൂർത്തവും; ശ്വേതഃ ശ്വേതമുഹൂർത്തവും; സാവിത്രമൈത്രബലവിജയാഃ- സാവിത്രമുഹൂ

ത്തം; മൈത്രമുഹൂർത്തം; ബലമുഹൂർത്തം; വിജയമുഹൂർത്തവും. ഏതെസപ്ത പുരാണജ്ഞേഃ ശുഭകാര്യേ സിദ്ധിജനകാഃ പ്രോക്താഃ— പുരാണങ്ങളെ അറിയുന്നവർ ഇവഏഴുമുഹൂർത്തങ്ങളും ശുഭകർമ്മങ്ങളിൽ ശുഭങ്ങൾ എന്നുചൊല്ലുന്നോർ.

18 ശ്രേഷ്ഠാസ്താരാ സ്സത്തിഥിസ്സന്മുഹൂർത്തഃ
സത്തിത്ഥ്യർക്ഷം സന്നിമിത്തഞ്ചജാതം,
യോഗേന്ദ്രോയം പഞ്ചകല്യാണനാമാ
ഗാർഗ്ഗ്യേണോക്ത സ്സർവ്വകാര്യാർത്ഥദായീ.

ശ്രേഷ്ഠാഃ താരാഃ സത്തിഥിഃ സന്മുഹൂർത്തഃ സത്തിത്ഥ്യർക്ഷം, സന്നിമിത്തം ചജാതം—നല്ലൊരു നാളും, നല്ലൊരു തിഥിയും, നല്ലൊരു താരാമുഹൂർത്തവും, നല്ലൊരു കരണവും, നല്ലൊരു നിമിത്തവും. അയം 'പഞ്ചകല്യാണനാമാ' യോഗേന്ദ്രഃ—ഇതു 'പഞ്ചകല്യാണം' എന്ന പ്രധാനമായിരിക്കുന്ന യോഗം. സർവ്വകാര്യാർത്ഥദായീ—സർവ്വ കർമ്മങ്ങൾക്കും നല്ലൊന്നു്. ഗാർഗ്ഗ്യേണോക്തഃ—ഗാർഗ്ഗ്യമഹർഷി ചൊല്ലിയ യോഗം.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു് അമൃതയോഗം ചൊല്ലുന്നു.

19 സാക്കാദിവാരാ ഭരുമൂലഹസ്താ
ശ്ചിത്രാദിമാർദ്രശ്രവണേന്ദുതാരാ
ബുധ്ന്യശ്വിനീ വിശ്വഭഗപ്രജേശാ
വിശ്വാഗ്നിമിത്രാശ്ശരശൈലതിത്ഥ്യാഃ

20 ത്രയോദശീ മാരുജലാന്ത്യഭാനി
ഭഗപ്രചേതോ മരുദസ്സനന്ദാഃ
ഭദ്രാസമേതാവസുധാത്രിവാതാഃ
ക്രമേണയോഗാ അമൃതാഭിധാനാഃ

ഏതേ യോഗാഃ സാക്കാദിവാരാഃ ക്രമേണ അമൃതാഭിധാനാഃ—ആദിത്യവാരമാദിയായുള്ള ഏഴു വാരങ്ങളോടും ക്രമത്താലെ കൂടുന്ന ഇവ എട്ടു യോഗങ്ങളും അമൃതയോഗങ്ങൾ. ഭരുമൂലഹസ്താഃ—പൂയം, മൂലം, ഹസ്തം ഇവ ആദിവാരത്തോടുകൂടിയാൽ ഒന്നു്. ചിത്രാദിമാർദ്രശ്രവണേന്ദുതാരാഃ—ചിത്രയുടെ ആദ്യർക്ഷവും, തിരുവോണവും, മകീരം ഇവ തിങ്കളാഴ്ചയോടുകൂടിയാലൊന്നു്. ബുധ്ന്യശ്വിനീ വിശ്വജനപ്രജേശാഃ—ഉത്രട്ടാതി, അശ്വതി, ഉത്രാടം, ഉത്രം, രോഹിണി ഇവ കുജവാരത്തോടുകൂടി

യാലൊന്നു്. വിശാഗ്നിമിത്രാശ്വശൈലതിത്ഥ്യാഃ—ഉത്രാടം, കാത്തിക, അനിഴം ഇവ പഞ്ചമിയോടു ക്രൂരകതാൻ, സപ്തമിയോടു ക്രൂരകതാൻ ചെയ്ത ബുധവാരത്തോടുക്രൂരിയാലൊന്നു്. ത്രയോദശീമാത്രജലാന്ത്യഭോനി—പുണർതം, പൂരാടം, ഇരവതി ഇവ ത്രയോദശിയോടുക്രൂരി ഗുരുവാരത്തോടുക്രൂരകിലൊന്നു്. ഭഗപ്രചേതോ മരുത്സ്വനന്ദാഃ—ഉത്രം, ചതയം, ചോതി ഇവ നന്ദയാകുന്ന തിഥിയോടുക്രൂരി ശുക്രവാരത്തോടുക്രൂരകിലൊന്നു്. ഭദ്രാസമേതാഃ വസുധാത്രിവാതാഃ— അവിട്ടം, രൊഹിണി, ചോതി, ഇവ ഭദ്രയാകുന്ന തിഥിയോടുക്രൂരി ശനിവാരത്തോടുക്രൂരകിലൊന്നു്. ഇങ്ങിനെ ഏഴു യോഗങ്ങൾ.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടും ശുഭസിദ്ധയോഗങ്ങളെചൊല്ലുന്നു.

21 ഉത്തരാസലില പൌഷ്ണവിഷ്ണവാ
മാത്രമാരുത വസുപ്രചേതസഃ
മിത്രദണ്ഡധര പൌഷ്ണതാരകാ
സ്സോമമിത്രഭഗ വിശ്വവേധസഃ

22 മൈത്രാശ്വിനീമാരുതമാത്രതിഷ്യാ
ഭഗത്രയീനൈർഋതപൌഷ്ണഭസ്രാഃ
ധാത്രഗ്നിവായുത്രയ വാരിനാഥാ
സ്സാക്കാദിവാശാശുഭസിദ്ധയോഗാഃ

ഏതേസാക്കാദിവാരാഃ ശുഭസിദ്ധയോഗാഃ—ഇവ ഏഴു യോഗങ്ങളും ക്രമത്താലെ ആദിത്യവാരം തുടങ്ങി ഏഴുവാരങ്ങളോടും ക്രൂരിയാൽ ശുഭസിദ്ധയോഗങ്ങൾ. ഉത്തരാസലില പൌഷ്ണവിഷ്ണവഃ—ഉത്രം, ഉത്രാടം, ഉത്രട്ടാതി, പൂരാടം, ഇരവതി, തിരുവോണം ഇവ ആദിത്യവാരത്തോടുക്രൂരിയാലൊന്നു്. മാത്രമാരുതവസുപ്രചേതസഃ—പുണർതം, ചോതി, അവിട്ടം, ചതയം ഇവ ചന്ദ്രവാരത്തോടുക്രൂരിയാലൊന്നു്. മിത്രദണ്ഡധര പൌഷ്ണ താരകാഃ—അനിഴം, ഭരണി, ഇരവതി ഇവ കുജവാരത്തോടുക്രൂരകിലൊന്നു സോമമിത്രഭഗവിശ്വവേധസഃ—മകീരം, അനിഴം, ഉത്രം, ഉത്രാടം, രോഹിണി ഇവ ബുധവാരത്തോടു ക്രൂരകിലൊന്നു്. മൈത്രാശ്വിനീ മാരുത മാത്രതിഷ്യാഃ—അനിഴം, അശ്വതി, രോഹിണി, പുണർതം, പൂയം ഇവ ഗുരുവാരത്തോടു ക്രൂരകിലൊന്നു. ഭഗത്രയീനൈർഋതപൌഷ്ണഭസ്രാഃ—ഉത്രം, അത്തം, ചിത്ര, മൂലം, ഇരവതി, അശ്വതി ഇവ ശുക്രവാരത്തോടു ക്രൂരകിലൊന്നു്. ധാത്രഗ്നിവായുത്രയവാരിനാഥാഃ—രോഹി

ണി, കാർത്തിക, ചോതി, വിശാഖം, അനിഴം, ചതയം ഇവ ശനിവാര ത്തോട്ട ക്രൂടകിലൊന്നു്. ഇങ്ങിനെ ഏഴു ശുഭസിദ്ധയോഗങ്ങൾ.

23 ചിത്രാഗ്നീശവരപാശിനോദിനപതേർവ്വാരേസനന്ദാസ്തഥാ
ഭൈമസ്യാസുരസാർപപൈതൃഷ്ണമരുതോയോഗാവരാഖ്യാശുഭാഃ
നന്ദാഭോഗ്യവഭൈമതീക്ഷ്ണമഹസാംഭദ്രാകവീന്ദ്വോർജ്ജയാ
ചാന്ദ്രിക്ഷ്മാസുതയോശ്ശനേരപിവരാപൂർണ്ണാഗുരോസ്സിദ്ധിദാഃ

ദിനപതേഃ വാരേ ചിത്രാഗ്നീശവരപാശിനഃ സനന്ദാഃ—ചിത്ര, കാർത്തിക, തിരുവാതിര, ചതയം ഇവ നന്ദയാകുന്ന തിഥിയോടുകൂടി രവി വാരത്തോട്ട ക്രൂടകിലും. തഥാഭൈമസ്യവാരേസനന്ദാഃ അസുരസാർപ്പ പൈതൃഷ്ണമരുതഃ—മൂലം, ആയില്യം, ഇരവതി, ചോതി ഇവ നന്ദയാകുന്ന തിഥിയോടുകൂടി കുജവാരത്തോട്ടക്രൂടകിലും ഇവ രണ്ടിനും വരയോഗമെന്നുപേർ.

വരാഖ്യാഃ യോഗാഃ ശുഭാഃ—വരയോഗങ്ങൾ ശുഭങ്ങൾ. ഭാർഗ്ഗവ ഭൈമതീക്ഷ്ണ മഹസാംവാരേ നന്ദാസിദ്ധിദാ — ശുക്രവാരത്തുന്നാളും, ഭൈമവാരത്തുന്നാളും, രവിവാരത്തുന്നാളും നന്ദയാകുന്ന തിഥികായ്സിദ്ധി യെ ഉണ്ടാക്കും. ഭദ്രാകവീന്ദ്വോഃ—ശുക്രവാരത്തുന്നാളും ചന്ദ്രവാരത്തുന്നാളും ഭദ്രയാകുന്ന തിഥികായ്സിദ്ധിയെ ഉണ്ടാക്കും. ജയാചാന്ദ്രിക്ഷ്മാസുതയോഃ— ബുധവാരത്തുന്നാളും കുജവാരത്തുന്നാളും ജയ ആകുന്ന തിഥികായ്സിദ്ധി യെ ഉണ്ടാക്കും. ശനേഃ അപിപരാ—ശനിവാരത്തുന്നാൾ 'രിക്താ' ഗുരു വാരത്തുന്നാൾ 'പൂർണ്ണാ' കായ്സിദ്ധിയെ ഉണ്ടാക്കും. ഗുരോഃപൂർണ്ണാ കായ് സിദ്ധിയെ ഉണ്ടാക്കും.

24 തിഥിവാരർക്ഷയോഗായേ പ്രോക്താസ്തേശുഭകർമ്മസു
തത്തദ്വാരർക്ഷഗീതേഷു വിശേഷാത്സിദ്ധിദായിനഃ

യേതിഥിവാരർക്ഷയോഗാഃ പ്രോക്താഃ തേതത്തദ്വാരർക്ഷ ഗീതേ ഷുശുഭകർമ്മസുവിശേഷാൽ സിദ്ധിദായിനഃ—ഇവിടെ യാവചില തിഥി വാരർക്ഷയോഗങ്ങൾ ചൊല്ലപ്പെട്ടവ, അവയെല്ലാം തത്തദ്വാരർക്ഷ ഗീതങ്ങളായിരിക്കുന്ന ശുഭകർമ്മങ്ങളിൽ വിശേഷാലും കായ്സിദ്ധിയെ ഉണ്ടാക്കും. ഇവിടെ ചൊല്ലിയ വിശേഷയോഗങ്ങളെല്ലാം അതാതു കർമ്മങ്ങളിൽ വിധിച്ച നക്ഷത്രവും തിഥിയും വാരവും വരികിൽ വി ശേഷിച്ചും ശുഭങ്ങൾ.

25 സംകൃത്യാകൃതിനാഗസായകജിനൈ രിന്ദ്രോൽകൃതിഭ്യാംജിനൈർ
ഗമനപക്ഷൈസ്ഥിഥി ശക്രനാഗവസുഭിർവ്വേദാഷ്ടശക്രൈഃ ക്രമാൽ
വിദ്യേന്ദ്രാബ്ധിയുഗാക്ഷദിശ്രുതിജിനൈരക്കൈഃ പുരാണൈർയ്യുതാ
നാഡീസ്ത്രിംശദതീത്യഭേഷുപരതോ നാഡ്യശ്ച തസ്രോമൃതം.

ഏതൈഃ യുതാഃ ത്രിംശൽനാഡീഃ അതീത്യഭരതഃ ഭേഷുചതസ്രഃ നാഡ്യഃ അമൃതം—മുപ്പതുനാഴികയും, പിന്നെ ഇപ്പോല്ലിയ നാഴികയും, കഴിഞ്ഞ മേൽ അശ്വതി ആദിയായുള്ള നന്നാലു നാഴിക-അമൃതഘടിക. അശ്വതിക്ക് സംകൃതി എന്നു്, 24, (54) എമ്പത്തിനാലിന്നുമേൽ നാല്. ഭരണിക്ക് ആകൃതി എന്ന, 22, എമ്പത്തിരണ്ടു കഴിഞ്ഞു് നാല് കാത്തികക്ക് നാഗഃ-8 നാഴിക കഴിഞ്ഞു് നാല് രോഹിണിക്ക്. സായകഃ എന്ന അഞ്ചു ഇരിപത്തഞ്ചു നാഴിക കഴിഞ്ഞു് നാല്. മകീരത്തിന്നു ജിനഃ- 24, 54 നാഴികകഴിഞ്ഞ നാലു്. തിരുവാതിരക്ക് ഇന്ദ്രഃ 14, 34 കഴിഞ്ഞ നാല്. പുണർതത്തിന്നു ഉൽകൃതി 16, 36 കഴിഞ്ഞ നാല്, പൂയത്തിന്നു ജിനഃ 24, 54 നാഴിക കഴിഞ്ഞ നാല്, ആയില്യത്തിന്നു 44 മകത്തിന്നു അക്കഃ, 42 പൂരത്തിന്നു തിഥി, 45.....ഉത്രത്തിന്നു ശക്രഃ, 44.....അത്തത്തിന്നു നാഗഃ, 38. ചിത്രക്ക് വസു 38..... ചോതിക്കു വേദ, 34.....വിശാഖത്തിന്നു അഷ്ട, 38.....അനിഴത്തിന്നു ശക്രഃ, 44.....തൃക്കേട്ടക്ക് വിദ്യാ, 48.....മൂലത്തിന്നു ഇന്ദ്രഃ, 44.....പൂരാടത്തിന്നു അബ്ധിഃ, 34.....ഉത്രാടത്തിന്നു യുഗാ, 34.....തിരുവോണത്തിന്നു അക്കഃ, 42.....അവിട്ടത്തിന്നു ദിക്, 40.....ചതയത്തിന്നു ശ്രുതി 48.....പൂരട്ടാതിക്കു ജിനഃ- 54..... ഉത്രട്ടാതിക്ക് അക്ക 42.....നാഴികക്കുമേൽ നാലുനാഴിക, ഇരവതിക്ക് പുരാണം. 48 നാഴികക്കുമേൽ നാലുനാഴിക 'അമൃതഘടിക' ഇങ്ങിനെ.

ഇനി ഇതിന്നു പരൽപേർ ചൊല്ലുന്നു.

26 വിഷ്ണുഃ ശ്രീമാൻ ഫലീശ്രുലീവേണുവ്വിദ്വാൻ ക്ഷണേവശീ
വിദ്വാൻ പ്രഭ്രുശ്രീവോഭോവീ ജഡോദണ്ഡീ ഭഗോഫലീ
വിഭ്രർദ്ദേവോ ഭവാൻ ഭോഗീവേലാരംഭാനഗാദിവി
വിഷ്ണുഃ പ്രഭ്രുർജ്ജവോഽസ്രാദ്രർണ്ണാഭ്യാമുദിതാഃ ക്രമാൽ

27 നാസീരതീത്യോപരിതാശ്ച തസ്രസ്തപാമൃതാഭിധാഃ
അമൃതഘടികാസ്സമസ്തേ ശ്രുതകർമ്മണ്യമൃതയോഗവൽഗ്രാഹ്യാഃ
വിഷരോഗാദിചികിത്സാവിധൌ ശ്രുതാ ഇതിവാച്യമിദം
സമസ്തേശ്രുതകർമ്മണി അമൃതഘടികാഃ അമൃതയോഗവൽഗ്രാഹ്യാഃ

എല്ലാ ശുഭകോഷ്ഠങ്ങളിലും അമൃതഘടികകൾ അമൃതയോഗംപോലെ ഗ്രഹ്യങ്ങൾ. സമസ്തകർമ്മങ്ങൾക്കും അമൃതഘടിക അത്യന്തം ശുഭത്തെ ഉണ്ടാക്കും എന്നർത്ഥം. വിഷരോഗാദിചികിത്സാവിധൌ ശുഭഃ ഇതി ഇദം നവാക്ഷ്യം—വിഷരോഗമാദിയായുള്ളവറ്റിനു ചികിത്സചെയ്യാൻ ശുഭം എന്നു പറഞ്ഞല്ലോ. വിഷരോഗാദിചികിത്സക്ക് ഇതുനല്ലതില്ല.

28 ശശീതദാരൂഢ ഗ്രഹാധിപശ്ച
ലഗ്നാധിനാഥശ്ചയദാത്രയോമീ
ബലാധികാസ്സൽ ഗ്രഹദൃഷ്ടിയുക്താഃ
ഋണാധികം തംകഥയന്തികാലം.

ശശീ, തദാരൂഢ ഗ്രഹാധിപഃ, ച,ലഗ്നാധിനാഥഃ ച അമീത്രയ ബലാധികാഃ സൽഗ്രഹദൃഷ്ടിയുക്താഃ തംകാലം ഋണാധികം കഥയന്തി—ചന്ദ്രനും, ചന്ദ്രന്നില്ലുന്ന രാശിയെ ഉടയവനും, ലഗ്നാധിപതിയും ഇവർ മൂവ്വരും യാതൊരിക്കൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുതാൻ യോഗത്തോടുതാൻ ക്രൂടി ബലാധികന്മാരായിരിക്കുന്നു, അക്കാലത്തെ ഋണാധികം എന്നു ചൊല്ലുന്നു. അക്കാലം പെരികെ മംഗലകരം എന്നു ചൊല്ലുന്നതു.

29 കർത്തുഃ സജന്മസമയാവസിതഗ്രഹാണാം
കൃത്വാഷ്ടവർഗ്ഗകഥിതാക്ഷനിധാനമത്ര
ബഹ്വർക്ഷയോഗവശതഃ ശുഭരാശിമാസ
ഭാവഗ്രഹസ്ഥിതിഷു കർമ്മശുഭംവിദധ്യാൽ

കർത്തുഃ സജന്മസമയാവസിതഗ്രഹാണാം അഷ്ടവർഗ്ഗകഥിതാക്ഷനിധാനം കൃത്വാ അത്ര ബഹ്വർക്ഷയോഗവശതഃ ശുഭരാശിമാസഭാവഗ്രഹസ്ഥിതിഷു ശുഭംകർമ്മവിദധ്യാൽ—കർത്താവിന്റെ ജനനകാലഗ്രഹസ്ഥിതി ഉണ്ടാക്കി അഷ്ടവർഗ്ഗത്തിൽ പരലിട്ടാൽ പരലേറിയ രാശിയിൽ ഗ്രഹങ്ങൾ നില്ക്കുന്നാൾ പരലേറി വീണരാശികളെക്കൊണ്ടു് ശുഭകർമ്മങ്ങളെ ചെയ്യുക.

30 ഇയന്തഏവാത്രഋണാഃ പ്രദിഷ്ടാഃ
ദോഷാപവാദാശ്ചതഥാഹരന്യേ
ഏഷാംവിഭാഗാ ബഹവൊതിസൂക്ഷ്മാഃ
പ്രകീർത്തിതാ വിസ്തരതോ മുനീന്ദ്രൈഃ

അത്രഇയന്തഃ ഏവഗുണാഃ പ്രദിഷ്ടാഃ—ഇവിടെ ഇത്ര മുഹൂർത്തങ്ങളെ ചൊല്ലി. തഥാഅന്യേദോഷാഃപവാദാഃ ചഅനുഹൂഃ—അവ്വണ്ണമേ മറ്റു ചിലർ ഇമ്മുഹൂർത്തഗുണങ്ങളെ ദോഷാപവാദങ്ങളെന്നു ചൊല്ലുന്നോർ. ഏഷാം അതിസൂക്ഷ്മാഃ ബഹവഃ ഭേദാഃ മുനീന്ദ്രൈഃ വിസ്തരതഃ പ്രകീർത്തിതഃ—ഇമ്മുഹൂർത്തഗുണങ്ങളെക്കൊണ്ടതന്നെ അതിസൂക്ഷ്മമായ അനേക മുഹൂർത്തവകഭേദങ്ങളെ ഉണ്ടു് (എന്ന) മഹർഷികൾ ചൊല്ലി.

31 വ്യാസോ'മനോനിരതി'മാഹ ഗുണംപ്രധാനം
'വായുദ്വയം' തു കപില'ശ്ശകുനാനി'ജീവഃ
ഗാർഗ്ഗ്യഃ'പ്രഭാത'മൃഷിരത്രീ'രുപശ്രുതിം'ച
വിഷ്ണുസ്സമസ്തശുഭകർമ്മസു 'വിപ്രവാക്യം'

വ്യാസഃ മനോനിരതിംപ്രധാനം ഗുണംആഹ—ശ്രീവേദവ്യാസൻ, മനസ്സിന്റെ തെളിവിനെ പ്രധാനഗുണമെന്നു ചൊല്ലുന്നു. കപിലഃ വായുദ്വയംതുപ്രധാനം ഗുണംആഹ—കപിലൻ, ശ്വാസം നന്നായിനില്ക്കുപ്രധാനഗുണമെന്നു ചൊല്ലുന്നു. ജീവഃശ്ശകുനാനി—ബൃഹസ്പതി, ശകുനങ്ങൾ നന്നായിരിക്കുപ്രധാനഗുണമെന്നു ചൊല്ലുന്നു. ഗാർഗ്ഗ്യഃപ്രഭാതം—ഗാർഗ്ഗ്യൻ, പ്രഭാതത്തെ പ്രധാനഗുണമെന്നു ചൊല്ലുന്നു. അത്രീഃ ഋഷിഃ, ഉപശ്രുതിംച—അത്രിമഹർഷി, ഉപശ്രുതിയെ പ്രധാനഗുണമെന്നു ചൊല്ലുന്നു. വിഷ്ണുഃ സമസ്തശുഭകർമ്മസുവിപ്രവാക്യം—വിഷ്ണു, സമസ്തശുഭകർമ്മങ്ങളിലും ഒരു ബ്രാഹ്മണൻ "സുമുഹൂർത്തമസ്തു" എന്നു ചൊല്ലുകിൽ എല്ലാം മംഗളമെന്നു ചൊല്ലുന്നു.

32 ഉപാസ്യരാജാനമിവാധികാരീ
ഭക്ത്യാപ്രസാദ്യൈവ ഗുരുംസമന്ത്രം
അഭ്യർച്യദൈവജ്ഞ മനേനദത്ത
ശുഭോമുഹൂർത്തോ, നശുഭോന്യഥാസ്യാൽ.

അധികാരീ രാജാനാം ദൈവജ്ഞം ഉപാസ്യഭക്ത്യാസമന്ത്രംഗുരും ഇവ പ്രസാദ്യ അഭ്യർച്യ അനേനദത്തഃ മുഹൂർത്തഃശുഭഃസ്യാൽ—അമാത്യൻ രാജാവിനെ സേവിക്കുംപോലെ ദൈവജ്ഞനെ സേവിച്ചു്, മന്ത്രാഭ്യാസം ചെയ്യുന്നവൻ ഭക്തികൊണ്ടു് ഗുരുവിനെ പ്രസാദിപ്പിക്കുംപോലെയും ദൈവജ്ഞനെ പ്രസാദിപ്പിച്ചു പൂജിച്ചാൽ ദൈവജ്ഞന്നിയോഗിക്കുന്ന മുഹൂർത്തം ശുഭമായിരിക്കും. അന്യഥാനശുഭഃസ്യാൽ—ഇവ്വണ്ണം ചെയ്യായ്കിൽ ശുഭമല്ല.

33 ദൈവാച്ച്നാദ്യൃഭിരതൊ ജപസിദ്ധിമന്ത്ര
സ്സപ്താംശയുക്തഗ്രഹണദോഷ ബലാബലജ്ഞഃ
മൌഹൂർത്തികോവദതിയത്ത ഫലംമുഹൂർത്തേ
സത്യംതദുക്ത മൃഷിണേവ ഭവേന്നമിത്ഥ്യാ.

ദൈവാച്ച്നാദിരതഃ ജപസിദ്ധിമന്ത്രഃ സപ്താംശയുക്തഗ്രഹണദോഷ ബലാബലജ്ഞഃ മൌഹൂർത്തികഃയൽഫലം മുഹൂർത്തേവദതി, ഉക്തംതൽ ഋഷിണാഉക്തം ഇവ സത്യം ഭവേൽ—ദൈവപൂജാദികമ്മങ്ങളേയും ചെയ്ത നിയമേന മന്ത്രസേവയും ചെയ്ത തിഥിവാരനക്ഷത്രയോഗകരണരാശി ഗ്രഹങ്ങളുടെ ബലാബലനിരൂപണത്തിങ്കൽ വിദഗ്ദ്ധനായിരിക്കുന്ന മൌഹൂർത്തികൻ മുഹൂർത്തത്തിങ്കൽ യാതൊരു ഫലത്തെ ചൊല്ലുന്നു, അതു ഋഷിവചനംപോലെ സത്യമാം. നമിത്ഥ്യാഭവേൽ—അസത്യമാകയില്ല.

34 ദ്രേക്കാണശീതഹനവാംശക കാലഹോരാ
ലഗ്നഗ്രഹാഭ്യുദയ ദൃഷ്ടിഷുയസ്യവീര്യം
തത്തുല്യവസ്തു കഥനാഗമനേക്ഷണാദ്യം
തൽകാലലക്ഷണമസൌ കഥയേന്മുഹൂർത്തേ.

ദ്രേക്കാണശീതഹനവാംശക കാലഹോരാലഗ്നഗ്രഹാഭ്യുദയ ദൃഷ്ടിഷുയസ്യവീര്യം അസൌമുഹൂർത്തേ തത്തുല്യവസ്തു കഥനാഗമനേക്ഷണാദ്യം തൽകാലലക്ഷണം കഥയേൽ—ദ്രേക്കാണം, ചന്ദ്രൻ, നവാംശകം, കാലഹോര, ലഗ്നം, ഗ്രഹങ്ങളുടെ ഉദയം, ദൃഷ്ടി ഇവറ്റിൽ യാതൊന്നിന്നു ബലമുണ്ടായിരിക്കുന്നു. അതിനോടു തുല്യമായുള്ള ദ്രവ്യങ്ങളുടെ കഥനം താൻ വരുവാൻ കാൺകുവാൻ തൽകാലലക്ഷണം ചൊല്ലുക. (ചന്ദ്രനവാംശകം എന്നും പാഠമുണ്ട്.)

35 ശ്ലോകൈരേഭി സ്ത്രിംശതാചതുർഭിശ്ച
പ്രോക്തോവിദ്യാ മാധവീയാഭിധാനേ
ജ്യോതിശ്ശാസ്ത്രേ സൽഗ്രഹാദ്ധ്യശ്ചതുർത്ഥ
സ്സുന്മൂർത്തോ ഭ്രത്സദ്ഗ്രഹാദ്ധ്യായ ഏഷഃ

ശ്രീഃ

പഞ്ചമാദ്ധ്യായം

1 ബലാവബോധേന വിനാനകശ്ച
ദ്വിപശ്ചദിഷ്ടം മുഹൂർത്തം
നിസർഗ്ഗജാദീനി തതോഽധികാസ്യേ
ക്രമേണ സംപൂർണാംഗബലാബലാനി.

കശ്ചിൽ വിപശ്ചിൽ ബലാവബോധേന വിനാ മുഹൂർത്തം ആദേഷ്ടും അലം, ഒരു വിദ്വാനും ബലാവബോധത്തോടുകൂടാതെ മുഹൂർത്തത്തെ നിയോഗിപ്പാൻ ശക്തനല്ല. തത് അഹം നിസർഗ്ഗജാദീനി സപൂർണാംഗബലാനി ക്രമേണ അഭിധാസ്യേ—അതഹേതുവായി ഞാൻ നിസർഗ്ഗബലമാദി ആയി സപൂർണാംഗങ്ങളുടെ ബലാബലത്തെ ചൊല്ലുന്നു.

2 ബലം ശശാങ്കസ്യഹിതിത്ഥ്യ ധീനം
ഗ്രഹാശ്ചസർവ്വേ ശശിവീര്യനിഘ്നാഃ
അതശ്ശുഭേ കർമ്മണി താരകാദേ
സ്തിഥിംബലിഷ്ഠാം നിജഗാദഗാർഗ്ഗ്യഃ

ശശാങ്കസ്യബലംതിത്ഥ്യ ധീനംഹി—ചന്ദ്രനു് തിഥിക്കു ബലമുള്ളപ്പോഴേ ബലമുള്ളൂ. സർവ്വേഗ്രഹാഃ ശശിവീര്യനിഘ്നാശ്ച—എല്ലാ ഗ്രഹങ്ങൾക്കും ചന്ദ്രനു ബലമുള്ളപ്പോഴെ ബലമുള്ളൂ. അതഃശുഭേ കർമ്മണി താരകാദേഃ തിഥിംബലിഷ്ഠാം ഗാർഗ്ഗ്യഃനിജഗാദ—അതഹേതുവായിട്ടു ശുഭകർമ്മത്തിങ്കൽ പഞ്ചാംഗങ്ങളിൽ വെച്ചു തിഥിക്കെ ബലമുള്ളൂ. എന്നു ഗാർഗ്ഗ്യപക്ഷം.

3 സംപൂർണ്ണാതിഥിഭേദനേയദി ഭവേത്താരാ ബലാഢ്യാതദാ
ഭേദേസത്യുഡുനസ്തഥൈവ തിഥിരിത്യേകേമുനീന്ദ്രാജഗുഃ
തിത്ഥ്യർദ്ധോത്തരഗതേ സവീര്യമുദിതം നക്ഷത്രമർദ്ധേതഥാ
നക്ഷത്രസ്യതിഥിസ്സമേ സതിതയോസ്സ്യേവേതി ചാന്യേവിദുഃ

തിഥിഭേദേന താരാസംപൂർണ്ണായ ദിതദാബലാഢ്യാഭവേൽ—തിഥിക്കു മറിവുണ്ടായിരിപ്പു, നക്ഷത്രം മുഴുത്തും ഇരിപ്പു, അപ്പോൾ നക്ഷത്ര

ത്തിന്നു ബലമുള്ളൂ. ഉഡുന:ഭേദേ സതിതഥാ ഏവതിഥി:—നക്ഷത്രത്തിന്നു മുറിവുണ്ടായി തിഥിസംപൂർണ്ണയാകിൽ തിഥിക്കു ബലമുള്ളൂ. ഇതി ഏകേമുനീന്ദ്രാ: ജഗു:—ഇങ്ങിനെ ചില മഹർഷികൾ ചൊല്ലുന്നു—പിന്നെ പക്ഷാന്തരങ്ങളെ ചൊല്ലുന്നു. തിഥ്യർദ്ധോത്തരഗതെ നക്ഷത്രം സവീയ്യം ഉദിതം—തിഥിയുടെ അർദ്ധം കഴിഞ്ഞാൽ നക്ഷത്രം ബലമുള്ളൂ. തഥാ നക്ഷത്രസ്യ അർദ്ധോഗതെ തിഥി:—അവ്വണ്ണമെ നക്ഷത്രത്തിന്നുടെ അർദ്ധം കഴിഞ്ഞാൽ തിഥിക്കു ബലമുള്ളൂ. തയൊ: സമെസതിസാ ഏവ—നക്ഷത്രവും തിഥിയും ഒത്തിരിക്കിൽ തിഥിക്കു ബലമുള്ളൂ. ഇതിച അന്യെവിദു:—ഇങ്ങിനെ മറു ചിലരുടെ പക്ഷം. 'ച' എന്നു് കരണത്തിന്നും പൂർവ്വാർദ്ധത്തിൽ ബലമുണ്ടു്.

4 യഥൊർദ്ധംവിന്ദന്തെ തിഥികരണയൊഗർക്ഷദിവസാ:
ക്രമാപ്തദൈഹ്രണ്യം ബലമിതിഭരദ്വാജവചനം
വളർക്ഷെ വർദ്ധിഷ്ണു:പ്രഭവതിഹി പക്ഷെ തിഥിമയൊ
ഹിമാംശു:ക്ഷീണെസ്മിന്നഡു ബലമിതിശ്രീപതിമതം

തിഥികരണയൊഗർക്ഷദിവസാ: ക്രമാൽ യഥൊർദ്ധ്യം ആപ്തദൈഹ്രണ്യംബലം—വിന്ദന്തെ (വിദധതെ) പഞ്ചാംഗങ്ങളിൽ ബലം കുറഞ്ഞതു തിഥി, തിഥിയെക്കാട്ടിൽ ഇരട്ടി ബലമുണ്ടു കരണത്തിന്നു, കരണത്തെക്കാട്ടിലിരട്ടി ബലമുണ്ടു് യൊഗത്തിന്നു്, യൊഗത്തെക്കാട്ടിലിരട്ടി ബലമുണ്ടു് നക്ഷത്രത്തിന്നു്, നക്ഷത്രത്തെക്കാട്ടിലിരട്ടി ബലമുണ്ടു് വാരത്തിന്നു്, ഇതി 'ഭരദ്വാജവചനം'. ഇങ്ങനെ ഭരദ്വാജമതം-വളർക്ഷെ പക്ഷെ വർദ്ധിഷ്ണു: ഹിമാംശു: പ്രഭവതിഹി—ശുക്ലപക്ഷത്തിൽ നക്ഷത്രവും തിഥിയുമാകുന്നെടത്തു തിഥിക്കു ബലമുള്ളൂ. അസ്മിൻക്ഷീണെ ഉഡു ബലം—കൃഷ്ണപക്ഷത്തിൽ തിഥിയും നക്ഷത്രവും ആകുന്നെടത്തു നക്ഷത്രത്തിന്നു ബലമുള്ളൂ. ഇതി ശ്രീപതിമതം—ഇങ്ങിനെ ശ്രീപതിയുടെ പക്ഷം.

5 തിഥിതിഥിദലയൊഗ വാരതാരാ
ജഗതിഭവന്തി യഥൊത്തരം ബലിഷ്ഠാ:
ഇതിഹരുമതമെ വസാധുമന്യെ
വിവിധമിഹാസ്മ മതംമഹാമുനീനാം

ഇങ്ങിനെ പലരുടേയും പക്ഷങ്ങളെ ചൊല്ലി തന്നുടെ പക്ഷത്തെ ചൊല്ലുന്നു—തിഥിതിഥിദലയൊഗ വാരതാരാ: ജഗതി യഥൊത്തരംബ

ലിഷ്യുഃ ഭവന്തി—പഞ്ചാംഗങ്ങളിൽ എല്ലാറ്റിലും ബലംകുറവതിഥിക്ക്, തിഥിയെക്കാട്ടിൽ ബലമുണ്ട് കരണത്തിന്നു; കരണത്തെക്കാട്ടിൽ ബലമുണ്ട് യൊഗത്തിന്നു; യൊഗത്തെക്കാട്ടിൽ ബലമുണ്ട വാരത്തിന്നു; വാരത്തെക്കാട്ടിൽ ബലമുണ്ട് നക്ഷത്രത്തിന്നു. ഇതി 'ഗുരുമതം'—ഏവസാധുമന്യെ—ഞാൻ ഇങ്ങനെ ഉള്ള ഗുരുമതത്തെ സാധു എന്നു കല്പിക്കുന്നു. ഇഹമഹാമുനീനാം മതം വിവിധമസ്തു മഹാമുനികളുടെ മതം പല പ്രകാരം ഭവിച്ചാലും.

6 ഭശ്:സപാശ്പസഹിതോഹനി കുജാക്വെരെഽ
വിഷ്ടിസ്ഥിരഞ്ചകരണം വ്യതിപാതയോഗഃ:
നക്ഷത്രതോപിബലിന സ്തിഥിവാസരാദി
പ്രാബല്യവാദി മതമേവഹി സാവകാശം

സപാശ്പസഹിത:ഭശ്:, അഹനികുജാക്വിവാരെഽ, വിഷ്ടി:, സ്ഥിരം കരണം, ചവ്യതിപാതയോഗഃ:, ഏതെ നക്ഷത്രത: അപിബലിന: കൃഷ്ണചതുർദ്ദശിയുടെ മേലെ അർദ്ധവും, അമാവാസ്യയും, ശുക്ലപ്രതിപാദത്തിന്റെ ആദ്യർദ്ധവും, ആദിത്യവാരത്തുന്നാളും, കുജവാരത്തുന്നാളും, പകലും, വിഷ്ടിയും, സ്ഥിരകരണവും, വ്യതീപാത നിത്യയോഗവും ഇവറ്റിന്നു് നക്ഷത്രത്തേക്കാട്ടിൽ ബലമുണ്ടു്. തിഥിവാസരാദി പ്രാബല്യമതം സാവകാശംഹി—പഞ്ചാംഗത്തിന്റെ പ്രാബല്യവാദികളുടെ മതം ഇവറ്റിൽ സാവകാശം.

7 പഞ്ചാംഗസ്യ നിസർഗ്ഗജംബലമിദംവൃദ്ധൌ തിഥീന്ദോസ്തിഥേഃ
പൂർണ്ണംതദ്വികലംക്ഷയേ സതിതയോരേകാദിവൃദ്ധൌസമം
വാരസ്യാപിതദീശവീര്യ്യ സദൃശം യോഗസ്യസൂര്യ്യേന്ദുവൽ
ഭസ്യേന്ദോരിവ വർദ്ധതേനദലതി ശ്രേയോത്രവീര്യ്യാനുപിതം

ഇദംപഞ്ചാംഗസ്യനിസർഗ്ഗജംബലം, ഇതു പഞ്ചാംഗത്തിന്റെ നിസർഗ്ഗബലം. തിഥീന്ദോ: വൃദ്ധൌതിഥേ: തൽപൂർണ്ണം—ശുക്ലപക്ഷത്തിൽ ഇന്ദുവൃദ്ധി എങ്കിൽ തിഥിക്ക് ബലംപൂർണ്ണം, തയോ:ക്ഷയേസതിവികലം—കൃഷ്ണപക്ഷത്തിൽ ചന്ദ്രൻ ക്ഷയിക്കുമ്പോൾ തിഥിക്കു ബലം കുറയും. ഏകാദിവൃദ്ധൌസമം—ഒന്നു വർദ്ധിക്കയും ഒന്നു ക്ഷയിക്കുകയും ചെയ്യുമ്പോൾ തിഥിക്കു ബലം സമം. വാരസ്യബലം അപിതദീശവീര്യ്യസദൃശം—വാരാധിപന്റെ ബലത്തിന്നു തക്കവണ്ണം വാരത്തിന്നുടെ ബലം വർദ്ധിക്കും! യൊഗസ്യസൂര്യ്യേന്ദുവൽ—യൊഗത്തിന്നുടെ ബലം ചന്ദ്രാദി

ത്യന്മാരുടെ ബലത്തിന്റെ തക്കവണ്ണം വർദ്ധിക്കുന്നു. ഭസ്യഇന്ദോഃ ഇവ വർദ്ധതേ—നക്ഷത്രബലം ചന്ദ്രന്റെ ബലമുള്ളപ്പോൾ വർദ്ധിക്കുന്നു—അത്ര ഭലതിശ്രേയഃ വീര്യവാനിതംന "നക്ഷത്രബലാദ്രാത്രൗകമ്മ, തിഥിബലാൽ ദിവാകമ്മ എന്നു രല്ലൻ പറയുന്നു.

8 വദന്തിപഞ്ചാംഗ സമേതമേകേ
ലഗ്നം പരേതദ്വി ഗുണപ്രഭാവം
ഷഡംഗതോ പിപ്രബലോഗ്രഹേന്ദ്ര
സ്സർവ്വൈമുനീന്ദ്രൈ രവിവാദമുക്തം

ഏകേലഗ്നം പഞ്ചാംഗസമാനം വദന്തി—ചിലർ ലഗ്നത്തോട്ട സമം പഞ്ചാംഗം എന്നു ചൊല്ലുന്നു. പരെതദ്വിഗുണപ്രഭാവം വദന്തി—മറ്റു ചിലർ പഞ്ചാംഗത്തെക്കാട്ടിൽ ഇരട്ടി ബലമുണ്ടു ലഗ്നത്തിനു എന്നു ചൊല്ലുന്നോർ ഷഡംഗതഃ അപിഗ്രഹേന്ദ്രഃ പ്രബലഃ—ഷഡംഗത്തെക്കാട്ടിൽ ബലമുണ്ടു ഗ്രഹങ്ങൾക്കു, സർവ്വൈ മുനീന്ദ്രൈഃ അവിവാദംഉക്തം—എല്ലാ മഹർഷികളും വിവാദം കൂടാതെ ചൊല്ലിയിരിക്കുന്നു.

9 പ്രാബല്യ മുക്തമൃഷിഭിർയ്യ ദിഹഗ്രഹാദേ
രംഗീകൃതേത്ര പതിതോയ മതിപ്രസംഗഃ
സദ്വാരയോഗ തിഥിരാശി ശുഭോ ദയേഷു
കാര്യംഭവെ ദവിഹിതേ പ്യുഡുനീഷ്ടകാര്യം!!

ഇഹഗ്രഹാദേഃ യൽപ്രാബല്യം ഉക്തം, അത്ര അംഗീകൃതെ അയം അതിപ്രസംഗഃ പതിതഃ— ഇവിടെ മഹർഷികൾ ചൊല്ലിയ ഗ്രഹങ്ങളുടെ പ്രാബല്യത്തെ പരിഗ്രഹിക്കുംപൊൾ ഒരതിപ്രസംഗമുണ്ടാം അതിപ്രസംഗം എന്ത്? എന്നു ചൊല്ലുന്നു! സദ്വാരയൊഗതിഥിരാശി ശുഭോദയേഷു അവിഹിതേ അപിഉഡുനി ഇഷ്ടകാര്യംഭവേൽ— നല്ലൊരുവാരവും നല്ലൊരുയോഗവും നല്ലൊരുതിഥിയും നല്ലൊരുരാശിയും ശുഭോദയവും ഉണ്ടാകുമ്പോൾ അതതു കമ്മത്തിനുകൽ വിധിയാത്ത നക്ഷത്രം കൊള്ളാമെന്നു വരുമെല്ലൊ. എന്നാൽ ഇതിനെ പരിഗ്രഹിക്കരുത്!!—

10 വദന്തുകാമം ബഹുധാമുനീന്ദ്രാ
ബ്രൂമോവയഞ്ചെ തദിഹോപപന്നം
ഷഡംഗമദ്ധ്യേ പ്രബലൈവതാരാ
ഗ്രഹേണതുല്യാ ഗ്രഹതോധികാവാ

മുനീന്ദ്രാഃ ബഹുധാവദന്തുകാമം— മുനീന്ദ്രന്മാർ പലപ്രകാരം പറഞ്ഞാലും; വയം ചഇഹഉപപന്നം ഏതൽബ്രൂമഃ— നാമും ഇവിടെ ഉപപന്നമായിരിക്കുന്നതിനെ ചൊല്ലുന്നുടഷഡം ഗമദ്ധ്യാതാരാ ഏവപ്രബലാ— തിഥിവാര നക്ഷത്രയോഗകരണങ്ങളിൽ വെച്ച് നക്ഷത്രത്തിന്നത്രേബലമേടം. ഗ്രഹേണതുല്യാഗ്രഹതഃ അധികാവാ— ഗ്രഹങ്ങൾക്കും നക്ഷത്രത്തിന്നും ബലമൊക്കും എന്നുചൊല്ലുകിലുമാം. ഗ്രഹങ്ങളെക്കാട്ടിൽ നക്ഷത്രത്തിന്ന ബലമുള്ള എന്നുചൊല്ലുകിലുമാം എന്നീ സപ്താംഗങ്ങളിൽ ഗ്രഹനക്ഷത്രങ്ങൾക്കബലമുള്ള. എന്നതിനുദാഹരണഞ്ഞൊല്ലുന്നത്.

11 അനിഷ്ടയോഗേശനി ഭൌമവാസരേ
സിതാഷ്ടമീവിഷ്ടിയുതേ വിധാത്രഭേ
ഘടേവിലഗ്നേ സഹൃദ്രുദയേകുചി—
ദ്വിവാഹമാഹുർഗ്രഹ താരകാബലാൽ

അനിഷ്ടയോഗേ— നിത്യയോഗങ്ങളിൽ അകാത്തയോഗത്താലൊന്നവത്രു— ശനിഭൌമവാസരെ— വാസരങ്ങളിൽ ശനിവാരന്താൻ കുജവാരന്താൻ

സിതാഷ്ടമീ വിഷ്ടിയുതെ—ശുക്ലപക്ഷത്തിലഷ്ടമിയും വിഷ്ടിയും വത്രു—വിധാത്രഭെ—രൊഹിണിനക്ഷത്രവും വത്രു. ഘടെ വീലഗ്നെ—കുംഭരാശിയും ഹൃദ്രുദയ—ഹൃദ്രുലഗ്നത്തിലും ഉണ്ടാവു ഇങ്ങിനെഇരിക്കുന്ന കാലത്തിംകൽ കുചിൽ— ഗ്രഹതാരകാബലാൽ വിവാഹം ആഹുഃ—രൊഹിണിടെയും, ഹൃദ്രുദയത്തിനുടെയും ബലംകൊണ്ടഒരിടത്തുവിവാഹം കൊള്ളാമെന്ന ചൊല്ലുന്നോർ അതുകയാൽ നക്ഷത്രത്തിന്നും ഗ്രഹത്തിന്നും സപ്താംഗങ്ങളിൽ ബലമുള്ള. തിഥിവാരയോഗേ ക്ഷണരാശികൾ അകാത്തവവരുംപൊഴും രോഹിണിടെയും ഹൃദ്രുദയത്തിനുടെയും ബലംകൊണ്ട വിവാഹഞ്ചൊല്ലുകയാൽ ഗ്രഹനക്ഷത്രങ്ങൾ സപ്താംഗങ്ങളിൽ ബലമുള്ള.

12 തിഥ്യാദിഷ്വപിമദ്ധ്യമേഷുവിബലേഷ്വഗ്നേ വിഹീനേഷ്വതൈഃ
പാത്ഥ്യാനേപി വിധൌരുഡുന്യുഡുബലാൽ ദുഷ്ടാവിവാഹഃകുചിൽ
തിത്ഥ്യാദൌഹൃദ്ഭേഷ്ടഭോദയയുതേ ലഗ്നേപികുശ്ചിച്ഛുഭേ
ന്യായജ്യർക്ഷേണകരോതിയൽസ്ഫുടതമ സ്സ്വീത്രതാരാബലം.

തിഥ്യാദിഷു അപിമധ്യമേഷു വിബലേഷ്വതൈഃ വിഹീനേപാത്ഥ്യാനലഗ്നേപിവിധൌ ഉഡുനി ഉഡുബലാൽ കുചിൽവിവാഹഃ ദുഷ്ടഃ.

തിഥിവാര യോഗകരണങ്ങൾ മദ്ധ്യമങ്ങളായിരിപ്പു. പിന്നെ ബലത്തോടും ക്രൂരതെ ശുഭഗ്രഹങ്ങളോടും ക്രൂരതെഇരിക്കുന്ന കന്നിരാശി ലഗ്നമായിരിപ്പു. അവിടെ രോഹിണിനക്ഷത്രം വരികിൽ ഉഡുബലംകൊണ്ട ഒരിടത്തു വിവാഹം കണ്ടിട്ടുണ്ടു. തിഥ്യാദൌ ശുഭദേശുഭോദയയുതേ ലഗ്നേ അപികശ്ചിൽത്യാജ്യർക്ഷേശുഭം നകരോതിയൽ തിഥിവാരയോഗകരണങ്ങൾ ശുഭങ്ങളായിരിപ്പു ലഗ്നത്തിന്നശുഭോദയമുണ്ടായിരിപ്പു അപ്പോഴും ദുഷ്ടനക്ഷത്രമാകിൽ ഒരുത്തനും ശുഭകർമ്മത്തെയ്യിനോനല്ല. എന്നതു യാതൊന്നോ ഇതഹേതുവായും എല്ലാടത്തും 'നക്ഷത്രങ്ങൾക്ക' ബലമുള്ള എന്ന വ്യക്തം.

13 യഥാനിഹന്തി പ്രബലോഗുണോന്യ
സ്ത്യാജ്യതപദോഷന്തി ഥിവാസരാദേഃ
തഥേഹകശ്ചിന്നഹി താരകായാ
സ്തശ്ചനക്ഷത്രബലം പ്രസിദ്ധം

യഥാപ്രബലഃ അന്യഃ ഗുണഃ തിഥിവാസരാദേഃ ത്യാജ്യതപദോഷം നിഹന്തി തഥാഇഹകശ്ചിൽ താരകായാഃ നഹി—യാതൊരുപ്രകാരം പ്രബലമായിരിക്കുന്ന ഗുണം തിഥിവാസരാദിയുടെ ത്യാജ്യതപദോഷത്തെ ഹനിക്കുന്നു. അവ്വണ്ണം ഇവിടെ നക്ഷത്രങ്ങളുടെ ത്യാജ്യദോഷത്തെ ഒരു ഗുണവും പോക്കുന്നതല്ല. തതഃ ചനക്ഷത്രബലം പ്രസിദ്ധം—അതു കൊണ്ടു തുയിട്ട സംപ്രാംഗങ്ങളിൽ നക്ഷത്രത്തിന്നു ബലമുള്ള എന്ന പ്രസിദ്ധം. ഇനി രാശ്യാദിപ്രാബല്യവും ബ്രഹ്മമുനി സമ്മതമെന്നുപറയുന്നു.—

14 യന്നക്ഷത്രബലമ്മയാനിഗദിതം ഗ്രാഹ്യംമുഹൂർത്തേഷുതൽ
ജ്ഞേയന്നഷ്ടവിചിന്തനാദികഥനെ രാശിഗ്രഹാണാംബലം
പഞ്ചാംഗാദപിജാതകേഷ്വതിബലോ രാശിസ്തതോ പിഗ്രഹോ
യോഗാസ്സ്പുർഗ്രഹതോ ധികാധുരുധുരാരാജാധിയോ ഗാദയഃ

മയായൽ നക്ഷത്രബലം നിഗദിതം തൽമുഹൂർത്തേഷുഗ്രാഹ്യം—ഞാൻ ഇവിടെ യാതൊരു നക്ഷത്രബലത്തെച്ചൊല്ലി അതമുഹൂർത്തങ്ങളിലെക്ക എന്നറിഞ്ഞു കൊള്ളണം. നഷ്ടവിചിന്തനാദികഥനേ രാശിഗ്രഹാണാം ബലംജ്ഞേയം —നഷ്ടവിചിന്തനാദി കഥനത്തിംകൽ രാശികൾക്കും ഗ്രഹങ്ങൾക്കും ബലമുള്ള എന്നറിഞ്ഞു കൊള്ളണം. ജാതകേഷുപഞ്ചാംഗാൽ അപിരാശിഃ അതിബലഃ—ജാതകങ്ങളിൽ പഞ്ചാംഗത്തെക്കാട്ടിൽ രാശിക്കുബലമുള്ള. തതഃ അപിഗ്രഹഃ—രാശിയേക്കാട്ടിൽ ഗ്രഹസ്ഥി

തിക്ക ബലമുള്ള. യോഗം: ശുഭതഃ അധികാഃ സ്യുഃ—യോഗങ്ങൾ ശുഭ ങ്ങളെക്കാട്ടിൽ അതിബലങ്ങൾ ശുഭശുഭരാജാധിയോഗാദയഃ—ശുഭശുഭരാ യോഗം, രാജയോഗം, അധിയോഗം എന്നിങ്ങനെതുടങ്ങി ഉള്ളവ 'ഇത്' വ സിഷ്ഠാദിമതം.'

15 യോഗദ്വയേ വിപ്രതിഷേധയുക്തേ
വാരോത്ഭവസ്തിഥ്യുഡു ജാൽബലിഷ്ഠഃ
വാരർക്ഷയോഗസ്തിഥി വാരയോഗാ
ത്തേഷുത്രിഷുദ്വൈ സദ്ദശൈബലാഢ്യൗ

യോഗദ്വയേ വിപ്രതിഷേധയുക്തേ വാരോത്ഭവഃ തിഥ്യുഡുജാൽ ബലിഷ്ഠഃ— ഒരുയോഗം ശുഭമായിട്ടും ഒരുയോഗം അശുഭമായിട്ടും ഇങ്ങി നെ സമബലവിരുദ്ധങ്ങളിട്ട രണ്ടുദോഷങ്ങളുണ്ടാകുംപോൾ അവിടെ തി ഥിയും നക്ഷത്രവും കൂടീട്ടുള്ളയോഗത്തെക്കാട്ടിൽ വാരംകൂടിയയോഗത്തി ന്നു ബലമുള്ള. തിഥിവാരയോഗത്തിൽ വാരർക്ഷയോഗഃ ബലിഷ്ഠഃ—തിഥി യും വാരവും കൂടീട്ടൊന്നും വാരവും ഋക്ഷവും കൂടീട്ടൊന്നും ഇങ്ങിനെ രണ്ടു യോഗങ്ങൾ സമബലവിരുദ്ധങ്ങളായിട്ടുണ്ടാകുമ്പോൾ വാരവും ഋക്ഷവും കൂടീട്ടുള്ളതിന്നു ബലമുള്ള. തേഷുത്രിഷുദ്വൈ സദ്ദശൈ ബലാഢ്യൗ— അവമൂന്നുംകൂടി മൂന്നുയോഗങ്ങളുണ്ടാകുമ്പോൾ സദ്ദശബലങ്ങളായ രണ്ടി ന്നും ബലമുള്ള. ഉദാഹരണം ചൊല്ലുന്നു.—

16 യൊഗൈദ്വൈരവിജാഷ്ടമീഋ്ഷിണൈ സ്സിദ്ധോബലിഷ്ഠസ്തയോ—
ർദ്വൈപൂർണ്ണാഭരോഹിണീ ഭിരുദിതൈ നാശാഹ്വയോത്രാധികഃ
സ്യാദ്യോഗത്രിതയംശുഭാശുഭഫല മ്മൈത്രദ്വിതീയാബുധൈ
ർവ്വീര്യ്യാഢ്യാവശുഭൈ ശുഭോത്രവിബല സ്സ്വാത്രചൈഷാഗതിഃ

രവിജാഷ്ടമീഋ്ഷിണൈഃ ദ്വൈയോഗൈ ഉദിതൈ—ശനിവാര വും അഷ്ടമിയും രൊഹിണിയും കൂടുമ്പോൾ രണ്ടു യോഗങ്ങളുണ്ടാം. അ വിടെ ശനിവാരവും രോഹിണിയും കൂടുമ്പോൾ 'ശുഭസിദ്ധിയോഗം' അ ഷ്ടമിയും രൊഹിണിയും കൂടിയത് 'ദുഷ്ടയൊഗം'. തതോ സിദ്ധഃ ബലിഷ്ഠഃ അവിടെ വാരം കൂടി ഉള്ളതു ശുഭയോഗം അതുകൊണ്ട അതിന്നു ബലമു ള്ള. ഇവിടെഅഷ്ടമി രോഹിണീജം 'നാശയോഗം' തിഥ്യുഡുയോഗത്തേഅ പേക്ഷിച്ചു ദുർബ്ബലമാം പൂർണ്ണാഭരോഹിണീഭിഃ ദ്വൈയോഗൈ ഉദി തൈ—അത്രനാശാഹ്വയഃ അധികഃ—പൂർണ്ണയും, ശുഭവാരവും രൊഹിണി യും കൂടുംപൊൾ രണ്ടുയോഗങ്ങളുണ്ടാം. ശുഭവാരവും രൊഹിണിയും ക്രൂ

ട്ടുമ്പോൾ ഉണ്ടാകുന്നത ദുഷ്ടയോഗം. ശുക്രവാരവും പൂർണ്ണയും കൂടീട്ടൊന്ന അത്ര 'ശുഭയോഗം' ഇവിടെ ദുഷ്ടയോഗത്തിന്നേ ബലമുള്ളൂ. മൈത്രദ്വിതീയാബുധൈഃ ശുഭാശുഭഫലം യൊഗത്രീതയംസ്യാൽ—അനിഴവും ദ്വിതീയയും ബുധവാരവും കൂട്ടംപൊൾ യൊഗത്രയമുണ്ടാം. ബുധവാരവും അനിഴവും കൂട്ടംപൊൾ 'ശുഭസിദ്ധായൊഗമുണ്ടാം അനിഴവും ദ്വിതീയയും കൂട്ടംപൊൾ 'ദുഷ്ടയോഗം'. ബുധവാരവും ദ്വിതീയയും കൂട്ടമ്പോൾ ഒന്ന 'ദുഷ്ട യൊഗം അത്ര അശുഭദ്വയവീര്യാഢ്യൗ ശുഭഃ വിബലഃ—ഇവിടെ അശുഭ യൊഗങ്ങൾ രണ്ടിനും ബലമുള്ളൂ ശുഭയോഗത്തിനബലമില്ല സർവ്വത്ര ഏഷാഗതിഃ—എല്ലാടത്തും ഇവണ്ണം കണ്ടുകൊൾക.

ഇനി രാശ്യാദിബലത്തെപറയുന്നു

17 ദ്രേക്കാണമാഹ്വഭവനാൽ ബലിഷ്ഠ
ന്തതോംശമംശാദ പികാലഹോരാം
ഏഷാന്നിസർഗ്ഗാൽ ബലമേതദസ്യ
ക്ഷയോദയൈസ്സാമിബലാനുരൂപൈ

ഭവനാൽദ്രേക്കാണം ബലിഷ്ഠംആഹുഃ—രാശിയേക്കാട്ടിൽ ദ്രേക്കാണത്തിന്ന ബലമുള്ളൂ. തതഃ അംശം—ദ്രെക്കാണത്തെക്കാട്ടിൽ നവാംശകത്തിന്ന ബലമുള്ളൂ, അംശാൽ അപികാലഹോരാ—അംശകത്തേക്കാട്ടിൽ കാലഹോരക്ക ബലമുള്ളൂ. ഏതൽ ഏഷാംനിസർഗ്ഗാൽബലം—ഇത ഇവറ്റിന്റെ നിസർഗ്ഗബലം. അസ്യക്ഷയോദയൈസ്സാമിബലാനുരൂപൈ—ഭവനബലവും ദ്രെക്കാണബലവും അംശകബലവും കാലഹൊരാബലവും തന്നുടെ തന്നുടെ അധിപതിക്ക ബലമുള്ളപ്പോൾ ബലിഷ്ഠങ്ങൾ, അധിപതികൾ ദുർബ്ബലങ്ങളാകുംപൊൾ ബലമില്ല.

18 യൽസ്ഥാനദൃഷ്ട്യുദയകാല ഭവംയൽബലം
തുഷ്ടാളുകത്വം
യച്ഛ്രീപതിശ്ചതദധീശവരാഹമിഹിരേണ ബലഞ്ചതുർദ്ധാ
പഞ്ചപ്രകാരമവദത്തദിഹാഭിദധ്മഃ

വരാഹമിഹിരേണരാശേഃ സ്ഥാനദൃഷ്ട്യുദയകാല ഭവംയൽബലം ചതുർദ്ധാളുകത്വം. സ്ഥാനബലം, ദൃഷ്ടിബലം, ഉദയബലം, കാലബലം, എന്നിങ്ങിനെ രാശിക്ക നാലുപ്രകാരം യാതൊരുബലത്തെ വരാഹമിഹിരർ ചൊല്ലി. തദധീശവരവീര്യുകത്വയൽ പഞ്ചപ്രകാരം ശ്രീപതിഃചഅ

വദൽ—സ്ഥാനബലം, ദൃഷ്ടിബലം, ഉദയബലം, കാലബലം, അധിപതി ബലം എന്നിങ്ങിനെ രാശിക്കു യാതൊരുബലത്തെ ശ്രീപതി അഞ്ചുപ്രകാരം ചൊല്ലിയതും. തൽ ഇഹ അഭിദധ്മഃ—അതിനെ ഇവിടെ ചൊല്ലുന്നു.

19 വ്യോമസ്ഥാശ്ചതുരംശ്ര്യേയോ ജലചാരസ്ത്രായേ ദ്വിപാദസ്തനൌ
കീടോന്യേനിഖിലാശ്ചകേന്ദ്രനിരതാഃ സ്യുഃ സ്ഥാനവീര്യ്യാന്വിതാഃ
വീര്യ്യംദൃഷ്ടിഭവം ജ്ഞജീവപതിഭിർദൃഷ്ടസ്യലഗ്നസ്യതൈ
ര്യുക്തസ്യോദയജഞ്ചശുക്രശശഭൃദ്യോഗാച്ച കൈശ്ചിൽസ്മൃതം.

നടെസ്ഥാനബലത്തെച്ചൊല്ലുന്നു—ചതുരംശ്ര്യേയഃ വ്യോമസ്ഥാഃ സ്ഥാനവീര്യ്യാന്വിതാഃ—ചതുഷ്പദരാശികൾക്കു പത്താമിടത്തുബലമുള്ളു. ജലചരാഃ തോയേ—ജലചരരാശികൾക്കു നാലാമിടത്തുബലമുള്ള ദ്വിപാദഃ തനൌ—ദ്വിപാദ്രാശികൾക്കു ലഗ്നത്തിൽബലമുള്ള. കീടഃ അന്യേ-വൃശ്ചികത്തിന്നു ഏഴാമിടത്തു ബലമുള്ള. കെന്ദ്രനിരതാഃ നിഖിലാഃ ച—എല്ലാരാശികൾക്കും കേന്ദ്രത്തിൽ ബലമുണ്ടു. ഇങ്ങിനെ സ്ഥാനബലം. ജ്ഞജീവപതിഭിഃ ദൃഷ്ടസ്യലഗ്നസ്യ ദൃഷ്ടിഭവംവീര്യ്യം—ബുധദൃഷ്ടിതാൻ ഗുരുദൃഷ്ടിതാൻ ലഗ്നാധിപതിയുടെ ദൃഷ്ടിതാൻ യാതൊരുരാശിക്കുമുണ്ടായിരിക്കുന്നു, അതിന്നുദൃഷ്ടിബലംഉണ്ടു. തൈഃ യുക്തസ്യഉദയജംച—ബുധൊദയത്തിൽ ഗുരുദയന്താൻ ലഗ്നാധിപതിയുടെ ഉദയന്താൻ യാതൊരുരാശിക്കു മുണ്ടായിരിക്കുന്നു അതിന്നു ഉദയബലമുണ്ടു കൈശ്ചിൽ ശുക്ര ശശഭൃദ്യോഗാൽചസ്മൃതം—ശുക്രോദയവും ചന്ദ്രോദയവും ഉണ്ടാകിലും ഉദയബലമുണ്ടു എന്നചിലർ ചൊല്ലുന്നു.

ഇനികാലബലത്തെച്ചൊല്ലുന്നു

20 ദിവാദ്വിപാദഃ പശവോനിശായാം
സന്ധ്യാദ്വയെ വാരിചരാസ്സകീടാഃ
ബാലാധികാസ്സ്യുഃ ക്രമശൊഥപഞ്ച
മൂർദ്ധോദയാനാന്നിശിചാഹ്നിവീര്യ്യം.

ദിവാദ്വിപാദഃ—ദ്വിപാദ്രാശികൾക്കു പകൽ ബലമുള്ളു. നിശായാം പശവഃ—ചതുഷ്പദരാശികൾക്കു രാത്രിയിൽ ബലമുള്ള സകീടാഃ വാരിചരഃ സന്ധ്യാദ്വയെ—വൃശ്ചികക്കിന്നും ജലചരരാശികൾക്കും രണ്ടു സന്ധ്യായിംകലും ബലമുള്ള അഥപഞ്ചമൂർദ്ധോദയാനാം നിശി അഹ്നിചവീ

ത്തും—പൃഷ്ഠോദയരാശികൾക്ക രിത്രിയിൽ ബലമുണ്ട്. മുഖോദയരാശികൾക്ക പകൽ ബലമുള്ള ഇങ്ങിനെ കാലബലം.[1]

പിന്നെ അധിപതിബലത്തെചൊല്ലുന്നു ശ്രീപതിമതം

21 [2]ലഡ്ഡലഗ്നപതേർബലേനസഹിതേ തത്തുല്യവീര്യംവിദു
സ്തത്തോപചയസ്ഥിതേ ചസതിതദ്വീര്യൈർബലംജായതേ
പാപാരാതിവിലോകനാദുദയയോർല്ലഗ്നേശരേദ്ധ്വേ
വീര്യോദ്ദൃഷ്ടുദയോതഭവേ ചരഹിതേലഗ്നം സ്മൃതം ദുർബ്ബലം.

ലഗ്നപതേർ ബലേനസഹിതെലഗ്നം തത്തുല്യവീര്യംവിദുഃ—ലഗ്നാധിപതിക്ക ബലമുള്ളപ്പോൾ ലഗ്നത്തിന്നുമതുബലമുണ്ട്. തത്ത ഏവഉപചയസ്ഥിതെചസതിയൽ വീര്യൈർബലംജായതെ—ബലവാനായിരിക്കുന്ന ലഗ്നാധിപനെ ഉപചയത്തിൽ നിൽകിൽ ലഗ്നത്തിന്നു പെരികെബുലമുണ്ട്. പാപാരാതിവിലോകനാദുദയയോഃ ലഗ്നേശരേദ്ധ്വേ ദുർബ്ബലെ ദൃഷ്ട്യുദയൊതഭവെ വീര്യൈചരഹിതെലഗ്നം ദുർബ്ബലം സമൃതം—ലഗ്നാധിപതിക്ക പാപയോഗംകൊണ്ടുതാൻ, ശത്രുഗ്രഹയൊഗംകൊണ്ടുതാൻ, പാപദൃഷ്ടികൊണ്ടുതാൻ, ശത്രുഗ്രഹദൃഷ്ടികൊണ്ടുതാൻ ബലമില്ലായിരിപ്പു, ലഗ്നത്തിന്നു ദൃഷ്ടിബലവും ഉദയബലവുമില്ലാതെ ഇരിപ്പു അപ്പോൾ ലത്തിന്നു ബലമില്ല. വികലപതിയായ സ്ത്രീപോലെ

ഇനിനിസർഗ്ഗഗ്രഹബലത്തെ ചൊല്ലുന്നു

22 മന്ദഭ്രമിസുതവിൽ ഭൃശന
ശ്ചന്ദ്രചണ്ഡമഹസാംനിസർഗ്ഗജം
അസ്തിവീര്യമധികാധികം ക്രമാ
ദ്വീര്യവൃദ്ധ്യുപചയാവധിസ്ഥിതൽ

മന്ദഭ്രമി സുതവിൽ ഭൃശനശ്ചന്ദ്രചണ്ഡമഹസാം നിസർഗ്ഗജം ക്രമാൽ അധികാധികം വീര്യമസ്തി—എല്ലാറ്റിലും ബലംകുറഞ്ഞതു മന്ദൻ

---

1. ജലരാശികളം പൂർവ്വസന്ധ്യയിൽ വൃശ്ചികം പശ്ചിമസന്ധ്യയിൽ ബലമുള്ളവ.

2. ലഗ്നാത്തുബലിനീഹോരാ ദ്രേക്കാണോതിബലീതത:
തതോനവാംശോ ബലവാൻ ദ്വാദശാംശോ ബലീതത:
ത്രിംശാംശോ ബലവാൻ തസ്മാൽ–ഇതിനാരദ:–
ഷഡ്വർഗ്ഗേ നവാംശസ്യപ്രാബല്യം
ഇതി കേചിൽ–(ഹോരാദീനാം സ്വാമിബലമേവ ഗ്രാഹ്യം)

മന്ദനെക്കാട്ടിൽ ഇരട്ടിബലമുണ്ട് കുജനു കുജനെക്കാട്ടിലിരട്ടിബലമുണ്ട് ബുധനു, ബുധനേക്കാട്ടിലിരട്ടിബലമുണ്ട് ഗുരുവിനു, ഗുരുവേക്കാട്ടിലിരട്ടി ബലമുണ്ട് ശുക്രനു, ശുക്രനെക്കാട്ടിലിട്ടിബലമുണ്ട് ചന്ദ്രനു, ചന്ദ്രനെ ക്കാട്ടിലിരട്ടിബലമുണ്ട് ആദിത്യനു, വീര്യവൃദ്ധ്യുപചയാവധീസ്ഥതൽ— ഇങ്ങിനെ ആകയാൽ എല്ലാറ്റിലും ബലം കുറഞ്ഞതു് ശനിക്കു്. എ ല്ലാറ്റിലും ബലമേറിയതു ആദിത്യൻ. ഇതു് നിസർഗ്ഗബലം.

23 നൈസർഗ്ഗികാദുപരിചേഷ്ടിതകാലദൃഗ്ഭികൈ
സ്ഥാനോത്ഭവാനിവിഹഗസ്യ ബലാനിപഞ്ച
ചത്വാരിപൂർവ്വമുദിതാനി ബലസ്യപാദാ
സ്സംപൂർണ്ണമന്യദുപരേ ബലസാമ്യമാഹുഃ

നൈസർഗ്ഗികാൽ ഉപരിവിഹഗസ്യ ചെഷ്ടിതകാലദൃഗ്ഭികൈ സ്ഥാ നോത്ഭവാനി പഞ്ചബലാനി—നിസർഗ്ഗബലത്തിന്നുമേൽ ഗ്രഹങ്ങൾക്കു അഞ്ചുബലമുണ്ടു്. ചെഷ്ടിതബലം, കാലബലം, ദൃഗ്ബലം, ദിഗ്ബ ലം, സ്ഥാനബലം ഇങ്ങിനെ അഞ്ചുബലങ്ങൾ; നൈസർഗ്ഗികബലവും ചേ രുമ്പോൾ ഷഡ്ബലം ഭവിപ്പു. പൂർവ്വം ഉദിതാനി ചത്വാരി, ബലസ്യപാ ദഃ—ചെഷ്ടിതബലവും, കാലബലവും, ദൃഗ്ബലവും ദിഗ്ബലവും ഇവ നാലുമാക്കെയുണ്ടെങ്കിൽ ഗ്രഹത്തിന്നു മുഴുബലം, നാലാലൊന്നുണ്ടാകിൽ കാൽബലം രണ്ടുണ്ടാകിലരബലം, മൂന്നുണ്ടാകിൽ മുക്കാൽബലം ഉണ്ടു്. അന്യത്സമ്പൂർണ്ണം—സ്ഥാനബലമുണ്ടാകിൽ മുഴുബലമുണ്ടു്. അപരെബല സാമ്യം ആഹുഃ—മറ്റുചിലർ എല്ലാത്തിനുമൊക്കും ബലം. എന്നു ചൊ ല്ലുന്നോർ. ഗണിതംചെയ്തു ബലംകാണുക.

ചേഷ്ടിതബലത്തെച്ചൊല്ലുന്നു

24 അസ്ത്യുത്തരസ്മിന്നയനേതു ഭാനോഃ
പക്ഷേ സിതേചേഷ്ടിത വീര്യമിന്ദോഃ
രണേജയാദ്വക്ര ഗതേർശ്ശശാംക
യോഗേനവാസ്ഫീതരുചാംഗ്രഹാണാം

ഉത്തരസ്മിന്നയനേ ഭാനോഃ ചേഷ്ടിതവീര്യം അസ്തി—ആദിത്യനു ഉ ത്തരായണത്തിൽ ബലമുണ്ടു്. ഇന്ദോഃ സിതേപക്ഷേ—ചന്ദ്രനു് ശുക്ലപ ക്ഷത്തിൽ ബലമുണ്ടു്. സ്ഫീതരുചാംഗ്രഹാണാം രണേജയാൽ വക്രഗ തേഃ ശശാങ്കയോഗേനവാ—അസ്തന്തിന്നിരിക്കുന്ന താരാഗ്രഹങ്ങളെവ

ക്കും തങ്ങളിൽ യുദ്ധഞ്ചെയ്ത് ജയിച്ചവനും ബലമുണ്ട്. വക്രചാരമുള്ളവനും ബലമുണ്ട്. ചന്ദ്രനോടുകൂടിയവനും ബലമുണ്ട്. യുദ്ധമെന്ന രണ്ടു ഗ്രഹങ്ങളിടെ മണ്ഡലന്തങ്ങളിൽ തെക്കുവടക്കുനേരെ വരിക? ഇങ്ങിനെ ചേഷ്ടിതബലം.

കാലബലത്തെച്ചൊല്ലുന്നു

25 വീര്യംവ്യൽക്രമവൃദ്ധിമത്സമയജംസൈഃ കാലഹോരാദിനൈ
ർമാസാബ്ദൈരഥ പക്ഷയോർബ്ബലയുതാ സ്സ്വന്തോഽഭാശുക്രമാൽ
ദ്യൂവ്യക്കോശനസോദിവാനി ശിപരേചാന്ദ്രിസ്സദാദ്ഗ്ബലം
ദൃഷ്ടസ്യാസ്തി ച ഭേനേദൃഷ്ടിസദൃശന്തത്തേന സംഖ്യോൽകടം.

സമയജംവീര്യംസൈഃ കാലഹോരാദിനൈഃ മാസാബ്ദൈഃ വ്യൽക്രമവൃദ്ധിമൽ—തന്നുടെ തന്നുടെ കാലഹോര ഉള്ളപ്പോഴും തന്നുടെ തന്നുടെ വാരത്തിന്നാളും, തന്നുടെ തന്നുടെ മാസത്തിലും തന്നുടെ തന്നുടെ വത്സരത്തിലും ഗ്രഹങ്ങൾക്കു കാലബലമുണ്ട്. അഥസന്തഃ അശുഭഃ ചക്രമാൽ പക്ഷയോഃ ബലയുതാഃ—പിന്നെ ശുഭഗ്രഹങ്ങൾക്കു ശുക്ലപക്ഷത്തിൽ ബലമുണ്ട്. പാപഗ്രഹങ്ങൾക്കു കൃഷ്ണപക്ഷത്തിൽ ബലമുണ്ട്. ദ്യൂവ്യക്കോശനസഃദിവാ—ഞായറിന്നും അക്കന്നും ശുക്രന്നും പകൽ ബലമുണ്ട്. നിശിപരേ—ചന്ദ്രകുജമന്ദന്മാക്കു രാത്രിയിൽ ബലമുണ്ട്. ചാന്ദ്രിഃസദാ—ബുധന്നു പകലുംരാത്രിയിലും ബലമുണ്ട്. ഇങ്ങിനെ കാലബലം--പിന്നെ ദ്ഗ്ബലത്തെച്ചൊല്ലുന്നു—ഭേനേദൃഷ്ടസ്യദൃഷ്ടിസദൃശം തേനസംഖ്യോൽകടം—ശുഭഗ്രഹത്തിനുടെ ദൃഷ്ടി ഉള്ളഗ്രഹത്തിന്നു ദ്ഗ്ബലമുണ്ട്. കാൽദൃഷ്ടി ഉണ്ടാകിൽ കാൽബലമുണ്ട്. അരദൃഷ്ടി ഉണ്ടാകിൽ അരബലമുണ്ട്. മുക്കാൽദൃഷ്ടി ഉണ്ടാകിൽ മുക്കാൽബലമുണ്ട്, മുഴദൃഷ്ടി ഉണ്ടാകിൽ മുഴബലമുണ്ട്, ഇങ്ങനെ ദൃഷ്ടിബലം-ദൃഷ്ടിചെയ്യും. ശുഭൻ മിത്രനും ക്രൂടിയായാൽ ഇരട്ടിബലം വർദ്ധിക്കും എന്നറിക. ശത്രുക്ഷേത്രസ്ഥശുഭനെങ്കിൽ വർദ്ധിക്കയില്ല ബലം; മിത്രക്ഷേത്രസ്ഥപാപനാകിൽ കുറകയില്ല ബലം.

പിന്നെ ദിഗ്ബലത്തെച്ചൊല്ലുന്നു.

26 പൂർവ്വാദിദിഗ്വിഹിതരാശിഷുവീര്യവന്തൌ
ജീവേന്ദുജൌരവികുജൌ ശനിരിന്ദുശുക്രൌ
സ്ഥാനോത്ഭവന്തു ബലമാത്മനവാംശതുംഗ
മൂലത്രികോണ നിജരാശി സുഹൃൽഗൃഹേഷു

പൂർവ്വാദിദിഗ്വിഹിതരാശിഷു വീര്യവന്തൌ ജീവേന്ദുജ്ഞൌരവികുജൌശനൈരിന്ദുഭൃഗ്വൌ— ഗുരുബുധന്മാക്ക് ഉദയത്തിൽ ബലമുണ്ട്. രവികുജന്മാക്ക് പത്താമിടത്തു ബലമുണ്ട്. ശനിക്കു ഏഴാമിടത്തു ബലമുണ്ട്. ചന്ദ്രശുക്രന്മാക്ക് നാലാമിടത്തു ബലമുണ്ട്. ഇങ്ങനെ ദിഗ്ബലത്തെച്ചൊല്ലുന്നു. സ്ഥാനോത്ഭവേംശബലം—അതമനവാംശതുംഗ മൂലത്രികോണനിജരാശി സുഹൃൽഗൃഹേഷ്വ—തന്നുടെ തന്നുടെ നവാംശത്തിലും, തന്നുടെ തന്നുടെ ഉച്ചത്തിലും, തന്നുടെ തന്നുടെ മൂലത്രികോണത്തിലും, തന്നുടെ ക്ഷേത്രത്തിലും തന്നുടെ ബന്ധുക്ഷേത്രത്തിലും ബലമുണ്ട്.

27 നീചാരാതിഗൃഹേഷു വക്രഗമനംപുഷ്ണാതിനൈസർഗ്ഗികം
വീര്യംതദ്വിഗുണന്തു മദ്ധ്യമഗൃഹേതുംഗോപമംമിത്രഭേ
സ്വർക്ഷേത്ര്യുച്ചസമം ഭവേദ്ഭശകലം സ്വോച്ചേതദുച്ചാംശകാ
ത്തത്രാന്യൈരവിസംയുതംയദിബലൈ സ്തത്സ്യാദനന്തംബലം.

നീചാരാതിഗൃഹേഷു വക്രഗമനം നൈസർഗ്ഗികംവീര്യം പുഷ്ണാതി—'നീചക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നും ശത്രുക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നും വക്രചാരമുണ്ടാകിൽ നിസർഗ്ഗബലം വർദ്ധിക്കും[1] മദ്ധ്യമഗൃഹേതൽ ദ്വിഗുണം. സമക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ നിസർഗ്ഗബലം ഇരട്ടിക്കും. മിത്രഭേതുംഗോപമം—ബന്ധുക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിലെപ്പോലെ ബലമുണ്ടാം. സ്വർക്ഷേ അത്യുച്ചസമം?—തന്നുടെ ക്ഷേത്രത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ അത്യുച്ചത്തിലെപ്പോലെ ബലമുണ്ടാം. സ്വോച്ചേദ്ദശകലംഭവേൽ—തന്നുടെ ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിരലക്കാട്ടിൽ പത്തിരട്ടിബലം 'കാലാമൃതകാരൻ' 'ഉച്ചേവക്രം' 'ഹീനബലമെന്നു പറയുന്നു' ഉച്ചാംശകാൽതൽ—ഉച്ചാംശത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകിൽ ഉച്ചത്തിലെക്കാട്ടിൽ പത്തിരട്ടി ബലമുണ്ട്. അത്ര അന്യൈഃ ബലൈഃ അവിസംയുതം യദിതൽ അനന്തംബലംസ്യാൽ—ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്നു വക്രചാരമുണ്ടാകുംപോലേ ചേഷ്ടിതബലവും കാലബലവും ദൃഗ്ബലവും ദിഗ്ബലവുംകൂടി ഉണ്ടാകിൽ ബലത്തിന്നു അവസാനമില്ല. 'എന്നു അനുഭവംമൂലം അറിയേണ്ടതാകുന്നു.'

---

1. 'വക്രീനീചബല' സ്വതുംഗഭവനേ, നീചാരിഭവനേ തുംഗബലഃ' ഇതി ഉത്തരകാലാമൃതം ഇവിടെ ഗ്രാഹ്യം. അധികം അനുഭവവും ഏതാണ്ടു ഇങ്ങിനെ കണ്ടുവരുന്നു.

28 ചേഷ്ടാദ്യൈർദ്ധ്യസദ്ദാന്നിസർഗ്ഗജബലം പാദാദിവൃദ്ധ്യാംഭവേ
ദ്ദ്വ്യസ്സന്നിജവർഗ്ഗമിത്രഗൃഹയോഃ മൂലത്രികോണേപിതൽ
സ്ഥാനോത്ഥേന ബലേനതത്ത്രിഗുണിതം സേപാച്ചതദ്ധംശോധികം
നീചേചാസ്ത ഗതേതദർദ്ധരഹിതന്ത്ര്യം ശോനിതം ശത്രുഭേ

ചേഷ്ടാദ്യൈഃ ദ്ധ്യസദ്ദാം നിസർഗ്ഗജബലം പാദാദിവൃദ്ധ്യാംഭവേൽ-ഗൃഹങ്ങൾക്കചേഷ്ടിതബലമാദിയായുള്ള ബലങ്ങളൊന്നുണ്ടാകിൽ നിസർഗ്ഗ ബലത്തിന്നു കാൽബലമേറും. രണ്ടുണ്ടാകിൽ അരബലമേറും. മൂന്നുണ്ടാകിൽ മുക്കാൽബലമേറും. നാലുണ്ടാകിൽ പൂർണ്ണബലമുണ്ട്. നിജവർഗ്ഗമിത്ര ഗൃഹയോഃ മൂലത്രികോണേ തഥാ തൽദ്ദ്വ്യസ്സം—തന്നുടെ വർഗ്ഗത്തിലും ബന്ധുക്ഷേത്രത്തിലും മൂലത്രികോണത്തിലും നിൽക്കുന്ന ഗൃഹത്തിന്നു ചേ ഷ്ടിതാദിബലങ്ങളാലൊന്നുണ്ടാകിൽ അർദ്ധബലം. രണ്ടുണ്ടാകിൽ നിസ ർഗ്ഗബലന്നാലിരട്ടിക്കും. മൂന്നാകിൽ ആറിരട്ടിക്കും. നാലാകിൽ എട്ടിര ട്ടിക്കും. സ്ഥാനോത്ഥേന ബലേനതൽത്രീഗുണിതം—സ്ഥാനബലമുള്ള ഗൃഹത്തിന്നു ചെഷ്ടിതബലത്താലൊന്നുണ്ടാകുംപോൾ നിസർഗ്ഗബലം മൂ ന്നിരട്ടിക്കും. രണ്ടുണ്ടാകുമ്പോൾ ആറിരട്ടി, മൂന്നുണ്ടാകുമ്പോൾ ഒമ്പതിരട്ടി. നാലുണ്ടാകുമ്പോൾ പന്ത്രണ്ടിരട്ടി, സേപാച്ചേതദ്ധംശോധികം—തന്നുടെ ഉ ച്ചത്തിലും, ഉച്ചാംശകത്തിലും നിൽക്കുന്ന ഗൃഹത്തിന്നു ചെഷ്ടിതാദിബ ലങ്ങളുണ്ടാകുമ്പോൾ ബലത്തിന്നു അവസാനമില്ല. നീചേഅസ്തഗതേ ചതദ്ധർഹിതം—നീചത്തിൽ നിൽക്കുന്ന ഗൃഹത്തിന്നും അസ്തഗത നായിരിക്കുന്ന ഗൃഹത്തിന്നും നിസർഗ്ഗബലം പാതി ആയിപ്പോം. ത്ര്യം ശോനിതം ശത്രുഭേ—ശത്രുക്ഷേത്രത്തിൽ നിൽക്കുന്ന ഗൃഹത്തിന്നു ചെഷ്ടി താദിബലമുണ്ടാകുമ്പോൾ നാലൊന്നു ബലമേ ഉള്ളൂ? കാലാമൃതകാരൻ 'നീചേ വക്രം' സേപാച്ചബലമെന്നപോലെ കരുതാമെന്നു അഭിപ്രായ പ്പെട്ടുന്നു.

29 പക്ഷോത്ഭവം ഹിമകരസ്യവിശിഷ്ടമാഹുഃ
സ്ഥാനോത്ഭവന്തു ബലമന്യധികംപരേഷാം
തത്സംപ്രയുക്തമിതരൈ രധികാധികംസ്യാ
ദന്യാനിതേന സദൃശാനി ബഹൂനിചേൽസ്യുഃ

ഹിമകരസ്യ പക്ഷോത്ഭവംബലം വിശിഷ്ടം ആഹുഃ—ചന്ദ്രനു എ ല്ലാറ്റിലും പ്രധാനമായുള്ളതു പക്ഷബലം. പരേഷാംസ്ഥാനോത്ഭവം ബലം അന്യധികം (സ്യാൽ) മറ്റുള്ളവക്കു സ്ഥാനബലമത്രെ പ്രധാനമാ കുന്നതു്. തൽ ഇതരൈ സംപ്രയുക്തം അധികാധികം സ്യാൽ—പ്ര

ധാനബലത്തോട്ട മറ്റുള്ള ഗ്രഹങ്ങൾ ക്രൂടകിൽ ബലത്തിനു അവസാന മില്ല. അന്യാനിബഹ്വനിചേൽതേന സദൃശാനിസ്യുഃ—മറ്റുള്ള ബല ങ്ങളും പലവക ക്രൂടകിൽ പ്രധാനബലത്തോടൊക്കും.

30 മിത്രസ്യവർഗ്ഗേകഥിതംബലംയ
ത്തത്രാധിമിത്രേ ദ്വിഗുണന്തദാഹുഃ
തഥാധിശത്രാവപി ദുർബ്ബലത്വം
മദ്ധ്യസ്ഥതായാമുഭയന്തദൂഹ്യം.

മിത്രസ്യവർഗ്ഗേയൽബലാകഥിതം, തൽതത്ര അധിമിത്രേദ്വിഗുണം ആഹുഃ—ബന്ധുവർഗ്ഗത്തിനുടെ വർഗ്ഗത്തിങ്കൽ യാതൊരു ബലത്തെ ച്ചൊല്ലി. അതെ അവിടെ അതിബന്ധുവായിരിക്കുന്ന ഗ്രഹത്തിനുടെ വ ർഗ്ഗത്തിങ്കൽ ഇരട്ടിക്കും. അഥ അധിശത്രൌ അപിദുർബ്ബലത്വം-ശ ത്രുഗ്രഹത്തിനുടെ വർഗ്ഗത്തിൽ യാതൊരു ബലത്തെച്ചൊല്ലി. അത അ ധിശത്രുവായിരിക്കുന്ന ഗ്രഹത്തിനുടെ വർഗ്ഗത്തിൽ പെരികെക്കുറഞ്ഞു പോം. മദ്ധ്യസ്ഥതായാം ഉഭയംതൽ ഊഹ്യം—ബന്ധുവർഗ്ഗവും ശത്രുവ ർഗ്ഗത്തിലും അല്ലാത്തേടത്തു രണ്ടും നിരൂപിച്ചു കല്പിച്ചുകൊൾക.

31 നിശ്ശേഷദോഷഹരണേ ശുഭവർദ്ധനേച
വീര്യംഗുരോരധികമസ്യ ഖിലഗ്രഹേഭ്യഃ
തദ്വീര്യപാദബലശക്തിഭൃതൌജഞശുക്രൌ
ചാന്ദ്രംബലന്തു നിഖിലഗ്രഹവീര്യ ബീജം.

നിശ്ശേഷദോഷഹരണെ ശുഭവർദ്ധനേചഗുരോഃ അഖിലഗ്രഹെഭ്യഃ അധികംവീര്യംഅസ്തി—നിശ്ശേഷദോഷങ്ങളെ ഹരിപ്പാനും ശുഭങ്ങളെ വ ർദ്ധിപ്പിപ്പാനും എല്ലാഗ്രഹങ്ങളെക്കാട്ടിലും പെരികബലമുണ്ടു ഗുരുവിനു! ജ്ഞശുക്രൌ തദ്വീര്യപാദബലശക്തിഭൃതൌ—ഗുരുവിനുടെ ബലത്തിൽ നാലൊന്നു ബലമുണ്ട് ബുധനു. ഗുരുവിനുടെ ബലത്തിൽ പാതിബലമു ണ്ടു ശുക്രനു[1]. ചാന്ദ്രംബലന്തുനിഖിലഗ്രഹവീര്യബീജം എല്ലാ ഗ്രഹങ്ങള ടേയും ബലത്തിനു ബീജമാകുന്നതു ചന്ദ്രബലം. ചന്ദ്രനുബലമുള്ളപ്പോൾ എല്ലാ ഗ്രഹങ്ങൾക്കും ബലമുണ്ടെന്നർത്ഥം. മൌഢ്യം പാടില്ല.

---

1. അഹംശുക്രശ്ച ചക്രേസ്മിൻ
ശുഭായവിചാരാവഹേ—അനഹംശുഢചാരണാം ദൃഗ്ഗോചരാണാം നിരീക്ഷണാൽ
ശക്തിർമ്മമൈവവിചരേൽ ഗുരുരിത്യാഖ്യയാഗ്രഹഃ ശുക്രസ്യാപിതഥാശക്തിഃ
സർവ്വദോഷഹരാവേതൌ ശുഭകർമ്മണിപൂജിതൌ—ഇതീ ഗുരുമതം.

32 ദോഷാംബുരാശിതരണായ കൃപാർദ്രചേതാഃ
പോതംസസർജ്ജ ഗുരുശുക്രമയം വിധാതാ
പ്രാപ്നൊതുദോഷജലരാശിമനേനതീത്ത്വാ
തത്തീരജാനിശുഭകോശ്യ ഫലാനിലോകഃ .

വിധാതാകൃപാർദ്രചേതാഃ ദോഷാംബുരാശിതരണായ ഗുരുശുക്രമയം പോതംസസർജ്ജ—വിധാതാവ്, ദോഷാംബുരാശി തരണത്തിന്നായിക്കൊണ്ട് കൃപാർദ്രചേതസ്സായീട്ട് ഗുരുശുക്രന്മാരായിരിക്കുന്ന പോതത്തെ സൃഷ്ടിച്ചു. സമുദ്രംപോലെ അനവസാനമായിരിക്കുന്ന മുഹൂർത്തദോഷങ്ങളെക്കൊണ്ടു ശുഭകർമ്മങ്ങളെച്ചെയ്വാനരുതു്. ആ മനുഷ്യരെ വ്യഗ്രചിത്തന്മാരായിക്കണ്ടാറെ വിധാതാവു് കാരുണ്യംകൊണ്ടാർദ്രമനസ്സായീട്ട് ഗുരുശുക്രമയമായിരിപ്പോരു കപ്പലുണ്ടാക്കി എന്നർത്ഥം. അനേനദോഷജലരാശിം തീർത്ത്വാതത്തീരജാനിശുഭകാശ്യഫലാനിലോകഃ പ്രാപ്നോതു—എല്ലാരും ഇക്കപ്പൽകൊണ്ടു ദോഷമാകുന്ന സമുദ്രത്തെ കടന്നു ശുഭകർമ്മങ്ങളുടെ ഫലത്തെ ലഭിക്കട്ടെ.

33 മൂലംകാലതരോഃ സ്മൃതോഹിമരുചിശ്ശാഖാ ദയോന്യഗ്രഹാ
മൂലെതിപ്രബലേ സതിക്ഷിതിരുഹഃ പുഷ്യന്തിശാഖാദയഃ
സന്മൂലന്തരുമാശ്രിതഃഖലുജനഃ പുഷ്പംഫലം വിന്ദതേ
തസ്മാച്ചന്ദ്രബലക്ഷയേ ഹിവിഫലശ്ശുക്രജ്ഞ ജീവോദയഃ .

ഹിമരുചിഃ കാലതരോഃ മൂലഃസ്മൃതഃ—കാലമാകുന്ന വൃക്ഷത്തിന്നു മൂലമാകുന്നതു ചന്ദ്രൻ. അന്യഗ്രഹാഃ ശാഖാദയഃ—അന്യഗ്രഹങ്ങൾ ശാഖ ആദിയായുള്ളവ. മൂലേ അതിപ്രബലേ സതിക്ഷിതിരുഹഃ ശാഖാദയഃ പുഷ്യന്തി—മൂലത്തിന്നു ബലാധിക്യമുള്ളപ്പോൾ വൃക്ഷത്തിന്റെ ശാഖാദികൾ പോഷിക്കും. സന്മൂലം തരും ആശ്രിതഃ ജനഃപുഷ്പംഫലം വിന്ദതേഖലു—മുരടുകളുത്ത തഴച്ചിരിക്കുന്ന വൃക്ഷത്തിന്റെ മുരട്ടുചെന്നാൽ വെണ്ടുവോളം ഫലത്തെ ലഭിക്കാം. തസ്മാൽ ചന്ദ്രബലക്ഷയേ ശുക്രജ്ഞജീവോദയഃ വിഫലോഹി—എന്നാൽ ചന്ദ്രനു ബലമില്ലാതാവുംപോൾ ശുക്രോദയത്തിന്നും ബുധോദയത്തിന്നും ഗുരുദയത്തിന്നും ബലമില്ല.

34 സൃഷ്ടാഗ്രഹേന്ദ്രാന്നിദധേതുലായാ
മേകത്രസവ്വാനപരത്രചന്ദ്രം
പ്രജാപതിഃ സൈവരമതോലയത്ത
ദ്വിശിഷ്ട ആ സീദ്ധിമരശ്മിഭാഗഃ.

പ്രജാപതിഃ ഗ്രഹേന്ദ്രാൻ സൃഷ്ടാതുലായാംനിദധേ—പ്രജാപതി ഗ്രഹങ്ങളെ സൃഷ്ടിച്ചിട്ട് തുലയിലിട്ടു, ഏകതുസവ്വാൻ, അപരത്രചന്ദ്രം—ഒന്നിൽ ഏട്ട ഗ്രഹങ്ങളെയും കൂടിഇട്ടു; ഒന്നിൽ ചന്ദ്രനേയും ഇട്ടു. താൻ സൈപരംഅതൊലയൽ. പിന്നെ തൂക്കിക്കണ്ടു. ഫിമഃശ്മിഭോഗഃവിശിഷ്ടഃ ആസീൽ. ഇങ്ങിനെ തൂക്കീട്ട് ചന്ദ്രന്നിന്നേടന്തുങ്ങിയതു-ഇവണ്ണമാകയാലും ചന്ദ്രബലം പ്രധാനം എന്ന സാധിക്കുന്നു.

ദൈവജ്ഞന്റെ ലക്ഷണത്തെച്ചൊല്ലുന്നു.

35 വേദാദ്ധ്യായീ, വിനീതോ, ഗ്രഹയജനപരഃസ്സത്യവാദീ സുവൃത്തോ
ജ്യോതിശ്ശാസ്ത്രപ്രവീണോ, ഗ്രഹഗണിതപടുഃസ്സോത്ര ദൈവജ്ഞ
ഉക്തഃ

തുഷ്ടേതസ്മിന്മുഹൂർത്തം പ്രദിശതിവസുഭിഃ പൂജിതേ വീര്യവന്ത
സ്തുഷ്ടാസ്സർവ്വേഗ്രഹേന്ദ്രാ പരിഭവകുപിതേ ദുർബ്ബലാസ്സക്രുധഃസ്യുഃ.

വെദാദ്ധ്യായീ—യഥാവൽ മൂന്നുവേദങ്ങളുമനനിക്കവശമായി എല്ലായിപ്പോഴും അവറെ ജപിക്ക സ്വഭാവമായിരിക്കേണം. വിനീതഃ ശാന്തനായിരിക്കേണം. ഗ്രഹയജനപരഃ—നിത്യമായി ഗ്രഹങ്ങളെ പൂജിക്കുന്നോനായിരിക്കേണം. സുവൃത്തഃ—തന്റെ നിത്യാനുഷ്ഠാനങ്ങളെയുഞ്ചെയ്യ നല്ലൊരാചാരത്തോടുംകൂടി ഇരിക്കേണം. ജ്യോതിശ്ശാസ്ത്രപ്രവീണഃ എല്ലായിപ്പോഴും ജ്യോതിശ്ശാസ്ത്രത്തെ പഠിക്കേണം. ഗ്രഹഗണിതപടുഃ ഗ്രഹങ്ങളുടെ ഗണിതത്തിങ്കൽ വിദഗ്ധനായിരിക്കേണം. സഃഅത്രദൈവജ്ഞഉക്തഃ—ഇങ്ങിനെ ഇരിക്കുന്നവന്നു 'ദൈവജ്ഞൻ' എന്ന പേർ. തസ്മിൻ വസുഭിഃ പൂജിതെതുഷ്ടേ മുഹൂർത്തം പ്രദിശതി-സർവ്വേഗ്രഹേന്ദ്രാഃ തുഷ്ടാഃ വീര്യവന്തഃസ്യുഃ—ഇങ്ങിനെ ഇരിക്കുന്ന ദൈവജ്ഞന്റെ കൈകനകമാറ് ധനത്തെ ദക്ഷിണചെയ്തു സന്തോഷിപ്പിച്ചാൽ അവൻ മുഹൂർത്തത്തെ കൊടുക്കുംപോൾ എല്ലാഗ്രഹങ്ങൾക്കും സന്തോഷവും ബലവും ഉണ്ടാം. പരിഭവകുപിതേ ദുർബ്ബലാഃ സക്രുധഃസ്യു—ദുർവ്വചനാദിയാദി ആയുള്ളവറെക്കൊണ്ടു ദൈവജ്ഞനെക്കോപിപ്പിക്കിൽ ഗ്രഹങ്ങൾക്കു ബലമില്ലാതെ പോം. ക്രോധവുമുണ്ടാം.

36 സേവാഭ്യേപ്രദീപ്തസ്സുഖിത സ്രീകോണേ
സപ്തസ്ഥസപ്തഗേഹേ മുദിതസ്സുഹൃദ്ഭേ
ശാന്തസ്തസ്യൈമ്യ ഗ്രഹവർഗ്ഗസംസ്ഥ
ശ്ശുക്രോമതോസൈന്യസ്ഫുടരശ്മിജാലഃ.

സോച്ചൈഃപ്രദീപ്തഃ—തന്റെ ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിനുദീപ്തനെന്നു പേർ. സുഖിതഃത്രികോണേ-മൂലത്രികോണത്തിൽ നിൽക്കുന്നവനു സുഖിതനെന്നു പേർ. സ്വസ്ഥഃസ്വഗേഹേ—തന്റെ ക്ഷേത്രത്തിൽ നിൽക്കുന്നവനു സ്വസ്ഥനെന്നു പേർ. സുഹൃത്തേമുദിതഃ—ബന്ധുക്ഷേത്രത്തിൽ നിൽക്കുന്നവനു മുദിതനെന്നു പേർ. സൌമ്യഗ്രഹവർഗ്ഗസംസ്ഥഃശാന്തഃ—ശുഭഗ്രഹങ്ങളുടെ വർഗ്ഗത്തിൽ നിൽക്കുന്നവനു് ശാന്തനെന്നുപേർ: അസൌസ്ഥടരശ്മിജാലഃ ശകുതഃ മതഃ—അസ്തന്തീന്നിരിക്കുന്നവനു് ശകുതനെന്നുപേർ.

37 ഗ്രഹാഭിഭൂതസ്സു നിപീഡിതസ്സ്യാൽ
ഖലസ്സപാപ ഗ്രഹവർഗ്ഗയാതഃ
സുഹൃത്ഗൃഹേഗൃഹേദ്രോ
നീചേതിഭീതോ വികലോസ്തയാതഃ.

ഗ്രഹാഭിഭൂതഃ സ്യാൽനിപീഡിതഃ—ഗ്രഹയുദ്ധത്തിങ്കൽ തോറവനു് പീഡിതനെന്നുപേർ. പാപഗ്രഹവർഗ്ഗയാതഃ ഖലഃ—പാപഗ്രഹങ്ങളുടെ വർഗ്ഗത്തിങ്കൽ നിൽക്കുന്നവനു് ഖലനെന്നുപേർ. ശത്രുഗൃഹേ ഗൃഹേദ്രുഃ സുഹൃത്ഖിതഃ—ശത്രുക്ഷേത്രത്തിങ്കൽ നിൽക്കുന്നവനു് ദുഃഖിതനെന്നുപേർ. നീചേ അതിഭീതഃ—നീചത്തിങ്കൽ നിൽക്കുന്നവനു് അതിഭീതനെന്നുപേർ. അസ്തയാതഃവികലഃ—അസ്തനായിരിക്കുന്ന ഗ്രഹത്തിനു് വികലനെന്നുപേർ.

38 ദീപ്തഃപൂർണ്ണം വിധത്തേശുഭമഥ സുഖിതഃ പാദഹീനന്തദർദ്ധം
സ്വസ്ഥഃപാദൈർവ്വിഹീനസ്ത്രിഭിരഥ മുദിതശ്ശാന്തശകൈതു ചതുർഭിൽ
അത്യല്പം തത്തയോന്യേ വിദധതിവികലോ ഭീതസംജ്ഞശ്ചനഷ്ടം
ഭീതാദ്യാ ദീപ്തനിഷ്ഠാസ്സ്വശുഭമപിതഥാപ്യുൽക്രമേണ ഗ്രഹാസ്തേ.

ദീപ്തഃഗ്രഹഃപൂർണ്ണം ശുഭം വിധത്തേ—ദീപ്തനായിരിക്കുന്ന ഗ്രഹം ചൊല്ലിയ ശുഭഫലത്തെ ഉണ്ടാക്കും. അഥസുഖിതഃ പാദഹീനം—സുഖിതനായിരിക്കുന്ന ഗ്രഹം മുക്കാൽശുഭത്തെ ഉണ്ടാക്കും. സ്വസ്ഥഃതൽ അർദ്ധം—സ്വസ്ഥനായിരിക്കുന്ന ഗ്രഹം പാതി ശുഭഫലത്തെ ഉണ്ടാക്കും. മുദിതഃ ത്രിഭിഃ പാദൈഃ വിഹീനം—മുദിതനായുള്ള ഗ്രഹം കാൽശുഭഫലത്തെ ഉണ്ടാക്കും. ശാന്തശകൈതു ചതുർഭിൽ—ശാന്തനായിരിക്കുന്നവനും ശകുതനായിരിക്കുന്നവനും കാൽശുഭഫലത്തെ ഉണ്ടാക്കുന്നവർ, അന്യേത്വയഃതൽ അത്യല്പം വിദധതി—പീഡിതനും, ദുഃഖിതനും, ഖലനും

അത്യല്പമായിരിക്കുന്ന ശുഭഫലത്തെ ഉണ്ടാക്കുന്നവർ. വികലഃ ഭീതസംജ്ഞഃ ച നഷ്ടം—വികലനും ഭീതനും ശുഭഫലത്തെ ഉണ്ടാക്കുകയില്ല. ഭീതാദ്യാഃ ദീപ്തനിഷ്ഠാഃ തുതേഗൃഹാഃ വ്യൽക്രമേണ അശുഭം അപിതഥാ വിദധതി—ഭീതനാദി ആയി ദീപ്തനന്തമായുള്ള ഗൃഹങ്ങൾ വ്യൽക്രമേണ അശുഭത്തെയും ഇവ്വണ്ണം ഉണ്ടാക്കുന്നോർ. വികലനും ഭീതനും അശുഭത്തെ പൂർണ്ണമാക്കുന്നവർ. പീഡിതനും ബലനും സുഖിതനും മിക്കവാറും അശുഭത്തെ ഒക്കയുണ്ടാക്കുന്നോർ. മുദിതനും ശാന്തനും ശക്തനും മുക്കാൽ അശുഭഫലത്തെ ഉണ്ടാക്കുന്നോർ. സ്വസ്ഥൻ അല്പംശുഭത്തെ ഉണ്ടാക്കും. സുഖിതൻ കാൽ അശുഭഫലത്തെ ഉണ്ടാക്കും. ദീപ്തൻ അശുഭഫലത്തെ ഉണ്ടാക്കുകയില്ല. യാതൊരു മുഹൂർത്തത്തിനും അനിഷ്ടസ്ഥാനത്തൊരു ഗൃഹമുണ്ടാകുംപോൾ അവൻ ഉച്ചസ്ഥനാകിൽ ദോഷത്തെ ഉണ്ടാക്കുകയില്ല. അസ്തനാകിൽ ദോഷത്തെ സംപൂർണ്ണമാക്കും. യാതൊരു മുഹൂർത്തത്തിനും ഇഷ്ടസ്ഥാനത്തൊരു ഗൃഹമുണ്ടാകുംപോൾ അവനുച്ചസ്ഥനാകിൽ ശുഭഫലം സംപൂർണ്ണം. അസ്തനാകിൽ ശുഭഫലമൊട്ടുമില്ല. ഈ വണ്ണം കണ്ടുകൊൾക.

39 യസ്മിൻ ഗ്രഹേലഗ്ന ഗതേയദുക്തം
ഫലംഗ്രഹസ്സോഽഭ്യുദി തസ്തല്പം
കരോതി തന്മദ്ധ്യ മമഭ്യുദേഷ്യ
ന്നികാമ സംപൂർണ്ണ മുദിയമാനഃ.

യസ്മിൻ ഗ്രഹേലഗ്ന ഗതേയൽഫലം ഉക്തം സഃഗ്രഹഃ അഭ്യുദിതഃ തൽ അല്പം കരൊതി—ശുഭഗ്രഹന്താൻ അശുഭഗ്രഹന്താൻ യാതൊരു ഗൃഹവും ലഗ്നത്തിൽ നിൽക്കുമ്പോൾ യാതൊരു ശുഭഫലത്തെത്താൻ അശുഭഫലത്തെത്താൻ ചൊല്ലി അഗൃഹത്തിനുടെ ഉദയകാലം കഴിഞ്ഞാൽ അല്പമായിരിക്കുന്ന ഫലമേ ഉള്ളൂ. അഭ്യുദേഷ്യൽ തൽമദ്ധ്യമം—ഉദയകാലം മെലിരിക്കിൽ മദ്ധ്യമമായിരിക്കുന്ന ഫലമുണ്ടു്. ഉദീയമാനഃ നികാമസംപൂർണ്ണം ഉദയകാലത്തിങ്കൽ ഫലം സംപൂർണ്ണം ഉദിതാദിയെ ഇവിടെ ഭാവസ്ഫുടം ചെയ്തു കണ്ടുകൊൾക.

ഇനി ശുഭോദയമുണ്ടായാലും മഹാദോഷമില്ലാതെ കണ്ടിരിയ്ക്കുന്നതെന്നു പറയുന്നു.

40 ശുഭഗ്രഹാണാമുദയോസ്തിനിത്യം
നതാവതാ കമ്മശുഭം വിദദ്ധ്യാൽ
ഗ്രാഹ്യോ മഹാദോഷ വിവർജ്ജിതോയ
മിദംമുഹൂർത്തസ്യ പരം രഹസ്യം.

ശുഭഗ്രഹാണാം ഉദയഃ നിത്യം അസ്തി—താവതാശുഭം കർമ്മ നവിദ ധ്യാൽ ശുഭഗ്രഹങ്ങളുടെ ഉദയമൊ നിത്യമായിട്ടുണ്ടല്ലൊ. എന്നാൽ അ തിനെത്തന്നെ പ്രധാനമാക്കി ശുഭകർമ്മങ്ങളെച്ചെയ്കയില്ലാ. മഹാദോഷ വിവർജ്ജിതഃ അയംഗ്രാഹ്യഃ—മഹാദോഷങ്ങളോടും കൂടാതെ ഇരിക്കുന്ന ശുഭോദയം, ശുഭകർമ്മണിതൽ ഗ്രാഹ്യം—ഇദംമുഹൂർത്തസ്യ പരം രഹ സ്യം—ഇതു മുഹൂർത്തശാസ്ത്രത്തിന്റെ പരമരഹസ്യം. അനാപ്തേഷു അപ്ര കാശ്യ മിതിച.

മഹാദോഷങ്ങളെച്ചൊല്ലുന്നു—

41 പാശ്ചാദ്ധ്യതീപാത ഭലം സപാശ്ചാ
ദശ്ചാവിഷ്ട്യുദയശ്ച സാക്ഷാൽ
വാർജ്യാശ്ചതാരാഃ കുജ സൂര്യസൂനേ-
വ്വാരോദയാ സ്സർവ്വഥൈരഭേദ്യാഃ.

പാശ്ചാദ്ധ്യതീപാതഭലം-വ്യതീപാതയോഗത്തിന്റെ പാതിമേൽ ഭാഗം. സപാശ്ചഃ ദർശ്ചഃ—കൃഷ്ണചതുർദ്ദശിയുടെ പാതിമേലെ അർദ്ധ വും അമാവാസ്യയും ശുക്ലപ്രതിപദത്തിന്റെ ആദ്യർദ്ധവും. സാക്ഷാൽ വി ഷ്ട്യുദയഃച—വിഷ്ടിയുടെ ഉദയവും, വർജ്യാഃ താരാഃച—ത്യാജ്യ നക്ഷ ത്രങ്ങളും, കുജസൂര്യസൂനേവാഃ വാരോദയാഃ—കുജവാരവും ശനിവാരവും കു ജോദയവും ശനി ഉദയവും, ഇവറിന്നു ഗുണങ്ങളെല്ലാമുണ്ടായാലും ദോഷ മുണ്ടു്.

42 ഗുളികോദയ വിഷഘടികാ ചന്ദ്രാഷ്ടമപാപസഗ്രഹോഷ്ണശിഖാഃ
അവിഹിതസമാദികാലാ ദിനാന്തചക്രാർദ്ധ യോഗവർഷാന്താഃ
ജന്മാദ്യനിഷ്ടഭാംശാഃ കവിധിഷണാസ്ഥാ ദയോമഹാദോഷാഃ
നവിഭിദ്യന്തേ ബലിഭിർബുധശുക്രഗുരുദയാദിഭിശ്ച ഗുണൈഃ.

ഗുളികോദയവിഷഘടികാ ചന്ദ്രാഷ്ടമപാപസഗ്രഹോഷ്ണശിഖാഃ—ഗുളികോദയം, വിഷഘടികം, അഷ്ടമചന്ദ്രൻ, പാപസഗ്രഹം, ഉഷ്ണശി ഖ,—അവിഹിതസമാദികാലാഃ—അവിഹിത സംവത്സരംതുടങ്ങി ഉള്ള കാലങ്ങൾ. ദിനാന്തചക്രാർദ്ധയോഗവർഷാന്താഃ—സായാഹ്നം, ചക്രാർദ്ധ യോഗം, വർഷാവസാനം, ജന്മാദ്യനിഷ്ടഭാംശാഃ—ജന്മനക്ഷത്രമാദി ആയു ള്ള അനിഷ്ടനക്ഷത്രങ്ങളും, അനിഷ്ടാംശകങ്ങളും. കവിധിഷണാസ്ഥാ ദ യഃ—ഗുരുശുക്രന്മാരുടെ അസ്തമാദിയായുള്ള ഷൾദോഷങ്ങളും. ഏതേമഹാ ദോഷാഃ—നവമഹാദോഷങ്ങൾ, ബുധശുക്രഗുരുദയാദിഭിഃ ബലിഭിഃ ഗു

ണെ: ചനവിഭിദ്യന്തെ—ബുധോദയം, ശുക്രോദയം, ഗുരുദയം എന്നിങ്ങി
നെ ഉള്ള മഹാഗുണങ്ങളുണ്ടായാലും മഹാദോഷങ്ങളെ വർജ്ജിക്കേണം.

43 ദോഷാപവാദസംജ്ഞോയോ
ദ്ധ്യായോസ്മിന്മയാ വിനിർദ്ദിഷ്ടഃ
തത ഏവ ഭവതിസർവ്വം
ഗുണദോഷ ബലാബലജ്ഞാനം.

യസ്മിൻ, ദോഷാപവാദസംജ്ഞഃ യഃ അദ്ധ്യായഃ മയാവിനിർദ്ദിഷ്ടഃ തതഃ ഏവസർവ്വം ഗുണദോഷബലാബലജ്ഞാനം ഭവതി—ഇവിടെ ഞാൻ യാതൊരു ദോഷാപവാദാദ്ധ്യായത്തെച്ചൊല്ലി. അതിനേത്തന്നെ നിരൂപിച്ചാൽ ഗുണദോഷങ്ങളെ ഒക്കെ അറിയാം.

44 സമമുക്തഃ പൃഥഗപി യേദോഷാശ്ച ഗുണാശ്ച സർവ്വകാര്യേഷു
തേഷാം സാമാന്യവിധേർജ്ഞേയോ ബലവാനപിശേഷവിധിഃ.

സർവ്വകർമ്മങ്ങളിലുംയാവ ചില ഗുണങ്ങളുംദോഷങ്ങളും ചൊല്ലപ്പെട്ടവ അവിടെ സാമാന്യവിധിയെക്കാട്ടിൽ വിശേഷവിധിക്ക് ബലമുള്ളു.

45 കാര്യം യദൈകംക്രിയതെ പ്രധാന
ന്തദാസ്യു രന്യാന്യുപസർജ്ജനാനി
ഗ്രാഹ്യോവിരുദ്ധോപ്യുപ സർജ്ജനാനാം
ബലീപ്രധാനാന്ന ഗുണോമുഹൂർത്തഃ.

യദാഏകംകാര്യം പ്രധാനംക്രിയതേ തദാ അന്യാനി ഉപസർജ്ജനാനിസ്യുഃ—യാതൊരിക്കൽ പ്രധാനമായിട്ടു ഒരു കർമ്മംചെയ്യുന്നു. അപ്പോൾ നടെവെണ്ടുന്നവന്റെ നട ചെയ്തുകൊൾക. വിവാഹം പ്രധാനകർമ്മമെന്നിരിക്കൽ പാണിഗ്രഹണത്തിനു നടെത്തവ എല്ലാം അപ്രധാനങ്ങൾ. എന്നീ വണ്ണം കണ്ടുകൊൾക. പ്രധാനാന്നുഗുണ: മുഹൂർത്തഃ ഉപസർജ്ജനാനാം വിരുദ്ധഃ അപിഗ്രാഹ്യഃ—പ്രധാന ക്രിയക്ക് അനുഗുണമായിരിക്കുന്ന മുഹൂർത്തം മുമ്പിലവറിനു വിരുദ്ധമെന്നിരിക്കിലും കൊള്ളാം.

46 ദോഷാണന്ദശധാ ജഗാദ്ധിഷണോ' വീര്യാണിനൈസർഗ്ഗികം
പഞ്ചാംഗേന കൃതാനിപഞ്ചബലിഭി: ക്ഷേത്രൈർഗ്രഹേന്ദ്രൈരപി
സംയോഗൈശ്ചമിഥസ്സമൂഹ ഗണനൈരുൽ പാദിതാനിക്രമാ
ദൈഹുണ്യം ദധതേയതോത്തരമിമാനേവം ഗുണാനാമപി.

ധിഷണഃ ദോഷാണാം ദശധാവീര്യം ജഗാദ—'ബൃഹസ്പതി' ദോഷങ്ങൾക്ക് പത്തുപ്രകാരം ബലത്തെച്ചൊല്ലി. പഞ്ചാംഗേന കൃതാനിപഞ്ച—പഞ്ചാംഗത്താലുണ്ടാക്കപ്പെട്ടവ അഞ്ച്. ക്ഷേത്രൈഃ, ഗൃഹൈശ്ച അപി—ബലികളായിരിക്കുന്ന ക്ഷേത്രങ്ങളെക്കൊണ്ടും ഗൃഹങ്ങളെക്കൊണ്ടും. സംയോഗൈഃ ച മിശ്രഃ—അന്യോന്യ സംയോഗത്തെക്കൊണ്ടും, സമൂഹഗമനൈഃ—പലവ ക്രൂടീട്ടും—ക്രമാൽ ഇമാൻ യഥോത്തരം ദൈഹ്രണ്യം ദധതേ—ഇവ ഒന്നിനൊന്ന് മേലെമേലെ നിന്ന് ഇരട്ടി ഇരട്ടി ബലമുണ്ട്. ഏവം ഗുണാനാം അപി—ഗുണങ്ങൾക്കും ഇങ്ങിനെ.

47 ദോഷാനപിനിഘ്നന്തി ഗുണാബലാദ്ധ്യാ
സ്സമാനതായാം ബലിനോഹിദോഷാഃ
ഇതിദ്വയേഷാഞ്ച വിമൃശ്യവീര്യം
ശ്രേഷ്ഠം ബലീയസ്സുഗുണേഷുകുര്യ്യാൽ.

ബലാദ്ധ്യാഃ ഗുണാഃ ദോഷാനപിനിഘ്നന്തി—ബലാദ്ധ്യങ്ങളായിരിക്കുന്ന ഗുണങ്ങൾ ദോഷങ്ങളെ ഹരിക്കും. സമാനതായാം ദോഷാഃ ബലിനഃ—രണ്ടമൊത്തിരിക്കുന്നെടത്തു ദോഷങ്ങൾക്കു ബലമുള്ളു. ഇതിദ്വയേഷാം ച വീര്യം വിമൃശ്യശ്രേഷ്ഠം ഗുണേഷു ബലീയസ്സുകുര്യ്യാൽ—ഇങ്ങിനെ ഗുണദോഷങ്ങളിടെ വീര്യത്തെ നിരൂപിച്ചിട്ടു ഗുണങ്ങൾക്കു ബലമേറുള്ളപ്പോൾ ശ്രേഷ്ഠകർമ്മമെയ്യുക.

48 ഇതിഷോഡശഭിസ്സൂനുംഗ്രഹണൈ
രുചിരൈഃ പദ്യവരൈർവ്വിഗീതഃ
കൃതസർവ്വ ബലാബലസ്ഥിതി
ർവ്വ്യസിതൊദ്ധ്യായ ഇഷൊഷപഞ്ചമഃ

പഞ്ചമാദ്ധ്യായഃ സമാപ്തഃ

* ലാംകൽക തസ്മാദുപരികൃതീയെ അംശെ ബലവാൻ ദിനമൃത്യുഃ ചദിനഃ..... ത്തിന്നുമേൽ മൂന്നാമംശം ബലവാനായിരിക്കുന്ന ദിനമൃത്യുഃ

---

* ഇത് രണ്ടാമദ്ധ്യായത്തിൽ 'ഭവത്യാദ്യേ—എന്ന ശ്ലോകത്തിന്നുശേഷം ചേർക്കേണ്ടതാകുന്നു—പ്രകരണവശാൽ ആ അദ്ധ്യായത്തിൽ വരേണ്ടതാകുന്നു. മുഖവുര നോക്കുക.

49 ഭൂപാൽഭയം രിപുഭയം വ്യസനംപ്രവാസം
വിത്തക്ഷയം വിശരണഞ്ച ശുക്രേ ക്രിയാസു
കർത്തുഃകരെന്തി ശശഭൃൽക്ര മശൊക്പൂർവ്വൈ
രെകാംഗ്രഹൈസ്സഹ വിശന്ധുമേകരാശൌ.

അക്പൂർവ്വൈഃ ഗ്രഹൈസ്സഹ ഏകരാശൌ ഏകാം ഉഡുംവിശൻ ശശഭൃൽക്രമശഃ കർത്തുഃ ഏതാനിഫലാനികരൊതി—ചന്ദ്രനും അക്നക്ഷത്രങ്ങളുംകൂടി ഒരു രാശിയിൽ ഒരു നാളിൽ നിൽക്കുമ്പോൾ ശുഭകർമ്മ ങ്ങളെതാലെ ഫലത്തെച്ചൊല്ലുന്നു. ആദിത്യന്നിന്നനക്ഷത്രത്തിന്നരാജ ഭയം. കുജന്നിന്നതിന്നു ശത്രുഭയം. ബുധന്നിന്നതിന്നു വ്യസനം. ഗുരുനി ന്നതിന്നു പ്രവാസം. ശുക്രന്നിന്നതിന്നു വിത്തക്ഷയം. ശനിനിന്നതിന്നു മഹാവ്യാധി. ഇങ്ങിനെ

50 ശുക്ലേവാരിധി നാഗരുദ്രതിഥിസംഖ്യാസ്താസുപക്ഷെസിതെ
തൽപൂർവ്വാസുപചിനകൃതമഹനിതിഥിഷു പ്രൊദ്യാനിവിഷ്ടിഃക്രമാൽ
ദിഗ്യാമേഷു ശരാക്ഷിശൈല യുഗഷൾത്ര്യഷ്ടന്ദു സംഖ്യെഷു ചൊ
യാമെഷ്വാദ്യ ജഗദ്ഭരാന്ത്യദഹനെഷ്വദ്ര്യാദ്യ നാഡിഷ്വുച.

ശുക്ലെപക്ഷെ വാരിധി നാഗരുദ്രതിഥിസംഖ്യാഃ താസു അസിതെ പക്ഷെതൽ പൂർവ്വാസു അപിതിഥിഷുക്രമാൽ നകൃതം. അഹ്നിശരാക്ഷി ശൈല ഷൾത്ര്യഷ്ടന്ദു സംഖ്യെഷു ദിഗ്യാമേഷു ആദ്യജഗദ്ഭരാന്ത്യ ദഹ നെഷ്വദ്ര്യാദ്യനാഡിഷു ച വിഷ്ടിഃ പ്രൊദ്യാനി—പൂർവ്വപക്ഷത്തിൽ ചതു ർത്ഥിയുടെ മേൽഭാഗത്തും അഷ്ടമിയുടെ കീഴ്ഭാഗത്തും ഏകാദശിയുടെ മേൽ ഭാഗത്തും പൌർണ്ണമാസിയുടെ കീഴ്ഭാഗത്തും കൃഷ്ണപക്ഷത്തിൽ തൃതീയ യുടെ മേൽഭാഗത്തും സപ്തമിയുടെ കീഴ്ഭാഗത്തും ദശമിയുടെ മേൽഭാഗ ത്തും ചതുർദ്ദശിയുടെ കീഴ്ഭാഗത്തും വരും വിഷ്ടി. ചതുർത്ഥിയുടെ വി ഷ്ടി പടിഞ്ഞാറു അഞ്ചാംയാമത്തിൽ പ്രഥമനാഡിയിൽ ഉദിക്കും. അഷ്ട മിയുടെ വിഷ്ടി അഗ്നികൊടിയിൽ രണ്ടാംയാമത്തിൽ മൂന്നാംനാഴികക്കു ഉദിക്കും. ഏകാദശിയുടെ വിഷ്ടി വടക്കെദിക്കിൽ ഏഴാംയാമത്തിൽ അഞ്ചാംനാഴികക്കു ഉദിക്കും. പൌർണ്ണമാസിയുടെ വിഷ്ടി നിർൃതികൊ ടിയിൽ നാലാംയാമത്തിൽ എട്ടാന്നാഴികക്കു ഉദിക്കും. തൃതീയയുടെ വി ഷ്ടി വായുകൊടിയിൽ ആറാംയാമത്തിൽ മൂന്നാന്നാഴികക്കു ഉദിക്കും സ പ്തമിയുടെ വിഷ്ടി തെക്കെദിക്കിൽ മൂന്നാം യാമത്തിൽ അഞ്ചാംനാഴിക ക്കു ഉദിക്കും. ദശമിയുടെ വിഷ്ടി മീനത്തിന്മേൽ എട്ടാംയാമത്തിൽ ഏഴാന്നാഴികക്കു ഉദിക്കും. ചതുർദ്ദശിയുടെ വിഷ്ടി കിഴക്കെ ദിക്കിൽ നടെത്തെയാമത്തിൽ പ്രഥമനാഡിക്കു ഉദിക്കും.

51 നിത്യാവിഷ്കുംഭൗയൊ വ്യാതിത്ഥ്യാ
വ്യാരർക്ഷാണാം വാരതാരാതിഥീനാം
താരാതിഥ്യാ രാശിതിഥ്യൊരിതീമേ
യൊഗാജ്ഞെയാഷ്ഷ്ടൗ ച ശുഭാശ്ചാശുഭാശ്ച

ഇതി ഇമെഷ്ടൗയോഗാ: ശുഭാ: അശുഭാ: ചജ്ഞെയാ:—ഇങ്ങിനെ ആറു യോഗങ്ങൾ അശുഭങ്ങളായിട്ടും ശുഭങ്ങളായിട്ടും ഉണ്ടു എന്നറിക. എങ്ങിനെ എന്നു ചൊല്ലുന്നു. വിഷ്കംഭോദയ: നിത്യാ:—വിഷ്കംഭാദി നിത്യയോഗങ്ങൾ വാരതിഥ്യാ:—വാരവും തിഥിയും ക്രൂടീട്ടും. വാരർക്ഷാണാം വാരവും നക്ഷത്രവും ക്രൂടീട്ടും. വാരതാരാതിഥീനാം—വാരവും നക്ഷത്രവും തിഥിയും ക്രൂടീട്ടും. താരാതിഥ്യാ: നക്ഷത്രവും തിഥിയും ക്രൂടീട്ടും. രാശിതിഥ്യാ:—രാശിയും തിഥിയും ക്രൂടീട്ടും. ഇങ്ങിനെ ആറുപ്രകാരം.

52 നിന്ദ്യന്തെനിത്യയോഗേഷ്വ പിനവപരിഘസ്സവ്യതീപാതവജ്രൊ
വ്യാഘാതൊവൈധൃതശ്ച പ്രഥമപരിവൃതാശ്ശൂലഗണ്ഡാതിഗണ്ഡാ:
ലോകത്രീംശന്നവൊഷ ർബുധതിഥിവിശിഖദ്വീപതക്കാം ഗസംഖ്യാ
നാഡ്യ:പ്രാന്തെഷു തെഷാമപിഖലു നിയമാത്സജ്ജനൈർവ്വ്ജ്ജനീയാ:

യോഗേഷു അപിപരിഘാദയ: നവനിന്ദ്യന്തെ—നിത്യയോഗങ്ങളിൽ പരിഘമാദി ആയിട്ടു ഒമ്പതുണ്ടു നിന്ദിക്കപ്പെട്ടുന്നു. പരിഘം, വ്യതീപാതം, വജ്രം, വ്യാഘാതം, വൈധൃതം, വിഷ്കംഭം, ശൂലം, ഗണ്ഡം, അതിഗണ്ഡം—എന്നിവ ഒമ്പതും നിന്ദിക്കപ്പെട്ടുന്നവ. തെഷാം അപിപ്രാന്തെഷു ലോകത്രീംശന്നവൊഷ ബുധതിഥി വിശിഖദ്വീപതക്കാംഗസംഖ്യാ: നാഡ്യ; സജ്ജനൈ: നിയമാൽ പർജ്ജനീയാഃഖലു—ഇവ ഒമ്പതു യോഗത്തിന്നുമവസാനത്തിംകൽ ഇച്ചൊല്ലിയ നാഴികകളെ നിയമേന വർജ്ജിക്ക. പരിഘത്തിന്നു അവസാനത്തിംകൽ മൂന്നു നാഴിക, വ്യതീപാതത്തിന്നു മുപ്പതു്. വജ്രത്തിന്നു ഒമ്പതു. വ്യാഘാതത്തിന്നു മൂന്നു്. വൈധൃതത്തിന്നു പതിനഞ്ചു. വിഷ്കംഭത്തിന്നു അഞ്ചു. ശൂലത്തിന്നു ഏഴു്. ഗണ്ഡത്തിന്നു ആറു. അതിഗണ്ഡത്തിന്നു ആറു.

പിന്നെ രണ്ടു പദ്യങ്ങളെക്കൊണ്ടു ദുഷ്ടങ്ങളായിരിക്കുന്ന തിഥിവാരയോഗങ്ങളെച്ചൊല്ലുന്നു.

53 അക്സ്യാഹസ്യക്ക കുലാദ്ര്യക്ക ചതുർത്ഥ്യഃ പ്രാലേയാംശൊശ്ശുല-
ധരൊവ്വീധരഷഷ്ഠ്യഃ
ക്ഷൊണീസൂനൊർഭ്രതൃജം ഗാദ്ര്യിദശമ്യൊനേത്ര ക്ഷൊണീനാ-
ഗനവമ്യശ്ശശിസൂനോഃ
വാഗീശസ്യാഹസ്സരനന്ദദ്വിപപഷ്ഠ്യഃ കാവ്യസ്യാക്ഷിസ്ഥാണു-
ദിഗം ഗാഹിതൃതീയഃ
സൌരസ്യൊവ്വീ ശാതിജഗത്യ സ്സനവമ്യസ്ത്വാജ്യായുക്താസ്സന്ത-
തമേതെതിഥിവാരാഃ

ഏതെതിഥിവാരാഃ യുക്താഃ സന്തതംത്യാജ്യാഃ—ഇച്ചൊല്ലിയതിഥി കളും വാരങ്ങളും ക്രമേണയാൽ എല്ലായിപ്പോഴും വർജ്ജിക്കേണം. അക്സ്യാഹസ്യക്കുലാദ്ര്യക്ക ചതുർത്ഥ്യഃ—ഷഷ്ഠി, സപ്തമി, ദ്വാദശി, ചതുർത്ഥി, ഇവററാലൊന്നും രവിവാരവും ക്രമേണയാൽ. പ്രാലെയാംശൊഃ ശ്ശുരധരൊവ്വീധരഷഷ്ഠ്യഃ—ഏകാദശി, സപ്തമി, ഷഷ്ഠി, ഇവററാലൊന്നും ചന്ദ്രവാരവും ക്രമേണയാൽ. ക്ഷൊണീ സൂനൊഃ ഭ്രതൃജംഗാദ്ര്യിദശമ്യഃ—പഞ്ചമി, അഷ്ടമി, സപ്തമി, ദശമി, ഇവററാലൊന്നും കുജവാരവും ക്രമേണയാൽ. നേത്രക്ഷൊണീനാഗനവമ്യഃ ശശിസൂനോഃ—ദ്വിതീയ, പ്രതിപദം, അഷ്ടമി, നവമി ഇവററാലൊന്നും ബുധവാരവും ക്രമേണയാൽ. വാഗീശസ്യ അഹസ്സരനന്ദദ്വിപഷഷ്ഠ്യഃ—ദ്വാദശി, നവമി, അഷ്ടമി, ഷഷ്ഠി—ഇവററാലൊന്നും ഗുരുവാരവും ക്രമേണയാൽ. കാവ്യസ്യ അക്ഷിസ്ഥാണുദിഗംഗാഹിതൃതീയാഃ—തൃതീയ, ഏകാദശി, ദശമി, ഷഷ്ഠി, അഷ്ടമി, തൃതീയ ഇവററാലൊന്നും ശുക്രവാരവും ക്രമേണയാൽ. സൌരസ്യ ഉവ്വീശാതിജഗത്യഃ സനവമ്യഃ—സപ്തമി, തൃയൊദശി, നവമി, ഇവററാലൊന്നും ശനിവാരവും ക്രമേണയാൽ. ഇങ്ങിനെ ഇല ദുഷ്ടയോഗങ്ങൾ.

ഇനി രണ്ടു പദ്യങ്ങളെക്കൊണ്ടു ദുഷ്ടങ്ങളായിരിക്കുന്ന വാരതാരായോഗങ്ങളെച്ചൊല്ലുന്നു.

54 പിതൃയമവസുമൈത്രെ ന്ദ്രഗ്നിശ്രുപ്പ്രാശ്വിനിന്ദ്രൈ
ർദ്ധ്രുജലപിതൃ ശൂർപ്പ്രതാഷ്ടമൈത്രൊത്തരാഭിഃ
അഹിഗിരിശവിശാഖാശക്രപൌഷ്ണാം ബുധൾക്കൈ
വ്വസുനിരൃതിയമാശ്വിനിന്യസ്യ ഭാർഗ്ഗവിദൈവൈഃ

55 ഭഗജലപതിരോഹിണ്യഗ്നി ചിത്രെന്ദ്രധ്രുവൈ
ർമ്മരുദജ യമശ്രുർപ്പാർദ്ധർക്ഷ പൂഷ്ണാഹിപൈത്രൈ

രവിഭൂമിഭഗമാത്മതാഷ്ടതൊയത്രയാന്ത്യൈ
ശുഭകൃതീഷ്വവിനിന്ദ്യാ വാരയൊഗാഃ ക്രമേണ

ഏതൈഃ വാരയോഗാഃ ക്രമെണ ശുഭകൃതിഷ്വവിനിന്ദ്യാഃ—ഇച്ചൊല്ലിയവറൊടുള്ള ക്രമത്താലെ സൂര്യാദിവാരങ്ങളിടെ യൊഗങ്ങളെ ശുഭകർമ്മങ്ങളിൽ വജ്ജിക്ക. പിതൃയമവസുമെത്രെന്ദ്രഗ്നി ശ്രീപ്പാശവിനീന്ദ്രൈഃ—മകം, ഭരണി, അവിട്ടം, അനിഴം, മകീരം, കാത്തിക, വിശാഖം, അശ്വതി, തൃക്കേട്ട ഇവററാലൊന്നും സൂര്യവാരവും ക്രൂട്ടുകിൽ, ഭൂജലപിതൃശ്രീപ്പതപാഷ്ടമൈത്രൊത്തരാഭിഃ—പൂയം, പൂരാടം, മകം, വിശാഖം, ചിത്ര, അനിഴം, ഉത്തരാത്രയം, ഇവററാലൊന്നും ചന്ദ്രവാരവും ക്രൂടുകിൽ. അഹിഗിരിശവിശാഖാ ശക്രപൈഷ്ണാംബുഷൾകൈഃ—ആയില്യം, തിരുവാതിര, വിശാഖം, തൃക്കേട്ട, ഇരവതി, പൂരാടത്തുടങ്ങി ആറും ഇവററാലൊന്നും കുജവാരവും ക്രൂടുകിൽ, വസുനിഭ തിയമാശവിനൃന്ത്യ ഭാദ്രദ്വിദൈവൈഃ—അവിട്ടം, മൂലം, രേണി, അശ്വതി, ഇരവതി, പൂരട്ടാതി, വിശാഖം ഇവററാലൊന്നും ബുധവാരവും ക്രൂടുകിൽ, ഭഗജല പതിരൊഹിണ്യഗ്നി ചിത്രൈന്ദ്രഭൈഃ—ഉത്രം, ചതയം, രോഹിണി, കാത്തിക, ചിത്ര, മകീരം, തിരുവാതിര ഇവററാലൊന്നും ഗുരുവാരവും ക്രൂടുകിൽ മരുദജയമശ്രീപ്പാദ്ർക്ഷ പുഷ്യാഹിപൈത്രൈഃ—ചോതി, രോഹിണി, ഭരണി, വിശാഖം, മകീരം ചിത്ര അവിട്ടം, പൂയം ആയില്യം, മകം—ഇവററാലൊന്നും, ശുക്രവാരവും ക്രൂടുകിൽ, രവിഭൂമിഭഗമാത്മതാഷ്ടതൊയത്രയാന്ത്യൈഃ—അത്തം, പൂയം, പുണർതം, ചിത്ര, പൂരാടം, ഉത്രാടം, തിരുവോണം, ഇരവതി ഇവററാലൊന്നും ശനിവാരവും ക്രൂടുകിൽ, ഇച്ചൊല്ലിയ ദുഷ്ടങ്ങളായിരിക്കുന്നെ വാരതാരായോഗങ്ങൾ.

56 പഞ്ചമ്യാ സഹകൃത്തികാ ദിനകരെ ചിത്രാദ്വിതീയെവിധൌ
രാകാധാത്രയുതാ കുജെശശിസുതെയാമ്യാനിതാ സപ്തമീ
ജീവെമൈത്രയുതാ ത്രയൊദശതിഥി ശ്രൊണാസഷഷ്ഠീ ഭൃഗൌ
മന്ദെപൈഷ്ണയുതാഷ്ടമീതിഗദിതാ യൊഗാവിഷാഖ്യാ ഇമെ.

ഇമെയോഗാഃ വിഷാഃ—ഇച്ചൊല്ലുന്ന യോഗങ്ങൾ വിഷയോഗങ്ങൾ. പഞ്ചമ്യാ സഹകൃത്തികാ ദിനകരെ—രവിവാരവും പഞ്ചമിയും കൃത്തികയും കൂട്ടുകിലും, ചിത്രാ ദ്വിതീയെ വിധൌ—സോമവാരവും ചിത്രയും ദ്വിതീയയും കൂട്ടുകിലും, രാകാധാത്രയുതാകുജെ—കുജവാരവും പൈഷ്ണമാസിയും രോഹിണിയും കൂട്ടുകിലും, ശശിസുതെയാമ്യാനിതാ സപ്തമീ—ബുധവാരവും ഭരണിയും സപ്തമിയും കൂട്ടുകിലും, ജീവെമൈത്രയുതാത്രയൊ

ദശിതിഥി:—ഞായറാഴ്ചയും, അനിഴവും, ത്രയോദശിയും ക്രൂരകിലും, തൃ ക്കാണാസഷഷ്ഠീഭൃഗുവ—ശുക്രവാരവും, തിരുവോണവും ഷഷ്ഠിയും ക്രൂരകിലും, മന്ദപൌഷ്ണയുതാ അഷ്ടമീ—മന്ദവാരവും, ഇരവതിയും, അഷ്ടമിയും ക്രൂരകിലും, ഇവ വിഷയോഗങ്ങൾ.

57 തിഥയഃ ക്രമേണകാഷ്ഠാ ത്രയോദശമഹീരവിഷ്ണു വസുസംഖ്യാഃ
വിധിഗോജല ഭുജഗാനലഭോഗ്യയുതാഭക്ഷല്ലഞ്ജിനാമാനഃ

ദശമിയും രോഹിണിയും ക്രൂരിയാലും, ത്രയൊദശിയും ഉത്രവും ക്രൂരിയാലും, പ്രതിപദവും പൂരാടവും ക്രൂരിയാലും, ദ്വാദശിയും ആയില്യവും ക്രൂരിയാലും, പഞ്ചമിയും കാർത്തികയും ക്രൂരിയാലും, അഷ്ടമിയും പൂരട്ടാതിയും ക്രൂരിയാലും, ഇവ ദുഷ്ടയോഗങ്ങൾ. ഇവ നക്ഷത്രലഞ്ജികളാകുന്നു.

58 ശ്രുഭേഷു ചിത്രാദ്വയ മുത്തരാത്രയ
മൈത്രംമഘ്നാം വൈധസമക്കനൈർഋതെ
* ത്രയോദശാഗ്നി ദ്വിശരാഷ്ട സപ്തമീ
തിഥ്യന്വിതാനിക്രമശോ വിവർജ്ജയൽ

ത്രയോദശാഗ്നി ദ്വിശരാഷ്ട സപ്തമീതിഥ്യന്വിതാനി ചിത്രാദ്വയം ഉത്തരാത്രയം മൈത്രം മഘ്നാം വൈധസം അക്കനൈർഋതെ—ക്രമശഃ ശുഭേഷുവിവർജ്ജയൽ—ചിത്രയും ചോതിയും ത്രയോദശിയോടു കൂടിയാലും, ഉത്തരാത്രയം തൃതീയയോടു കൂടിയാലും, അനിഴം ദ്വിതീയയോടു കൂടിയാലും. മകം പഞ്ചമിയോടു കൂടിയാലും. രോഹിണി അഷ്ടമിയോടു കൂടിയാലും, അത്തവും മൂലവും സപ്തമിയോടു കൂടിയാലും ദുഷ്ടയോഗങ്ങൾ വർജ്ജിക്ക.

59 മകരവണിജൌലയൈണൌ സ്രീയമൌഹയകർക്കടാ
വളിമൃഗപതീ ചാപാന്ത്യൌ ഗൊത്ഥഷൌ വിഷമാസപമീ

---

* 1. ഉത്തരാഗാഗ്ര്യേ ഏവം ദൃശ്യതേ—
രോഹിണിതൃതീയാ, മകീരംഷഷ്ഠി, പൂയം ദശമി, അനിഴം ദ്വാദശി, തിരുവോണം പഞ്ചമി, രേവതി സപ്തമി ഈ യോഗം ഉള്ള ദിനങ്ങളിൽ ചെയ്യും കായ്യം ഭസ്മീഭവിക്കുമെന്നു—

2. ആദ്യാഷ്ടാഗ്ര്യേ ച പൌഷ്ണം ച സപ്തമീസഹിതേയടി
ദ്വിതീയ യാശ്വിനീയുക്താ പ്രജാനാം പാപഹാരിണീ
എന്ന വിശേഷം ഗുരുപദേശം—

തിഥിഷ്വേകാദസമാസ്വേവമേ ദശാഭവന്തി തഥാഷ്ടൗ വൃഷ
ശശിഭമബലാകീടൌ നക്രഃക്രമാദ്ദശമാനപിതാഃ

അമീവിഷ്മാസുതിഥിഷു ദശാഭവന്തി. മകരവാണിജ്യൗ, ലെ
യ്യെണ്ണും, സ്ത്രീയുമെന്നു, ഹയകക്കടെന്നു, അളിമൃഗപതീ, ചാപാംഗന്ത്യനു,
ഗൊത്തഷ്ടെന്നു അമീ--ദശരാശികളെച്ചൊല്ലുന്നു--പ്രതിപദത്തുന്നാൾ മ
കരവും തുലാവും, തൃതീയനാൾ ചിങ്ങവും മകരവും, പഞ്ചമിനാൾ കന്നി
യും മിഥുനവും, സപ്തമിനാൾ ധനവും കക്കടവും, നവമിനാൾ വൃശ്ചിക
വും സിംഹവും, ഏകാദശിനാൾ ധനവും മീനവും, ത്രയോദശിനാൾ ഇട
വവും മീനവും, ഇവ ദശ്രാരാശികൾ. തഥാഷ്ടൗ വൃഷഃ ശശിഭം അബലം
കീടഃ നക്രഃ ഏതെദശമാനപിതാഃ ക്രമേണ സമാസു തിഥിഷുദശാഃ ഭവന്തി-
ദ്വിതീയനാൾ മീനവും ധനവും, ചതുർത്ഥിനാൾ ഇടവവും കുംഭവും, ഷ
ഷ്ഠിനാൾ കക്കടവും മേടവും, അഷ്ടമിനാൾ കന്നിയും മിഥുനവും, ദശമി
നാൾ വൃശ്ചികവും ചിങ്ങവും, ദ്വാദശിനാൾ മകരവും തുലാവും, ഇവ ദ
ശ്രാരാശികൾ.

60 ദ്വിഹ്രണിത മനുമുനിതിഥയഃ
കൃതിഹയതിഥി തിഥി ഹരാമനുദ്വിതയം
ദ്വിഹ്രണിതശകപ്യും ക
ദ്വീപാഷ്ട്യഷ്ടി ശകൃതിശരദ്വീപാഃ

61 അത്യഷ്ടിഗിരിഹര സപ്തഗിരിതിഥയൊ
മനുയുഗേന്ദ്ര യുഗബാണാഃ
ഏതത്സംഖ്യാ സപ്ത്യാനാഡ്യൊ
ദസ്രാദിഭേഷു നിമ്നാഖ്യാഃ

ഇനി രണ്ടു പദ്യങ്ങൾകൊണ്ടും താരകാനിമ്നത്തെച്ചൊല്ലുന്നു—

ദസ്രാദിഭേഷു ഏതത്സംഖ്യാസു അന്ത്യാ നാഡ്യഃ നിമ്നാഖ്യാഃ—
അശ്വതി ആദി ആയുള്ള നക്ഷത്രങ്ങളിൽ ഇച്ചൊല്ലിയ ഭ്രുതസംഖ്യകളി
ടെ ഒടുക്കത്തിലെ ഒരു നാഴികയും താരകാനിമ്നം. അശ്വതിക്കു-ദ്വി
ഹ്രണിതമനു-ഭരണിക്കു-മുനി, കാർത്തികക്കു-തിഥി, ഇങ്ങനെ ക്രമത്താലെ
കണ്ടുകൊൾക—ദ്വിഹ്രണിതമനു-28, മുനി-7. തിഥി-15. കൃതി-20.
ഹയ-7. തിഥി-15. തിഥി-15. ഹരാ-11. മനുദ്വിതയം-28. ദ്വിഹ്രണിത
ശകപ്യുരി-28. അംകം. 9. ദ്വീപം-7. അഷ്ടി-16, അഷ്ടി-16. ഈശ-11.

കൃതി-20. ശരം-5. ദ്വീപം-7. അത്യഷ്ടി-17. ഗിരി-7. ഹര-11. സ്വ രം-7. ഗിരി-7. തിഥി-15. മനുയുഗം-23. ഇന്ദ്രയുഗം-28. ബാണം-5. ഇങ്ങനെ കണ്ടുകൊൾക.

62 ദ്വാഭ്യാം യുക്ത സ്സപ്തവസ്ത്രസ്സതത്രാ
ബാണാശ്ശൈലാ ആകൃതിശ്ച ദ്വിജാശ്ച
ഏതേഷാന്ത്യാനാഡികാഃ ക്രൂപസംജ്ഞാഃ
നന്ദാദീനാം നിന്ദനീയാസ്തിഥീനാം.

വ്യാഖ്യാനം—ദ്വാഭ്യാംയുക്തഃ സപ്തവസ്ത്രഃ-51. സതത്രാഃ ബാണാഃ 30. ശൈലാഃ 7. ആകൃതിഃ 30. ദ്വിജാഃ—32. ഏതാസ്സ്വന്ത്യാഃ നാഡികാഃ എന്നു് അയ്മ്പത്തൊന്നാമത്തേത് 30-ാമത്തേതു് ഇപ്രകാരം സംഖ്യാപൂരണ നാഡിക നന്ദാദിതിഥികൾക്കു് ക്രൂപമാവും—നന്ദക്കു് 51. ഭദ്രക്കു 30. ജയക്കു 7. രിക്തക്കു 30. പൂർണ്ണക്കു 32 അന്നാഴികക്രൂപം. ഇങ്ങിനെ തിഥിക്രൂപം കണ്ടുകൊൾക.

63 തിഥിതാരക ക്രൂപനിമ്നനാഡീ
മഭിതൊദ്ധ ഘടികെ വിസജ്ജനീയെ
അവമത്യ നരസ്യ ദന്തരാളെ
വിചരൻ ക്രൂപ ഇവാവപാതമെതി

തിഥിതാരക ക്രൂപനിമ്നനാഡീം അഭിതഃദ്ധഘടികെ വിസജ്ജനീയെ. തിഥിക്രൂപത്തിനുടെയും താരകാ നിമ്നത്തിനുടെയും രണ്ടുപ്രാവും ഏറെറാണ്ടു നാഴിക വർജ്ജിക്കേണം. അവമത്യ തദന്തരാളെ വിചരൻ നരഃക്രൂപെ ഇവ അവപാതം എതി—അതിനെ ധിക്കരിച്ചിട്ടു നിമ്നകാലത്തിങ്കലും ക്രൂപകാലത്തിങ്കലും കമ്മങ്ങളെച്ചെയ്യുന്നവൻ ക്രൂപത്തിൽ വീഴുംവണ്ണം നാശത്തെ പ്രാപിക്കും. എന്നാൽ തിഥിക്രൂപത്തെയും താരകാനിമ്നത്തേയും വർജ്ജിക്ക.

64 ശനൈശ്ചരാത്സപ്തമമൃക്ഷ മാഹുഃ
* കാളം ബുധാസ്തും കഥയന്ത്യഥാന്യെ
അക്കാദിവാരെഷ്വ ഹിത്രുരസെന്ദു
നെത്രാംബുരാശീക്ഷണ സംഖ്യമംശം

* മന്ദാ ദ്വിംശതിഭം ഗണ്ഡം സപ്തമം കാളസംജ്ഞിതം—
എന്നു ചിലരുടെ പക്ഷം.

ബുധാഃ ശനൈശ്ചരാൽ സപ്തമം ഋക്ഷം കാളം ആഹുഃ—ശനിനി ന്ന നക്ഷത്രത്തിന്നുടെ ഏഴാംനക്ഷത്രത്തെ ബുധന്മാർ കാളമെന്നു ചൊല്ല ന്നു—അഥഅന്യെ അക്കാദിവാരേഷു അഹിഭ്രുരസെന്ദുനെത്രാം ഭൂരാശീ ക്ഷണസംഖ്യം അംശഃതം കഥയന്തി—മറു ചിലർ അക്കാദിവാരങ്ങ ളിൽ ഇച്ചൊല്ലിയ അംശത്തെ കാളമെന്നു ചൊല്ലുന്നോർ. ആദിത്യവാര ത്തിന്നാൾ എട്ടാമംശം ചന്ദ്രവാരത്തുന്നാൾ നടുത്തെ അംശം കുജവാരത്തു ന്നാൾ ആറാമംശം ബുധവാരത്തുന്നാൾ നടുത്തെ അംശം ഗുരുവാരത്തു ന്നാൾ രണ്ടാമംശം ശുക്രവാരത്തുന്നാൾ നാലാമംശം ശനിവാരത്തുന്നാൾ രണ്ടാമംശം. ചിലർ ഇച്ചൊല്ലിയ അംശങ്ങളെ കാളമെന്നു ചൊല്ല ന്നോർ.

65 ചക്രാദ്ധ്വ്യതിപാതമാഹുരിഹതച്ഛ്രിഷ്ടം യദൃക്ഷം രവൌ
പാതൈഃനാം ശകുതൊം ശകാദ്ധ്സഹിതാൽത്യക്തെ ത്രയൊ
വിംശതെഃ
അന്യെയാവ ദിനാത്തഭവത്യ ദിതിഭം താവത്ത തസ്മം വിദുഃ
കെചിത്തം സമയെ സ്വകീയഗണിത പ്രാപ്തെ വിനിശ്ചിനുവതെ

അംശകാദ്ധ്സഹിതാൽ ത്രയൊ വിംശതെഃ പാതൈഃനാം ശകുത രെ വൌത്യക്തെയൽ ഋക്ഷം ശിഷ്ടം ഇഹ തൽ ചക്രാദ്ധ് വ്യതിപാതം ആഹുഃ—അഞ്ചെ് രാശിയും ഇരുപത്തിമൂന്നര തീയതിയും വെച്ച അതിൽ ആദിത്യസ്ഫുടം കളഞ്ഞാൽ യാതൊരു നക്ഷത്രം വരുന്നത. അതിനെ ചക്രാദ്ധ്വ്യതിപാതം എന്ന ചൊല്ലുന്നു. അന്യെ ഇനാൽ അദിതിഭേയാ വൽ തരാഃതാവൽ താവൽ തംവിദുഃ അക്കന്നിന്ന നാൾ തൊട്ടെണ്ണി യാൽ എത്രാമത്തു പുണർതം വരുന്നു. പുണർതത്തൊട്ടു് അത്രാന്നക്ഷത്രത്തെ. മറു ചിലർ അതിനെ ചക്രാദ്ധ്വ്യതിപാതമെന്നു ചൊല്ലുന്നോർ. കെ ചിൽ സ്വഗണിതപ്രാപ്തെ സമയെതം വിനിശ്ചിനുവതെ—ചിലർ സ്വ പക്ഷത്തിംകലെ ഗണിതംകൊണ്ട വന്ന കാലത്തിംകൽ അതിനെ നി ശ്ചയിക്കുന്നോർ. യത്രചക്രാദ്ധ്യൊ ഭാഭവെത്തദ്ദിനം ദാനയോഗ്യം ശു ഭെഷ്വൽസ്യജെൽ. കർമ്മസതച്ച തസ്മാദധശ്ചൊത്തരഞ്ചാ ശുഭം വാസാര ണാത്രയംകെ ചിദാചക്ഷതെ. യത്രചക്രാദ്ധ്യോഗഃ ഭവെൽ തദ്ദിനം ദാന യോഗ്യം ശുഭെഷു തമസഃ ഉത്സൃജെൽ—യാതൊരു ദിവസം ചക്രാദ്ധ് യോഗം ഉണ്ടാകുന്നു. ആ ദിവസം ദാനയോഗ്യം. തൽ ചതസ്മാദധഃച ഉത്തരംച വാസരാണാം ത്രയം അശുഭം—ആ ദിവസവും അന്നുടെ നടെ ത്തെ ദിവസവും അതിനുടെ മേലേ ദിവസവും ഇവ മൂന്നു ദിവസവും ശു

ഭകേമ്മങ്ങൾക്കു് യോഗ്യമല്ല എന്നു ചൊല്ലുന്നോർ ചിലർ. ഇതികെ ചിൽ ആചക്ഷതെ—സ്ഫുടംചെയ്തു കണ്ടുകൊൾകം.

66 യത്ര ചക്രാർദ്ധയോഗോ ഭവേത്തട്ടിനം
ദാനയോഗ്യം ശ്രുഭേഷ്വേതുജേൽ കമ്മസു
തച്ച തസ്മാദ്ധശ്ചോത്തരഞ്ചാ ശ്രുഭം
വാസരാണാംത്രയം കേചിദാചക്ഷതേ-

ഗണിതവശാൽ ചക്രാർദ്ധയോഗം എന്നാളിൽ വരുന്ന അന്നാളം മുഴ വനും ദാനയോഗ്യമാകുന്നു. 'വ്യതിപാതേഷ്ടനന്തകം' എന്ന പ്രമാണ വശാൽ സ്നാന, ദാന, തപശ്ശ്രാദ്ധ, വ്രത, ഹോമാദികൾക്കു് ശ്രേയസ്കരം— വിവാഹാദികൾക്കു് ത്യാജ്യവുമാകുന്നു. ചക്രാർദ്ധയോഗത്തിന്റെ മുമ്പും പിമ്പുമുള്ള നാളംചേർത്തു് 3 ദിനം ത്യാജ്യമെന്നു് ചിലർ—

67 അക്ക്ഷോണീസുതാഭ്യാം ഭവതി ഗണനയാ നൈരൃതം യാനദസ്മാ-
ത്താവത്കൃത്യൗ താരകെ ദ്വേപ്രകൃമശ ഇഹമതെ കണ്ടകസ്ഥൂണ
സംജ്ഞെ
ആഭ്യാമാമൂലസംഖ്യാ ദ്വയയുതിഗണിതഃ കണ്ടകസ്ഥൂണനാമാ
രക്തസ്ഥൂണോവശിഷ്ടഃ ക്ഷിതിസുതരഹിതേ സിംഹധ്രുത്യംശ
കൈസ്യാൽ

അക്ക്ഷോണീസുതാഭ്യാം ഗണനയയാവൽ നൈരൃതം ഭവതിഃ അസ്മാൽ താവത്യൗ ദ്വെതാരകെ. ഇഹക്രമശഃ കണ്ടകസ്ഥൂണസം ജ്ഞമതെ—അദിത്യന്നിന്ന നക്ഷത്രമദാദി അയിട്ട മൂലത്തോളമെണ്ണി യാൽ എത്രസംഖ്യ ഉണ്ടാകുന്നു. മൂലന്തൊട്ട അത്രാന്നക്ഷത്രം കുണ്ടകമാ കുന്നത കുജന്നിന്ന നക്ഷത്രമാദിയായിട്ട മൂലത്തോളമെണ്ണിയാലെത്ര സം ഖ്യ ഉണ്ടാകുന്നു. മൂലന്തൊട്ട അത്രാന്നക്ഷത്രം സ്ഥൂണമാകുന്നത. ആ ഭ്യാം ആമൂലസംഖ്യം ദ്വയയുതി ഗണിതഃ കണ്ടകസ്ഥൂണനാമ — ആദി ത്യങ്കൽ നിന്ന മൂലത്തോളവും. കുജംകൽ നിന്ന മൂലത്തോളവും എണ്ണി യ സംഖ്യ രണ്ടും കൂടിയാൽ എത്ര ഉണ്ടാകുന്നു. മൂലന്തൊട്ടത്രാമത്തും ക ണ്ടകസ്ഥൂണം, സിംഹധ്രുത്യംശകെ ക്ഷിതിസുതരഹിതെ അവശിഷ്ടഃ രക്തസ്ഥൂണഃസ്യാൽ. ജ്ഞംനദഃ കവിഃ—എന്ന വെച്ചു അതിൽ കുജ സ്ഫുടം വാങ്ങിയാൽ ശേഷിച്ചതിന്ന വരുന്ന നക്ഷത്രം രക്തസ്ഥൂണം.

68 വ്യയെക്കോരാഹുവ്വാരി പുനിധനയൊശ്ശീതകിരണ-
ശ്ശുഭേ ഭൌമസ്സൌ മ്യൊനഭസിരിപു മൂത്യൊസ്സുരഗുരുഃ
കവിശ്ശുഭ്രേ വസതി തനയെ സൂര്യതനയൊ
ഗുഹന്തന്മൃത്യ്വാഖ്യന്നിഖില ശുഭകൊയ്ഷു വിസ്മൃജേൽ

യാതൊരു രാശിക്ക് പന്ത്രണ്ടാമടത്ത ആദിത്യന്താൻ രാഹു താൻ ആറാമടത്ത ചന്ദ്രന്താൻ അഷ്ടമത്തിൽ ചൊവ്വന്താൻ ഒമ്പതാമടത്ത കുജന്താൻ പത്താമടക്ക ബുധന്താൻ ആറാമടത്ത ഗുരുതാൻ അഷ്ടമത്തിൽ ഗുരുതാൻ ഏഴാമടത്തു ശുക്രന്താൻ അഞ്ചാമടത്ത ശനിതാൻ ഉണ്ടായിരിക്കുന്നു—ആ രാശി മൃത്യുരാശി. സർവ്വ കർമ്മങ്ങളിലും വർജ്ജിയ്ക്കുക.

69 ഭദൃശ്ചിത്രാ ശ്രൂർപ്പശക്രാംബു വിഷ്ണു
ക്ഷീരാധീശാബുധ്നൃ ഭസ്രാന്തരാശ്ച
ധാതാരുദ്രൌ ദേവസൂരപ്യജാദ്യൈ
ർന്മാസൈസ്സൃക്താ വത്സരാദ്ധ്യന മൃത്യും

ഏതെ അജാദ്യൈഃ മാസൈഃ യുക്താഃ വത്സരാദ്ധ്യ നമൃത്യുദ്യുഃ—മെഷമാസത്തിൽ ചിത്ര, ഇടവമാസത്തിൽ വിശാഖം, മിഥുനമാസത്തിൽ തൃക്കേട്ട, കർക്കടമാസത്തിൽ പൂരാടം, ചിങ്ങമാസത്തിൽ തിരുവോണം. കന്നിമാസത്തിൽ ചതയം, തുലാമാസത്തിൽ ഉത്തൃട്ടാതി, വൃശ്ചികമാസത്തിൽ അശ്വതി, ധനുമാസത്തിൽ ഭരണി, മകരമാസത്തിൽ രോഹിണി, കുംഭമാസത്തിൽ തിരുവാതിര, മീനമാസത്തിൽ പുണർതം. ഇച്ചൊല്ലിയ നക്ഷത്രങ്ങളിൽ ശുഭക്രിയ ചെയ്താൽ ആറു മാസത്തിലകം മരണം ഫലം.

70 ഗുരുരാഹഭാസ്കരാദീനപാരാം സ്ത്രീഗുണാനപിശൊധയെൽ ഭഗണാൽ
ശൈഷെനവരവിരസമിതതാരാഃ കാണദപിലൊചനാന്ധാഖ്യാഃ

ഗുരുഃ ആഹ— ബൃഹസ്പതി ചൊല്ലുന്നു—ഭാസ്കരാദീൻ വാരാൻ ത്രീഗുണാൻ ഭഗണാൻ വിശൊധയെൽ—ആദിത്യവാരന്തുടങ്ങി അന്നെ വാരത്തോളം എണ്ണി ഉണ്ടായ സംഖ്യയെ മുന്നിൽ ഗുണിച്ചു ഇരിപത്തേഴിൽ കളക. ശേഷേന വരവിരസമിതതാരാഃ കാണദപിലൊചനാന്ധാഖ്യാഃ—ശേഷം ഒന്നുതുടങ്ങി ഒമ്പതോളവും ഒരു മിഴി, പത്തു തുടങ്ങി ഇരിപത്തൊ

ന്നോളവും രണ്ടുമിഴി, ഇരിപത്തുരണ്ടുതുടങ്ങി ഇരിപത്തേഴോളവും അന്ധങ്ങൾ. *

71 അക്കാരുദ്ധനാഡികാമുഭയതൊ രാമാഗ്നിഷൾ താരകാ
നാഡ്യൊന്ധെകട്ടഗക്ഷിയുഗകലിതാഃ കാണാസ്ത്രിസ്രഃ പരാഃ
വാരാൻ ഭാനീചതട്ടിനാന്ത്യ മഭിയുജ്യാംകാപ്തശിഷ്ടാസ്സട്ട–
ക്കാണാന്ധായുഗലൊകലോചനമിതാ സ്താരാപ്രദിഷ്ടാഃ പരൈഃ

അക്കാരുദ്ധ ഭനാഡികാം ഉഭയതഃ രാമാഗ്നിഷൾ താരകാഖ്യാഃ നാഡ്യഃ അന്ധൈകട്ടഗക്ഷിയുഗകലിതാഃ—ആദിത്യന്നിന്നക്ഷത്രത്തിനുടെ രണ്ടു പുറവും കീഴും മേലും രാമതാരാനാഡികൾ എന്ന നൂറെൺപതു നാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ അന്ധങ്ങൾ. പിന്നെ അതിന്നു മേൽ രണ്ടുപുറവും നൂറെൻപതുനാഴിക കഴിവോളവും ഉള്ള നക്ഷത്രങ്ങൾ ഏകനേത്രനക്ഷത്രങ്ങൾ, പിന്നെ അതിന്നുമേൽ രണ്ടുപുറവും മുന്നൂറിഅറുപതു നാഴിക കഴിവോളമുള്ള നക്ഷത്രങ്ങൾ ദ്വിലോചനങ്ങൾ. പരാഃ തിസ്രഃ കാണാഃ—പിന്നെ ശേഷിച്ച നൂറെണ്ണൂറു നാഴികയുടെ നക്ഷത്രങ്ങൾ ഏകനേത്രങ്ങൾ. ഇങ്ങിനെ അക്കന്നു മിഴി. പിന്നെ ചന്ദ്രന്നു മിഴി ചൊല്ലുന്നു — വാരാൻ ഭാനിചതട്ടിനാന്തം അഭിയുജ്യംകാപ്തശിഷ്ടാഃ യുഗലോകലോചനമിതാഃ തരാഃ സട്ടക്കാണാന്ധാഃ പരൈഃ പ്രദിഷ്ടാഃ—ആദിത്യവാരമാദി ആയി അന്നെയൊളമുള്ള വാരവും അശ്വതി ആയി അന്നെയോളമുള്ള നക്ഷത്രങ്ങളേയും എണ്ണിക്കൂട്ടി ഒമ്പതിൽ ഹരിച്ചശേഷം നാലിന്നു രണ്ടുമിഴി, രണ്ടിന്നു ഒരു മിഴിയുമില്ല.

ഉഷ്ണശിഖ ചൊല്ലുന്നു—

72 അശ്വിന്യാദിഷുഭേഷു–ജാളിമകരപ്രാപ്താംശകാന്തെ ക്രമാ
ദംശാൽസ്മരബാണരന്ധ്ര ഘടികാസ്തദ്വദ്വി ശാഖാദിഷു
മെഷാംശസ്യമുഖെഷ്ടകോർപ്പി മൃഗയോരംശാവസാനെഷ്ടദിങ്
നാഡീരുഷ്ണശിഖാഹ്വയാഃ പരിഹരെത്സവ്വെഷു കാര്യെഷ്വപ

അശ്വിന്യാദിഷുഭേഷു അജാളി മകരപ്രാപ്താം ശകാന്തെക്രമാൽ

---

* അന്ധേ വന്ധ്യാ ഭവേന്നാരീ ബധിരേ വിധവാസുതാ
പംഗ്വേ ദുർഭഗാനാരീ ലഗ്നദോഷാഃ വിവാഹകേ.
മേഷോക്ഷ സിംഹാനകതാന്ധാഃ ദിവാന്ധാസ്യൂയുഗേന്ദവഃ
കുംഭാന്ത്യൗ ബധിരൌസന്ധ്യൗഃ പംഗ്വഃ പ്രാതസ്തുലാലീനൌ–എന്നുണ്ട്.

അംശാദ്ധ്സ്മരബാണരന്ധ്രഘടികാഃ ഉഷ്ണശിഖാഹ്വയാഃ—അശ്വിന്യാദിന
ക്ഷത്രങ്ങളിൽ എല്ലാടത്തും വരുന്ന മെഷാംശത്തിന്റെ ഏഴരനാഴികക്ക
മേൽ ഉള്ളെടം ഉഷ്ണശിഖ. വൃശ്ചികാംശത്തിന്റെ പത്തു നാഴികക്കുമേൽ
ഉഷ്ണശിഖ. മകരാംശകത്തിന്റെ ആറുനാഴികക്ക മേലെടം ഉഷ്ണശിഖ, ഇ
ങ്ങനെ ചോതിയോളം. വിശാഖാദികളിൽ, മെഷാംശസ്യ മുഖെ അഷ്ട—
മെഷാംശത്തിന്നാദിയാലെട്ട. കോർപ്പിമൂഗയോഃ അംശാവസാനെ അഷ്ട
ദിങ്നാഡീഃ — വൃശ്ചികാംശത്തിലൊടുക്കത്തിലെട്ട. മകരാംശകത്തിൽ
ഒടുക്കത്തിൽ പത്തു നാഴിക. തദ്വൽ വിശാഖാദിഷു—വിശാഖാദിക
ളിൽ ഇച്ചൊല്ലിയ നാഡികൾ ഉഷ്ണശിഖ. ഇതിനെ സർവ്വ കാര്യങ്ങളിലും
വർജ്ജിക്കം.

73 ഋക്ഷാത്സൂര്യാത്മജാക്രാന്താ ദ്വിംശം ഗണ്ഡം പ്രചക്ഷതെ
ദ്വിചതുരിംശദിത്യുക്ത്വാ ദ്വൊഷാസ്ത്യാജ്യാശ്ച ഭൈഷജീ

സൂര്യാത്മജാക്രാന്താൽ ഋക്ഷാൽ വിംശം ഗണ്ഡം പ്രചക്ഷതെ—ശനി
നിന്ന നക്ഷത്രത്തിന്റെ ഇരിപതാംനക്ഷത്രം ഗണ്ഡമാകുന്നത്—ഇതി ഉ
ദ്വിചതുരിംശൽ ദ്വോഷാഃ അമീഷ്വഭൈഷജ്യത്യാജ്യാഃ—ഇങ്ങനെ ചൊല്ലിയ
നാല്പത്തിരണ്ടു ദോഷങ്ങളും ശുഭകർമ്മങ്ങളിൽ വർജ്ജിക്കേണം.

74 കർത്തൃജന്മാദികാസ്താരകാഃകീർത്തിതാ
ജന്മസംപദ്വിപൽ ക്ഷേമകൂൽപ്രത്യരഃ
സാധകൊഥോ വധൊഽത്രമന്യൽപരം
മൈത്രമിത്യേവമന്യാഃ പുനശ്ചക്രമാൽ

കർത്തൃജന്മാദികാഃ ഏവം കീർത്തിതാഃ—കർത്താവിന്റെ ജന്മനക്ഷത്ര
മാദി ആയുള്ളവറിന്ന ക്രമത്താലെ ഇങ്ങനെ നാമങ്ങൾ. ജന്മ, സംപൽ,
വിപൽ, ക്ഷേമം, പ്രത്യരം, സാധകം, വധം, മൈത്രം, ഇങ്ങനെ പി
ന്നെ-ദ്വിതീയ ജന്മർക്ഷത്തിങ്കൽ നിന്നുമിങ്ങിനെ. തൃതീയ ജന്മർക്ഷ
ത്തിങ്കൽ നിന്നുമിങ്ങിനെ.

75 ജന്മവിപൽപ്രത്യരവധ ജന്മാഷ്ടമരാശി താരകാസ്ത്യാജ്യാഃ
സാഷ്ടമഗൃഹാശ്ചൈഷുത്യജന്തി ഷഷ്ഠവ്യയെ ച്ചാന്യെ

ജന്മനക്ഷത്രവും വിപന്നനക്ഷത്രവും പ്രത്യരനക്ഷത്രവും വധനക്ഷ
ത്രവും ജന്മാഷ്ടമരാശിക്ഷത്രവും ജന്മാഷ്ടമരാശിയും ലഗ്നാഷ്ടമരാശിയും ഇവ

സവ്യകർമ്മങ്ങളിലും വർജ്ജിക്കുക, അന്യേഷഷ്ഠവ്യയൈരന്യേ ത്യജന്തി—മറ്റു ചിലർ ഷഷ്ഠവ്യയങ്ങളെയും ത്യജിക്കുന്നോർ.

76 അഷ്ടാശീതിതമോയസ്മിഞ്ജന്മാദിഗണനയാ ഭവതി-
വൈനാശികന്തു ഭക്ഷന്ത്യജന്തികേ ചിത്തമേവാംശം

യസ്മിൽ ജന്മാദിഗണനയാ അഷ്ടാശീതിതമ: അംശഃ ഭവതിതൽ ഭക്ഷം വൈനാശികം ത്യജന്തി-കർത്താവിന്റെ ജന്മനവാംശമാദി ആയി എണ്ണീട്ടു എൺപത്തെട്ടാംന്നവാംശം യാതൊരു നക്ഷത്രത്തിന്മേൽ വരുന്നു. അന്നക്ഷത്രം വൈനാശികനക്ഷത്രം, അതിനെ ഒക്കെ വർജ്ജിക്കുന്നോർ ചിലർ. കേചിൽതം അംശം മേവ ത്യജന്തി—ചിലർ ആ അംശമേവ വർജ്ജിക്കുന്നോർ.

77 സംപ്രാപ്തേ പരിഘാദിയോഗനവകേ പൈത്രാഹി പുഷ്യാദിതി
ത്രാഷ്ടേഭ്യോശ്വിഭതസ്തുഷാരരുചിഭാന്മൂലാച്ച മൈത്രാദപി
പ്രാക്പശ്ചാച്ച യഥാക്രമം വിഗണിതേ താരാഗണേസംഖ്യയാ
ചന്ദ്രാക്കാശ്രിതതാരകൈയദിസമേ ദോഷോയമേകാഗ്രള:

പരിഘാദിയോഗനവകേ സംപ്രാപ്തേ-പൈത്രാഹിപുഷ്യാദിതി ത്രാഷ്ടേഭ്യഃ, അശ്വിഭത: തുഷാരരുചിഭാൽ. മൂലാൽച, മൈത്രാൽ അപി പ്രാക്പശ്ചാൽച, യഥാക്രമം താരാഗണേ വിഗണിതേ ചന്ദ്രാക്കാശ്രിത താരകൈ സംഖ്യയാ സമേയദി ഏകാഗ്രള: അയംദോഷഃഭവതി—ചന്ദ്രാക്കയോഗഞ്ചെയ്താൽ-പരിഘാദിഭിഷ്ട നിത്യയോഗങ്ങൾ ഒമ്പതു വന്നാൽ, പൈത്രാദിനക്ഷത്രങ്ങളൊമ്പതും തൊട്ടു ക്രമത്തിന്നു തക്വണ്ണം മേൽപട്ടം കീഴ്പട്ടം ചന്ദ്രന്നിന്നോളവും അക്കനിന്നോളവുമെണ്ണിയാൽ സംഖ്യകൊണ്ടു ചന്ദ്രന്നിന്നനാളും അക്കനിന്നനാളും ഒത്തുവരികിൽ, ഇതു ഏകാഗ്രള മാകുന്ന ദോഷം. പരിഘത്തിന്നു മകം, വ്യതീപാതത്തിന്നു ആയില്യം, വജ്രത്തിന്നു പൂയം, വ്യാഘാതത്തിന്നു പുണർതം, വൈധൃതത്തിന്നു ചിത്ര വിഷ്കുംഭത്തിന്നു അശ്വതി, ശൂലത്തിന്നു മകീരം, ഗണ്ഡത്തിന്നു മൂലം അതിഗണ്ഡത്തിന്നു അനിഴം ഇങ്ങിനെ ക്രമം.

78 കുംഭോന്ത്യവൃഷവീണാജസ്രൂകീടൃ വണിഗശ്വിനഃ
കർക്കീമൃഗോമൃഗെന്ദ്രശ്ച പൈത്രാദൌ ശൂന്യരാശയഃ

പൈത്രമാസത്തിൽ കുംഭം ശൂന്യരാശി, വൈശാഖമാസത്തിൽ മീനം, ജ്യേഷ്ഠമാസത്തിൽ ഇടവം, ആഷാഢമാസത്തിൽ മിഥുനം, ശ്രാവ

ണമാസത്തിൽ മേടം, ഭാദ്രപദമാസത്തിൽ കന്നി, ആശ്വയുജമാസത്തിൽ വൃശ്ചികം, കാർത്തികമാസത്തിൽ തുലാം, മാർഗ്ഗശീർഷമാസത്തിൽ ധനുരാശി, പൌഷമാസത്തിൽ കർക്കടകം; മാഘമാസത്തിൽ മകരം, ഫാല്ഗുനമാസത്തിൽ കുംഭം, ഇവ ശൂന്യരാശികൾ. ഇവ ശുഭകർമ്മങ്ങൾക്കു വർജ്യം

79 കാദ്യൈചിത്രാദ്ധ്വിശാനിലഭമഭദിതിംഭാഗ്യ വസ്വൃക്ഷകേവാ
വിശ്വർക്ഷൈവാശ്വിനാന്ത്യ ശരകൃതിമിതിഭം സൊമപിത്രഗ്നി-
പുഷ്യാഃ
ബുധ്ന്യർക്ഷൈന്ദ്രാഗ്നിമിത്രാൻ പ്രഥമരവിശിവാൻ വിഷ്ണുമൂലെ-
യമെന്ദ്രൌ
ശൂന്യാസ്താരാഃക്രമേണ ത്യജതുപദമിതാമാസ്സു ചൈത്രാദികേഷു.

ചൈത്രാദികേഷുമാസ്സുക്രമേണപദമിതാഃ ശൂന്യാഃതാരാഃ ത്യജതു—ചൈത്രാദിമാസങ്ങളിൽ ക്രമത്താലെ പദമിതങ്ങളായിരിക്കുന്ന ഇന്നക്ഷത്രങ്ങളെ വർജ്ജിക്ക—കാദ്യൈ—ചൈത്രമാസത്തിൽ രോഹിണിയും അശ്വതിയും, ചിത്രാദ്ധ്വിശാനിലഭം—വൈശാഖമാസത്തിൽ ചിത്രയും പൂയവും ഉത്രാടവും ചോതിയും, അമരസൂഃ—ജ്യേഷ്ഠമാസത്തിൽ പൂണർതം. ഭാഗ്യവസ്വൃക്ഷകെ—ആഷാഢമാസത്തിൽ ഉത്രവും അവിട്ടവും. വാദ്ധ്വിശ്വർക്ഷെ—ശ്രാവണമാസത്തിൽ പൂരാടവും ഉത്രാടവും. വാശ്വിനാന്ത്യ ന്തെ—ഭാദ്രപദമാസത്തിൽ, ചതയവും ഇരവതിയും. ശരകൃതിമിതഭം-ആശ്വയുജമാസത്തിൽ മകീരവും പൂരാടവും സോമപിത്രഗ്നിപുഷ്യാൻ—കാർത്തികമാസത്തിൽ മകീരവും മകവും കാർത്തികയും പൂയവും. ബുധ്ന്യർക്ഷൈന്ദ്രാഗ്നിമിത്രാൻ—മാർഗ്ഗശീർഷമാസത്തിൽ ഉത്രട്ടാതി വിശാഖം അനിഴം. പ്രഥമരവിശിവാൻ പൌഷമാസത്തിൽ അശ്വതി അത്തം തിരുവാതിരയും വിഷ്ണുമൂലെ—മാഘമാസത്തിൽ തിരുവോണം മൂലവും. യമെന്ദ്രൌ ഫാല്ഗുനമാസത്തിൽ ഭരണിതൃക്കേട്ടയും, ഇവ ശൂന്യനക്ഷത്രങ്ങൾ.

80 ഷഡംബാണക്ഷ കുലാദ്രിപങ്ത്യബ്ധിദിഗ്ശാത്രിമഹേശസ്വര
ക്ഷൊണീലോചനപാവകാഷ്ടനവസംഖ്യാതെഷു മാസെഷ്വപി
ശൂന്യാദ്യാഃ പ്രഥമാദികാസ്തിഥയഃ പക്ഷെ സിതേകീർത്തിതാ
സ്ത്യാജ്യാഃ പഞ്ചദശക്രമേണ ഖലുതാഃ കൃഷ്ണേദ്വിതീയാദയഃ

ഷൾ—ഭാദ്രപദമാസത്തിൽ പൂർവ്വപക്ഷത്തിൽ പ്രതിപദം. അപരപക്ഷത്തിൽ ദ്വിതീയ. ബാണ—ശ്രാവണമാസത്തിൽ പൂർവ്വപക്ഷ

ത്തിൽ ദ്വിതിയ—കൃഷ്ണതൃതിയ. അക്കഫാല്ഗുനമാസത്തിൽ ശുക്ലതൃതിയ. കൃഷ്ണചതുർത്ഥി, കുലാദി—ആശ്വയുജമാസത്തിൽ ശുക്ലചതുർത്ഥി. കൃഷ്ണപഞ്ചമി. പങ്ക്തിഃ—പൌഷമാസത്തിൽ ശുക്ലപഞ്ചമി കൃഷ്ണഷഷ്ഠി, ഉദധിഃ—ആഷാഢമാസത്തിൽ ശുക്ലഷഷ്ഠി, കൃഷ്ണസപ്തമി, ദിക്—പൌഷമാസത്തിൽ ശുക്ലസപ്തമി. കൃഷ്ണാഷ്ടമി, ധാത്രീ—ചൈത്രമാസത്തിൽ ശുക്ലാഷ്ടമി, കൃഷ്ണനവമി. മഹേശഃ മാഘമാസത്തിൽ ശുക്ലനവമി കൃഷ്ണദശമി സ്വരഃ—ആശ്വയുജമാസത്തിൽ ശുക്ലദശമി. കൃഷ്ണൈകാദശി, ക്ഷോണീ ചൈത്രമാസത്തിൽ ശുക്ലൈകാദശി, കൃഷ്ണദ്വാദശി, ലോചനഃ—വൈശാഖമാസത്തിൽ ശുക്ലദ്വാദശി കൃഷ്ണത്രയോദശി, പാവകഃ—ജ്യേഷ്ഠമാസത്തിൽ ശുക്ലത്രയോദശി. കൃഷ്ണചതുർദ്ദശി. അഷ്ട—കാർത്തികമാസത്തിൽ ശുക്ലചതുർദ്ദശി കൃഷ്ണപഞ്ചദശി, നവ മാർഗ്ഗശീർഷമാസത്തിൽ ശുക്ലപഞ്ചദശി. കൃഷ്ണപ്രതിപദം. ഇവ ശൂന്യതിഥികൾ.

81 പൌഷോമാസശ്രുന്യ ഇതി കൈശ്ചിദ്ദേ ശേഷുകേഷ്വചിൽ
വർജ്യതെശുഭകോയ്വേഷു വിവാഹെതു വിശേഷതഃ

കേഷുചിൽ ദേശേഷു കൈശ്ചിൽപൌഷഃ മാസഃ ശൂന്യഃ ഇതിശുഭകാര്യേഷു വർജ്യതെ—ചില ദേശങ്ങളിൽ ചിലരാൽ പൌഷമാസം ശൂന്യമെന്നിട്ട ശുഭകാര്യങ്ങളിൽ വജ്ജിക്കപ്പെടുന്നു. വിവാഹേതു വിശേഷതഃ—വിവാഹത്തിന്നു വിശേഷിച്ചും വജ്ജിക്ക.

82 ഗുഹൈരനിന്ദ്രചിന്നുജ ഭാർഗ്ഗവൈർവ്വൈ
മുക്തഞ്ചയുക്തഞ്ച ഇയാസിതഞ്ച
ക്രമേണ ദഗ്ധം ജ്വലിതന്തുധൂക്ഷം
ധൂമായ മാനഞ്ച ശുഭേഷുജഹ്യാൽ.

അനിന്ദ്രചിന്നുജ ഭാർഗ്ഗവൈഃ ഗുഹൈഃ മുക്തഞ്ചയുക്തഞ്ച ഇയാസിതഞ്ച, യൽക്രമേണ ദഗ്ധം ജ്വലിതം ധൂമായമാനഞ്ച, തൽ ഋക്ഷം ശുഭേഷു ജഹ്യാൽ—ചന്ദ്രനും, ബുധനും, ശുക്രനും ഒഴിച്ചുള്ള ഗ്രഹങ്ങൾ ഇട്ടുകള. ആ രാശി ദഗ്ധരാശി. നിന്നരാശി ജ്വലിതം. ചെല്ലുവാനിരിക്കുന്നതു ധൂമായമാനം. * ഇവ ശുഭകർമ്മങ്ങളിൽ വർജ്ജിക്ക.

---

* ഭ്രപനഗാബ്ധിതത്ര മനവോ=ഷ്ടമ പാഠം.

83 ദ്വൗമാൽഷ്ഷോഡശ സപ്തതശ്ച മനവോ ജ്വാലാഭിരോരംകൃതം
വ്യാധിഃ കാന്തിമതോഷ്ടസംകൃതി ധൃതീരാഹുർമഹാകണ്ടകം
പാതാൽ പഞ്ചമമീശരാശ്ച പരിഘശ്ചുക്രാച്ച തിഥ്യുദ്ഭയൊ
ഒദോഷസൂര്യസുതാ ദ്വിശൽത്യകൃതയഃ ഖണ്ഡഃ സ്മൃതഃ പണ്ഡിതൈഃ

ദ്വൗമാൽഷ്ഷോഡശ സപ്തതശ്ച മനവഃ ജ്വാലാ—കുജന്നിന്നു നക്ഷത്രമാദി ആയി. പതിനാറ്, ഏഴ്, നാല്, ഇരുപത്തിനാലു്, പതിനാലാന്നാളം. ഇവറിന്നു ജ്വാല എന്നു പേർ. ഇരോഃ അംകുഭം വ്യാധിഃ—ഇരു നിന്നു് നക്ഷത്രമാദി ആയി ഒമ്പതാം നക്ഷത്രം. വ്യാധിഃ കാന്തിമതഃ അഷ്ടസംകൃതി ധൃതിഃ മഹാകണ്ടകം ആഹുഃ—ബുധന്നിന്നു നക്ഷത്രമാദി ആയി എട്ടാമതിനേയും ഇരിപത്തുനാലാമതിനേയും പതിനെട്ടാമതിനേയും മഹാകണ്ടകം എന്നു ചൊല്ലുന്നു. പാതാൽ ഠരശ്വരാഃ ച—പഞ്ചമം പരിഘഃ—രാഹുനിന്നു നാളം ആദി ആയി അഞ്ചാമതും 11-ാമതും പരിഘം ശുക്രാൽ ചതിഥ്യുദ്ഭയൊഃ ദ്വേഷഃ—ശുക്രന്നിന്നു നക്ഷത്രമാദി ആയി പതിനഞ്ചാമതും ഏഴാന്നക്ഷത്രവും ദ്വേഷമാകുന്നതു്. സൂര്യസുതാൽ ദ്വിശൽത്യകൃതയഃ പണ്ഡിതൈഃ ഖണ്ഡഃ സ്മൃതഃ—ശനിനിന്നു നക്ഷത്രമാദി ആയി പത്താമതും ആറാമതും ഇരിപതാമതും, ഇവ ഖണ്ഡമാകുന്നതു്.

84 സൌരോരാശിഷു സൂര്യസംക്രമണതശ്ചാന്ദ്രസ്തദർശാവധി
ർവ്വിജ്ഞേയസ്സിതപക്ഷ പക്ഷതിമുഖ സ്ത്രീംശദ്ഭിനസ്സാവനഃ
നാക്ഷത്രസ്സശിമണ്ഡലാദിതിമതാ മാസാശ്ചതുർദ്ധാക്രമാ
ദന്ത്യേഹസ്യുയ മാദ്യയൊശ്ചരമയോർദ്ധീകപഞ്ചനാഡീസ്ത്യജേൽ

സൌരഃ രാശിഷുസൂര്യസംക്രമണതഃ—രാശികളിലെ സൂര്യസംക്രാന്തികൊണ്ടു സൌരമാസം, ചാന്ദ്രഃ തു സിതപക്ഷ പക്ഷതിമുഖഃ തദർശാവധിഃ വിജ്ഞേയഃ—ശുക്ലപ്രതിപദമാദി ആയി അമാവാസ്യ അന്തമായ ഗ ചന്ദ്രമാസം. ത്രീംശദ്ഭിനഃ സാവനഃ—മുപ്പതു ദിവസം കൂടിയതു സാവനം. നാക്ഷത്രഃ ശശിമണ്ഡലാൽ—ചന്ദ്രൻ പന്ത്രണ്ടു രാശിയിലും നടന്നു കൂടിയാൽ നാക്ഷത്രം. ഇങ്ങിനെ നാലു പ്രകാരം മാസങ്ങൾ. ആദ്യയൊഃ അന്ത്യ അഹസ്യുയംത്യജേൽ—സൌരത്തിന്നും ചാന്ദ്രത്തിന്നും അന്ത്യത്തിംകൽ മൂന്നു ദിവസം വർജ്ജിക്ക. ചരമയൊഃ ദിക്പഞ്ചനാഡീസ്ത്യജേൽ—സാവനത്തിന്നും നാക്ഷത്രത്തിന്നും അന്ത്യത്തിംകൽ പതിനഞ്ചു നാഴിക വർജ്ജിക്ക.

85 അക്കേസ്ഥിരാൻ വിശതി വിഷ്ണു പദാഭിധാനാ
സ്തേദ്യഃ പരാംസ്തൃഷഡശീതി മുഖാശ്ചതസ്രഃ
സംക്രാന്തയസ്തൃജ മൃഗാനന തെഴലികക്കീൻ
ജ്ഞേയാഃ ക്രമാദുദ ഗവാഗപിഷു വായനാഖ്യാ

അക്കേസ്ഥിരാൻവിശതി വിഷ്ണുപദാഭിധാനാഃ—അക്കൻ സ്ഥിരരാശിയിലകത്തു പൂകുംപോൾ നാലു സംക്രാന്തികളും ഷഡശീതിമുഖങ്ങളും, അജമൃഗാനന തെഴലികക്കീൻ ക്രമാൽ ഉദഗവാ ഗപിഷുവായനാഖ്യാഃ—ആദിത്തൻ മേടത്തിലകത്തു പൂകുന്ന സംക്രാന്തി ഉദഗപിഷുവം. മകരത്തിലകത്തു പൂകുന്ന സംക്രാന്തി ഉദഗയനം. തുലാത്തിലകത്തു പൂകുന്ന സംക്രാന്തി അവാഗപിഷ്ടവം. കർക്കടകത്തിലകത്തു പൂകുന്ന സംക്രാന്തി അവാഗയനം. ഇങ്ങിനെ

86 സെഴരോരവെർദ്ധാ ദശഭിസ്തമാസൈ
ശ്ചാരൈസ്തരൈഃ പ്രാകൃതസംജ്ഞിതൈനൃഃ
ജൈവസ്തു സൂര്യ്യാധിഷണോദയാദി
ർബ്ബുധൈ സ്ത്രീധൈതാം പരികല്പിതോബ്ദഃ

ചിൽ വക്ഷ്യാമി. ഇനി ബൃഹസ്പതി ചൊല്ലിയ യോഗങ്ങളാൽ ചിലവറെ ചൊല്ലുന്നുണ്ട്.

* 87 ദൃശ്യൈരുദാഹനിജ നൈർവ്വൃജതോ
യദാസ്തമന്യോന്യത: സ്മരഗതൈ ച യദായ്യുക്രൈ.
കമ്മാണിതത്രസമയേ ചശുഭാനികുയ്യാൽ
നൈവാരഭേത ശശിജേസ്തഗതേച വിദ്യാം

ഗുരുശുക്രന്മാർ പകലിൽ ദൃശ്യന്മാരായിരിക്കുമ്പോഴും അസ്തമനമായിരിക്കുമ്പോഴും സമസപ്തകമാകുമ്പോഴും ശുഭകർമ്മങ്ങൾ ചെയ്യാലാ. ബുധൻ അസ്തമനമായിരിക്കുമ്പോൾ വിദ്യാരംഭം ചെയ്യാല്ലാ.

88 പ്രാക്പശ്ചാദുദിതംരവേ ർഭ്രുസുതം ബാലം വദന്തിക്രമാൽ
ബാണദ്വീപദിനാനി വൃദ്ധമനയോ: അസ്തേദിനവ്യത്യയാൽ

* "ഗുരുശുക്രൌ യദാമൂഢം ഗച്ഛതോ ദോഷ തൌ തഥാ വിവാഹെ-വിധവാനാരിദിജന്മനി വടോർമൃതിഃ– ചൂഡാകൃതേ ശിശോർമ്മൃത്യുഃ സ്ഥാപനേ ദേശനാശനം യദാജീവസിതൌ ചക്രേ പരസ്പര മുദീക്ഷിതൌ സപ്തമസ്ഥൌ തദാ ദോഷോ മൂഢതാ ദതിരിച്യതേ"– എന്നു പ്രമാണമുണ്ട്.

ഉദ്വാഹേക്രമശോ ഗനാപുരുഷയോർഹന്താ സ ഏവംഹരഃ
സർവേഷാം ച തയോശ്ശിഷ്ടസുഖവിരതാ വിദ്വേഷിണീകമ്മണാം

കിഴക്കേടിക്കിൽ ഉദയാനന്തരം അഞ്ചുദിനവും പശ്ചിമദിക്കിൽ ഏഴുദിനവുംവരേ ബാലാവസ്ഥ. ശുക്രോബാല: വധൂഹന്താ വൃദ്ധശുക്രൻ വരഹന്താ. ഗുരുവിന്നുമിങ്ങിനെ. വൃദ്ധത്വം അസ്തമനത്തിന്നു മുമ്പേ അഞ്ചും ഏഴും ദിനങ്ങൾ എന്നു്. ഗുരുവിന്നു കിഴക്കിൽതന്നേ ഉദയം അസ്തമനം പടിഞ്ഞാറേ സംഭവിക്കയുള്ളൂ. എന്ന വിശേഷം.

89 നന്ദോനാമ ബലാന്വിതേ ശശിസുതേലഗ്നേസ്വരാശിസ്ഥിതേ
തദ്വദ്വാഗധിപേ ക്ഷിതേർഭൃസുതേ യോഗസ്തു ഭദ്രോഹ്വയഃ
ജൈവാഖ്യസ്തു തഥാവിധേ സുരഗുരൌ ശുക്രജ്ഞയോഃ കണ്ടകേ
വാഗീശേന്ദുജയോഃ ശ്രിതൈകഗൃഹയോർജ്ജീമൂത നാമാപരഃ

ശശിസുതേ ബലാന്വിതേ സ്വരാശിസ്ഥിതേലഗ്നേ നന്ദഃനാമ—ബുധൻ ബലവാനായി തന്നുടെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാകിൽ നന്ദയൊഗമുണ്ടു്. തദ്വൽ ഭൃസുതേ വാഗധിപേക്ഷിതേ ഭദ്രാഹ്വയഃയോഗഃ—ശുക്രൻ ബലവാനായി തന്നുടെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാകിൽ ജീവദൃഷ്ടിയോടും കൂടിയിരിക്കിൽ ഭദ്രയോഗം. തഥാവിധേ സുരഗുരൌ ശുക്രജ്ഞയൊഃ കണ്ടകേ ജൈവാഖ്യഃ—ഗുരുബലവാനായി തന്നുടെ ക്ഷേത്രത്തിൽ ലഗ്നത്തിലുണ്ടാവൂ. കേന്ദ്രത്തിൽ ബുധശുക്രന്മാരും ഉണ്ടാവൂ. അതു ജൈവയോഗം. വാഗീശേന്ദുജയൊഃ ശ്രിതൈക ഗൃഹയൊഃ ജീമൂതനാമാ അപരഃ—ഗുരുബുധന്മാരൊരു രാശിയിലെ ലഗ്നത്തിലുണ്ടാകിൽ ജീമൂതയോഗം.

90 യൊഗിന്യഃസ്ഥാവരാഖ്യാവപുഷിഭൃഗുജവാഗീശപരാഭ്യാംബലിഭ്യാ
ശുക്രജ്ഞാഭ്യാം ജയാഖ്യസ്ത്രീഭിരഥ വിജയൊനാമയോഗാധിരാജഃ
വിത്തെജീവസ്തന്തുജെ കവിശശിതനുജെ ഷഷ്ഠഗെക്ലേശഭാഖ്യാ
വാഗീശേന്ദുക്ഷ്മജെന്ദൈ സ്തനസഹജനഭഷ്ഠഷ്ഠ ഗൈർന്മംഗലാഖ്യഃ

വപുഷിബലാഭ്യാം ഭൃഗുജവാഗീശപരാഭ്യാം സ്ഥാവരാഖ്യഃ അന്യഃ യോഗഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധശുക്രന്മാരുണ്ടാകിൽ സ്ഥാവരയോഗം. ശുക്രജ്ഞാഭ്യാം ജയാഖ്യഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധശുക്രന്മാരുണ്ടാകിൽ ജയയോഗം. ത്രീഭിഃ അപി വിജയഃ നാമയോഗാധിരാജഃ—ലഗ്നത്തിൽ ബലവത്തുകളായിട്ടു ബുധഗുരുശുക്രന്മാരുണ്ടാകിൽ വിജയം യോഗാധിരാജൻ. ആവ-വിത്തെ ജീവഃ തന്തുജെ ക

വിശേഷിതന്തുജേ, ഷഷ്ഠഗേ അർക്കേ ശുഭാഖ്യഃ—രണ്ടാമടത്തു ഗുരുവും അഞ്ചാമടത്തു ബുധശുക്രന്മാരും. ആറാമടത്തു രവിയും ഉണ്ടാകിൽ ശുഭയോഗം. തനുസഹജന ഭഷ് ഫക്ഷുഗൈഃ വാഗീശേന്ദ്വർക്കമൈന്ദൈഃ മംഗലാഖ്യഃ—ലഗ്നത്തിൽ ഗുരു, മൂന്നാമടത്തു ചന്ദ്രൻ, പത്താമടത്തു രവി, ആറാമടത്തു മന്ദനും ഉണ്ടാകിൽ മംഗലയോഗം.

91 ബലശാലിനി സൽഗ്രഹൈതനൈ
സഹജാരാതിഭവൈഷു സൽഗ്രഹൈ
പ്രബലാഖ്യ ഇതീഹകീർത്തിതാ
ദശയോഗാശ്ശുഭദാഃ കരഗ്രഹൈ

ബലശാലിനി സൽഗ്രഹൈതനൈ സഹജാരാതി ഭവൈഷു പ്രബലാഖ്യം—ബലവാനായിരിക്കുന്ന ഗ്രഹഗ്രഹം ഉദയത്തിലുണ്ടാവൂ, മൂന്നാമടത്തും ആറാമടത്തും പതിനൊന്നാമടത്തും പാപഗ്രഹങ്ങളുണ്ടാവൂ. ഇത പ്രബലയോഗം. ഇതി ഇഹ കരഗ്രഹൈ ദശയോഗാഃ ശുഭദാഃ കീർത്തിതാഃ—ഇങ്ങിനെ ഇവിടെ വിവാഹത്തിനുകൾ ബൃഹസ്പതി പത്തു യോഗങ്ങളേയും ശുഭങ്ങളെന്നു ചൊല്ലി.

92 വയസി ബുധസ്സഹജേ കുജമന്ദൈഃ
ഭ്രുതനയൊ നിധനേ ഗുരുരസ്തേ
ദ്വിഷതിരവിശ്ച ഭവൈദ്യദിഷ്ട്യാ
പരിണയനെഽദ്ഭുതഃ കിലയോഗഃ

വയസിബുധഃ സഹജേകുജമന്ദൈഃ, നിധനേ ഭ്രുതനയഃ അസ്തേ ഗുരുഃ ദ്വിഷതിരവിഃ ച ഭവൈൽയദി പരിണയനെ അദ്ഭുതഃ യോഗഃകില—നാലാമടത്തു ബുധനും, മൂന്നാമടത്തു കുജമന്ദന്മാരും, അഷ്ടമത്തിൽ ശുക്രനും ഏഴാമടത്തു വ്യാഴവും ആറാമടത്താദിത്യനുമുണ്ടാകിൽ വിവാഹത്തിനുകൾ പെരികെ നല്ല യോഗം. ഇച്ചൊല്ലിയ യോഗം സംഭവിയാ.

93 ഉപനയന വിവാഹക്ഷൗര ക്രിയാദികാര്യേ
ഫലമുദിതമനിഷ്ടസ്ഥാന ഗൈർഗ്രഹൈന്ദ്രൈഃ
ഭവതി നതദനിഷ്ടം സൈാച്ചവർഗ്സ്ഥിതൈസ്തൈ-
രുദയമുദിതതത്ത ച്ഛുഭൈരാശിഗശ്ചാഹിതാ

ഉപനയനവിവാഹ ക്ഷൗരക്രിയാദികാര്യേ അനിഷ്ടസ്ഥാനഗൈഃ ഗ്രഹേന്ദ്രൈയൽഫലം ഉദിതം. സൈാച്ചവർഗ്സ്ഥിതൈഃ തൈഃതൽ അ

നിഷ്ടം ന ഭവതി—ഉപനയനം, വിവാഹം, അന്നപ്രാശനം. ഇങ്ങനെ തുടങ്ങി ഉള്ള കമ്മങ്ങളിൽ അനിഷ്ടസ്ഥാനത്തു നിൽക്കുന്ന ഗ്രഹങ്ങളെ ക്കൊണ്ടു യാതൊരു ഫലത്തെയുമില്ലുന്നു. സ്വോച്ചവർഗ്ഗസ്ഥിതന്മാരായിരി ക്കുംപോൾ അച്ചൊല്ലിയ അനിഷ്ടം ഭവിക്കുന്നതല്ല—യാതൊരു ഗ്ര ഹത്തെക്കൊണ്ടു ഒരനിഷ്ടഫലത്തെച്ചൊല്ലി. ആ ഗ്രഹം തന്നുടെ വർഗ്ഗത്തിൽ താൻ ഉച്ചത്തിൽ താൻ നിൽകിൽ അച്ചൊല്ലിയ അനിഷ്ടഫലം ഉണ്ടാക യില്ല. ഇദം ഉദിതതത്തച് ഛൗദ്ധീരാശീൻ ചഹിതപാ-ലഗ്നത്തിലെ ഗ്ര ഹത്തെക്കൊണ്ടു യാതൊരു അനിഷ്ടഫലത്തെ ചൊല്ലുന്നു, അതു സംഭവി ക്കും. അവയവകമ്മങ്ങൾക്കു ശുദ്ധമാകേണ്ടുന്ന സ്ഥാനത്തു നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു യാതൊരു ഫലത്തെ ചൊല്ലുന്നു. അതും സംഭവിക്കും.

94 ശ്ലോകൈർഗ്രഹാദിഭിരെകയുക്തൈ:
പഞ്ചാശതാ നിർമ്മിതമുത്തിരിത്ഥം
പ്രാപ്തസ്സമാപ്തം സമുഹൂർത്തശാസ്ത്രം
പാണിഗ്രഹാദ്ധ്യായ ഇഹാഷ്ടമോയം

ശുഭമസ്തു—

പരിഗ്രഹിപ്പാനും ഗജവാജിദർശനവിധൌ—ആന കാണ്മാനും കു തിര കാണ്മാനും. തൽ സംഗ്രഹാരൊഹയോ:—ആന കൊള്ളുവാനും കു തിര കൊള്ളുവാനും ആനമേൽ കയറുവാനും കുതിരമേൽ കയറുവാനും. സദ്മമായുധ കാമ്മുകാദി ഭരണ—കവചന്ധരിപ്പാൻ, ആയുധമെടുപ്പാൻ. വില്ലു തുടങ്ങിയുള്ളവ എടുപ്പാൻ. സപ്തന്നാദ്യമത്രാശനെ--പൊന്നിന്തളി കതുടങ്ങി ഉള്ള പാത്രങ്ങളിൽ ഉണ്മാൻ. നവെഷു എഷ്യകാലം അഖിലം ബാലാന്നഭക്ഷ്യാസമം—ഇച്ചൊല്ലിയ എല്ലാറ്റിന്നും അന്നപ്രാശനംപോ ലെ മുഹൂർത്തം.

95 ദേവപ്രതിഷ്ഠാ പനഭ്രമിപാല
രാജ്യാഭിഷേകാദി വിധാനശംസീ
സൈക: കൃതൊഷ്ടാദശഭിസ്സ പദ്യൈ
രെകാദശൊദ്ധ്യായ ഇഹൈഷപൂർണ്ണ:

സമാപ്തം.